22

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകൾ സർക്കുലറുകൾ

അധികാരം ജനങ്ങളിലേക്ക്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581

പ്രാദേശിക ഭരണനിർവഹണം

സർക്കാർ ഉത്തരവുകളും
സർക്കുലറുകളും

വോള്യം 22

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002

ഫാക്സ് :04872201062

ഇ-മെയിൽ : info@kila.ac.in

Website: www.kila.ac.in

KILA Helpdesk: 0487-2455000

പ്രാദേശിക ഭരണനിർവഹണം
സർക്കാർ ഉത്തരവുകളും സർക്കുലറുകളും

വോള്യം - **22**

ചീഫ് എഡിറ്റർ
ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

എഡിറ്റർ
ഡോ. ജെ.ബി. രാജൻ
അസോസിയേറ്റ് പ്രൊഫസർ, കില

അസോസിയേറ്റ് എഡിറ്റർ
വി.ജി. ശശീധരൻ
ഹെൽപ് ഡെസ്ക്, കില

സി. രാധാകൃഷ്ണൻ
ഹെൽപ് ഡെസ്ക്, കില

ജൂൺ 2018

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002

ഫാക്സ് :04872201062

ഇ-മെയിൽ : info@kila.ac.in
Website: www.kila.ac.in
KILA Helpdesk: 0487-2455000

ആമുഖം

തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ ഏറ്റവും സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്ന തീവ്ര യജ്ഞത്തിലാണ്. നവകേരള കർമ്മ പദ്ധതിയുടെ പ്രവർത്തനങ്ങളും ജനകീയാസൂത്രണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പ്രാദേശിക ഭരണം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുവാനുള്ള പ്രവർത്തനവുമായി മുന്നേറുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ വിവിധ തലത്തിലുള്ള പരിശീലനങ്ങൾ അനസ്യൂതം കിലയുടെ നേതൃത്വത്തിൽ നടത്തികൊണ്ടിരിക്കുന്നു. ഒപ്പം ഭരണ നിർവഹണത്തിന്റെ കാര്യക്ഷമതക്കായി സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് കില പ്രസിദ്ധീകരിക്കുന്നുമുണ്ട്.

ഇതുവരെ പ്രസിദ്ധീകരിച്ച 20 വോളിയങ്ങൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ നിന്ന് നല്ല സ്വീകാര്യതയാണ് ഉണ്ടായത്. 2015 – 16 മുതലുള്ള ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് 21 മുതൽ 26 വരെ വോള്യങ്ങളിലായി പ്രസിദ്ധീകരിക്കുകയാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവർക്കും ഇത് ഏറെ പ്രയോജനപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു.

ഈ സംരംഭത്തിന് മുൻകൈ എടുത്ത കിലയിലെ അസി. പ്രൊഫസർ ഡോ. ജെ ബി രാജൻ, കില ഹെൽപ് ഡെസ്കിലെ ശ്രീ. വി ജി ശശിധരൻ, ശ്രീ. സി. രാധാകൃഷ്ണൻ, ശ്രീ. ബാലഗംഗാധരൻ എന്നിവർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

കില

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

25.06.2018

പ്രാദേശിക ഭരണനിർവ്വഹണം

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

		ഉള്ളടക്കം	പേജ് നമ്പർ	
			മുതൽ	വരെ
വോള്യം - 21	1.	ജനപ്രതിനിധികൾ	19	22
	2.	ജീവനക്കാർ	37	116
	3.	പൊതുഭരണം	117	222
	4.	നികുതികൾ	223	242
	5.	ലൈസൻസുകൾ	243	264
	5.2.	മാലിന്യ നിർമ്മാർജ്ജനം	265	319
	6.	കെട്ടിട നിർമ്മാണം	320	358
	7.	ജനന മരണ വിവാഹ രജിസ്ട്രേഷൻ	359	369
വോള്യം - 22	8.	ധനകാര്യം ഓഡിറ്റ്	17	110
	9.	പൊതുമരാമത്ത് ആസ്തിസംരക്ഷണം	111	201
	10.	സാമൂഹ്യ ക്ഷേമം	202	273
	11.	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി - അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി	274	391
	12.	ഭവന നിർമ്മാണം	392	412
വോ-23	13.	ജനറൽ	16	60
	14.	പഞ്ചവത്സര പദ്ധതി	61	219
	15.	നവകേരള മിഷനുകൾ	220	462

സർക്കാർ ഉത്തരവുകളും സർക്കുലറുകളും

ഉള്ളടക്കം

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
8. ധനകാര്യം & ഓഡിറ്റ്				
8.1.1	01.12.2014	WP© 18911/2009(H) ലെ വിധി	സർചാർജ്ജ് ചെയ്യാതെ RR നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകാൻ - അധികാരമില്ല	17
8.1.2	16.04.2016	സ.ഉ.(ആർ.ടി.) 1466/2016/തസ്വഭവ	2016 - വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുക ചെലവഴിക്കുന്നതിന് അനുമതി	23
8.1.3	22.04.2016	സ.ഉ. (Rt) 1510/2016/തസ്വഭവ	കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കാൻ അനുമതി	26
8.1.4	30.04.2016	സ.ഉ. 1556/2016/ തസ്വഭവ	അങ്കൻവാടി ജീവനക്കാരുടെ അധികരിച്ച വേതനം തനത് ഫണ്ടിൽ നിന്നും നൽകുവാനും, വികസന ഫണ്ട് ലഭിക്കുമ്പോൾ റീക്യൂപ്പ് ചെയ്യാനും അനുവാദം	29
8.1.5	11.05.2016	സ.ഉ.(സാധാ) 1646/16/തസ്വഭവ	സാംഖ്യ സപ്പോർട്ട് സെൽ പുനർ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	31
8.1.6	11.08.2016	പരിപത്രം A.A.2/59/2016/ തസ്വഭവ	പെർഫോർമൻസ് ഓഡിറ്റ് - അധിക നിർദ്ദേശങ്ങൾ സംബന്ധിച്ച്	33
8.1.7	30.08.2016	സർക്കുലർ ഐ. ബി.1/275/2015/ തസ്വഭവ	ഐ.കെ.എം. ന് മെമ്പർഷിപ്പ് ഫീസ് അടയ്ക്കുന്നതിനുള്ള അനുവാദം	35
8.1.8	09.09.2016	സ.ഉ. (സാധാ) 2678/2016	ഓണാഘോഷത്തോടനുബന്ധിച്ച് അശരണർക്ക് ഓണസദ്യ നൽകുന്നതിന് തനത് ഫണ്ട് ചെലവ് ചെയ്യുന്നതിനുള്ള അനുവാദം	36
8.1.9	09.09.2016	സ.ഉ. (Rt) 2683/2016	അങ്കൻവാടി ജീവനക്കാരുടെ വേതനം 50% തുക തദ്ദേശസ്ഥാപന ഫണ്ടിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ച്	37

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
8.1.10	27.09.2016	സർക്കുലർ ഐ. ബി.1/270/2016/ തസ്വഭവ	ഐ.കെ.എം. ന് മെമ്പർഷിപ്പ് ഫീസ് അടയ്ക്കുന്നത് സംബന്ധിച്ച്	39
8.1.11	28.09.2016	സർക്കുലർ 280/സി.ഡി.3./16/ തസ്വഭവ	ഗാന്ധിജയന്തി ഗ്രാമ വികസന വാരം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്	40
8.1.12	30.09.2016	സർക്കുലർ നമ്പർ എ. സി.2/217/2016/ തസ്വഭവ	ഓഡിറ്റ് റിപ്പോർട്ട് - ന്യൂനത പരിഹാര നടപടി പത്രിക സമർപ്പിക്കുന്നതു സംബന്ധിച്ച്	45
8.1.13	07.10.2016	കെ.എസ്. എ.8292/എസ്.എസ്.3/ 2016	ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്	77
8.1.14	21.10.2016	സ.ഉ.(ആർ. ടി.)2920/16/തസ്വഭവ	അന്താരാഷ്ട്ര വ്യാപാരമേളക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകാൻ അനുവാദം	80
8.1.15	22.10.2016	സർക്കുലർ നമ്പർ AC2/241/16/തസ്വഭവ	പെർഫോർമൻസ് ഓഡിറ്റ് - പരിഷ്കരിച്ച നിർദ്ദേശങ്ങൾ	81
8.1.16	27.10.2016	G.O.(P) 38/2016/LSGD	14th Finance Commission – Guideline to operation of performance grant to LSGD	92
8.1.17	31.10.2016	G.O.(Rt) 2967/16/LSGD	Public function to declare Kerala as 100% ODF state – Utilisation of funds reg	95
8.1.18	03.11.2016	സർക്കുലർ നമ്പർ ജെ.1.33839/16/പഞ്ചായത്ത് ഡയറക്ടർ	സോഷ്യൽ ഓഡിറ്റ് നടത്തിപ്പുമായി പഞ്ചായത്തുകൾ നടത്തേണ്ട മുന്നൊരുക്കങ്ങൾ	96

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
8.1.19	21.11.2016	Circular No. 90/2016/Fin	Reconciliation of Local Government Accounts to Treasury Data - reg	98
8.1.20	31.01.2017	G.O.(P) 12/2017/Fin	Collection of of Govt. Money through all branches of e-trasury integrated banks – Approved - order	100
8.1.21	06.03.2017	സ.ഉ.(ആർ.ടി) 612/2017/തസ്വഭവ	ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ വേതന വർദ്ധനവ് സംബന്ധിച്ച്	108
8.1.22	11.05.2017	സ.ഉ.(ആർ.ടി.) 1646/16/തസ്വഭവ	സാംഖ്യ സപ്പോർട്ട് സെൽ പുനർ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ	109

9.പൊതുമരാമത്ത് & ആസ്തി സംരക്ഷണം

9.1.1	17.08.2015	ജി2-44274/15/പഞ്ചായത്ത് ഡയറക്ടർ	തെരുവ് വിളക്കുകൾ പരിപാലനം - പൊതു മാർഗ്ഗരേഖ	111
9.1.2	17.11.2015	സ.ഉ.(പി) 524/15/ധനവകുപ്പ്	അഞ്ച് ലക്ഷം രൂപ മുതലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെന്റർ നടപടികൾ ബാധകമാക്കി - ഉത്തരവ്	114
9.1.3	29.12.2015	സ.ഉ.(എം.എസ്) 366/15/തസ്വഭവ	KLGSDP - തദ്ദേശമിത്രം പദ്ധതി അംഗീകരിച്ച് ഉത്തരവ്	116
9.1.4	29.02.2016	G.O.(P) 30/2016/Fin	Execution of Public Works – Guidelines on estimate preparation using PRICE Software etc. – orders	126
9.1.5	19.03.2016	Circular No. 17/AA1/2016/LSGD	LSGD – Procurement of Goods and Services by Local Government Institutions – instructions issued	129
9.1.6	24.05.2016	Circular No. 3826/PMGSY SOR 2013/KSR RDA	PMGSY Standard data book – corrected data for calcuation	131

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
9.1.7	19.07.2016	G.O.(P) 73/2016/TD Gazette Notification	Authority to issue valuation certificate for flat and appartments	133
9.1.8	25.07.2016	സ.ഉ.(സാധാ) 2238/016/തസ്വഭവ	ഇലക്ട്രിക്കൽ സാധനങ്ങൾ ടെന്റർ നടപടികളിലൂടെ വാങ്ങുന്നതിന് അനുമതി	135
9.1.9	04.08.2016	G.O.(Rt) 2359/2016/LSGD	KLGSDP – Financial Assistance to Backward Local Government – Constitute of T.A.G. order issued	136
9.1.10	06.08.2016	G.O.(Rt) 2379/2016/LSGD	Display Details of works – activities on the boards undertaken by Grama Panchayat - Instructions	137
9.1.11	11.08.2016	G.O.(Rt) 2420/2016/LSGD	KLGSDP – Committee for initial vetting of the manual and other documents prepared under KLGSDP constituted	139
9.1.12	19.08.2016	സ.ഉ.(സാധാ) 2486/16/LSGD	തനതു റോഡുകളുടെയും കെട്ടിടങ്ങളുടെയും ക്രമമായ അറ്റകുറ്റപ്പണി നടത്താൻ - നയം, കർമ്മപദ്ധതി തയ്യാറാക്കാൻ കമ്മിറ്റി രൂപീകരിച്ച ഉത്തരവ്	140
9.1.13	20.08.2016	സ.ഉ.(ആർ.ടി) 2488/16/തസ്വഭവ	KLGSDP - പരിഷ്കരിച്ച പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂട് - നിർദ്ദേശങ്ങൾ അംഗീകരിച്ച ഉത്തരവ്	141
9.1.14	29.08.2016	G.O.(P) 124/2016/Fin	Award of work when quoted rate less than 75% of estimate value - clarification	143
9.1.15	19.09.2016	Circular No. 78/2016/Fin	Execution of Public Works – Guideline on estimate preparation	146
9.1.16	19.10.2016	സ.ഉ.(ആർ.ടി) 2904/16/തസ്വഭവ	ആസ്തികളുടെ വിവരങ്ങൾ മൊബൈൽ ആപ്പ് വഴി ശേഖരിക്കുന്നതിന് മൊബൈൽ ഫോൺ വാങ്ങുന്നതിനുള്ള ഉത്തരവ്	150
9.1.17	02.11.2016	സ.ഉ. (സാധാ) 2991/2016/തസ്വഭവ	സാങ്കേതികാനുമതി നൽകൽ - കൂടുതൽ നിർദ്ദേശം	151

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
9.1.18	03.11.2016	സർക്കുലർ നമ്പർ ഡി.ബി.3/6512/ സി/സി.ഇ./തസ്വഭവ	പൊതുമരാമത്ത് പ്രവൃത്തികൾ അടങ്കൽ തയ്യാറാക്കലും സാങ്കേതികാനുമതിയും സംബന്ധിച്ച നിർദ്ദേശം	152
9.1.19	08.11.2016	സ.ഉ.(സാധാ) 3949/2016/തസ്വഭവ	ടാർ വാങ്ങി നൽകുന്നതിനുള്ള പരിധി 30 ലക്ഷമാക്കി ഉയർത്തിയ ഉത്തരവ്	154
9.1.20	14.11.2016	സ.ഉ.(കൈ) 167//2016/തസ്വഭവ	സാംഖ്യ വെബ് ആപ്ലിക്കേഷൻ നടപ്പാക്കുന്നതിലേക്കായി ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കുന്നതിന് നിർദ്ദേശങ്ങൾ	155
9.1.21	17.11.2016	സ.ഉ. (സാധാ) 3119/2016/തസ്വഭവ	10% റോഡു പ്രവൃത്തികളിൽ 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ്	157
9.1.22	30.11.2016	G.O.(Rt) 9307/2016/Fin	World Bank Aided – KLGSDP – Authorization of Additional Financial Support to Backward Grama Panchayats - orders	159
9.1.23	30.12.2016	സർക്കുലർ 792455/ഇഡബ്ല്യുയു. 3/2016/തസ്വഭവ	തദ്ദേശ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിപ്പിക്കാൻ പാടില്ലെന്ന ഉത്തരവ്	194
9.1.24	09.02.2017	G.O.(P) 18/2017/Fin.	Execution of Public Works through Govt. Accredited Agencies - Guidelines	195
9.1.25	27.02.2017	സർക്കുലർ 114/ഡിഎ1 2017/തസ്വഭവ	മരാമത്ത് പ്രവൃത്തികൾ - ടാർ വാങ്ങുന്നത് സംബന്ധിച്ച്	198
9.1.26	01.03.2017	സ.ഉ.(സാധാ) 564/2017/തസ്വഭവ	മരാമത്ത് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം - ഉത്തരവ്	200

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
			10. സാമൂഹ്യക്ഷേമം	
10.1.1	01.08.2009	സ.ഉ. (എം.എസ്) 152/09/തസ്വഭവ	ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് സമിതി - മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ ചട്ടങ്ങളും റഗുലേഷനുകളും	202
10.1.2	01.04.2011	സർക്കുലർ 77737/FM1/2010/ തസ്വഭവ	മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികസനം, ബഡ്സ് സ്കൂൾ നിലവാരം മെച്ചപ്പെടുത്തൽ - നിർദ്ദേശങ്ങൾ	223
10.1.3	07.05.2016	സർക്കുലർ നമ്പർ 3/ICDS 6.4602/16	അങ്കൻവാടി ജീവനക്കാരുടെ വർദ്ധിപ്പിച്ച വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ	225
10.1.4	25.05.2016	സർക്കുലർ നമ്പർ 84/DB2/2016/തസ്വഭവ	സ്കൂളുകളിൽ പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്	226
10.1.5	15.07.2016	G.O.(MS) 282/2016/Fin	Enhancement of the minimum pension and limiting the entitlement to any one of the pensions – order	229
10.1.6	23.07.2016	G.O.(Rt) 6203/2016/Fin	Home Delivery of Social Security Pension – Survey by the Kudumbashree – Payment for the Survey and advance sanctioned	231
10.1.7	08.08.2016	Circular No. 67/2016/Fin	Social Security Pension – Enhancement of the Minimum Pension - Clarification	233
10.1.8	15.08.2016	G.O.(MS) 324/2016/Fin	Implementation of Home Delivery of Social Security Pension through Co-operative Banks and Co-operative Socities	234
10.1.9	18.08.2016	G.o.(Rt) 6818/2016/Fin	Social Security Pension of August 2016 – Advance pension for September 2016 – Disbursement through District Co-operative Bank and co-operative Banks	240

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
10.1.10	23.08.2016	സർക്കുലർ ജെ 4/20560/2016/തസ്വഭവ	അന്ത്യോദയ അന്നയോജന - ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച്	243
10.1.11	29.08.2016	G.O.(Rt) 7112/2016/Fin	Home delivery of Social Security Pension Survey by the Kudumbashree	246
10.1.12	29.08.2016	സ.ഉ. (ആർ.ടി) 2542/16/തസ്വഭവ	മഹിളാ കിസാൻ ശാക്തീകരൺ പരിയോജന ലേബർ ബാങ്ക് അംഗങ്ങൾക്ക് 2016-17 വർഷത്തെ ഇൻഷ്വറൻസ് പരിരക്ഷ	248
10.1.13	30.08.2016	G.O.(Rt) 7153/2016/Fin	Implementation of Home Delivery of Social Security Pension through Primary Agricultural Credit Socities and other Co-operatives payment of service charge	250
10.1.14	06.09.2016	G.O.(Rt) 7353/2016/Fin	Implementation of Home Delivery of Social Security Pension – orders modified	251
10.1.15	09.09.2016	G.O.(Rt) 7507/16/Fin	Implementation of Home Delivery of Social Security Pension through District Co-operative Bank, Primary Sector etc. – orders issued	252
10.1.16	16.11.2016	G.O.(Rt) 8969/16/Fin	Social Security Pension – Modification of Performance and guidelines for data collection	261
10.1.17	30.12.2016	G.O.(MS) 520/16/Fin	Social Security Pension – SMS – alert to the pensioners on the status of disbursement	264
10.1.18	21.01.2017	G.O.(MS) 34/2017/Fin	Social Security Pension – Eligibility conditions for pension – clalrifications – orders	267
10.1.19	06.02.2017	G.O.(MS) 67/2017/Fin	Social Security Pension – Streamlining the conditions for pension – modifications - orders	271

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം

11. മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

11.1.1	30.03.2015	Circular No. DD2/116/2015/LSGD	MGNREGS – 2015-16 – Areas that need focused attention reg.	274
11.1.2	03.03.2016	സ.ഉ.(കൈ) 47/16/തസ്വഭവ	MGNREGS - കരാർ ജീവനക്കാരുടെ കാലാവധി വർദ്ധിപ്പിച്ച ഉത്തരവ്	281
11.1.3	03.03.2016	സ.ഉ.(കൈ) 48/2016/തസ്വഭവ	MGNREGS - കരാർ ജീവനക്കാർക്ക് 10% വേതനം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്	282
11.1.4	05.06.2016	G.o.(Rt) 1689/15/തസ്വഭവ	MGNREGS– സേവാ സൊസൈറ്റികൾ രൂപീകരിക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ്	284
11.1.5	24.06.2016	സ.ഉ.(ആർ.ടി) 1985/16/തസ്വഭവ	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സംസ്ഥാന കൗൺസിൽ പുന:സംഘടിപ്പിച്ച് ഉത്തരവ്	289
11.1.6	07.09.2016	സ.ഉ.(എം.എസ്.) 127/2016/തസ്വഭവ	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച ഉത്തരവ്	292
11.1.7	08.09.2016	G.O.(Rt) 2648/16/LSGD	NREGA – Social Audit Society Kerala – Governing Body Constituted	294
11.1.8	05.10.2016	സർക്കുലർ നമ്പർ 279/ഡിഡി2/2016/ തസ്വഭവ	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ലേബർ ബഡ്ജറ്റിനെയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണം സംബന്ധിച്ച്	296
11.1.9	05.10.2016	G.O.(Rt) 2833/2016/LSGD	MNGREGA, Guideline for identification, training, development and payment benefoot technitions – order issued.	355
11.1.10	17.10.2016	G.O.(Rt) 2894/16/LSGD	Constitution of GEO MGNREGS working group – order issued	362
11.1.11	31.10.2016	G.O.(Rt) 2969/16/LSGD	MGNREGS - സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന ആസ്തികളും തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുന്നതിന് സഹായകരമായ പ്രവൃത്തികൾ കണ്ടെത്തുന്നതിന് അനുമതി	364

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
11.1.12	09.11.2016	സ.ഉ.(കൈ) 161/2016/തസ്വഭവ	MGNREGS - ജലസുഭിക്ഷ - സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി - മാർഗ്ഗരേഖ	366
11.1.13	20.02.2017	സ.ഉ.(കൈ) 41/2016/തസ്വഭവ	കരാർ ജീവനക്കാരുടെ നിയമനം - സംവരണ തത്വം പാലിക്കൽ	387
11.1.14	16.03.2017	സ.ഉ.(ആർ.ടി) 729/17/LSGD	MGNREGS, Setting up of Social Audit Society Kerala, Guidelines0	390

12. ഭവന നിർമ്മാണം

12.1.1	16.01.2016	സ.ഉ.(സാധാ) 156/2016/തസ്വഭവ	ഇന്ദിര ആവാസ് യോജന - യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചത് മൂലമുണ്ടായ അധികബാദ്ധ്യത - 75000/- രൂപ കൂടി അനുവദിച്ച ഉത്തരവ്	392
12.1.2	08.03.2016	സ.ഉ.(സധാ) 1222/16/തസ്വഭവ	ഹൗസിംഗ് ഫോർ ആൾ. 2022 - പദ്ധതി - കേരളത്തിൽ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	394
12.1.3	04.06.2016	സ.ഉ.(ആർ.ടി) 1842/16/തസ്വഭവ	ഇന്ദിര ആവാസ് യോജന പദ്ധതി - അധിക സംസ്ഥാന വിഹിതം 2016-17 ലെ വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സോക്ക്മെന്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച	400
12.1.4	28.06.2016	സ.ഉ. (MS) 2008/2016/തസ്വഭവ	ഇന്ദിര ആവാസ് യോജന - തറ വിസ്തീർണ്ണം പരമാവധി 66 M^2ൽ നിന്നും 25% വരെ അധികരിക്കുന്നതിന് അംഗീകരിച്ച ഉത്തരവ്	401
12.1.5	06.03.1995	സർക്കു / 22034/ei/LAD	ലാന്റ് റിലിൻക്വിഷ്മെന്റ് ആക്ട് സ്പഷ്ടീകരണം	402
12.1.6	06.08.2016	സ.ഉ.(MS) 110/2016/തസ്വഭവ	ഇന്ദിര ആവാസ് യോജന - തറ വിസ്തീർണ്ണം അധികരിച്ചത് അംഗീകരിച്ച ഉത്തരവ് പഞ്ചായത്ത് നടപ്പാക്കുന്ന മുഴുവൻ പദ്ധതികൾക്കും ബാധകമാക്കി	403

നമ്പർ	തിയ്യതി	ഉത്തരവ്/സർക്കുലർ നമ്പർ	വിഷയം	പേജ് നം
12.1.7	23.08.2016	സർക്കുലർ നമ്പർ ജെ.4.20560/2016/പഞ്ചായത്ത് ഡയറക്ടർ	അന്ത്യോദയ അന്നയോജന (എ.ഐ.വൈ.) പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച്	404
12.1.8	21.10.2016	സ.ഉ.(ആർ.ടി.) 2924/16/തസ്വഭവ	ഭൂരഹിത ഭവനരഹിതരെ കണ്ടെത്താൻ സർവ്വേ നടത്താനുള്ള ഉത്തരവ്	407
12.1.9	16.03.2017	സ.ഉ.(എം.എസ്.) 56/2017/തസ്വഭവ	ഇന്ദിര ആവാസ് യോജന - തറ വിസ്തീർണ്ണം 25% അധികരിച്ചതിന് അംഗീകാരം നൽകിയ ഉത്തരവ്	411
12.1.10	21.03.2017	സ.ഉ.(ആർ.ടി) 804/2017/തസ്വഭവ	ഇന്ദിര ആവാസ് യോജന - നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് അധിക ധനസഹായം	412

Kerala High Court
N.Bhaskaran vs The Director Of Local Fund Audit

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MR.JUSTICE ANTONY DOMINIC

THURSDAY, THE 17TH DAY OF JANUARY 2013/27TH POUSHA 1934

WP(C).No. 18911 of 2009 (H)

PETITIONER:

N.BHASKARAN, AGED 59 YEARS,
S/O. NARAYANAN,RESIDING AT SUBHASH BHAVANAM,
PUTHURMUKKU,KULAKKADA P.O.,KOTTARAKKARA,
KOLLAM DISTRICT.

BY ADVS.SRI.V.V.RAJA,
SRI.R.RANJITH.

RESPONDENTS:

---

1. THE DIRECTOR OF LOCAL FUND AUDIT,
   OFFICE OF THE DIRECTOR OF LOCAL FUND AUDITm
   VIKAS BHAVAN,TRIVANDRUM-33.

2. THE DEPUTY DIRECTOR OF PANCHAYATS,
   CIVIL STATION,KOLLAM.

3. THE DEPUTY DIRECTOR OF LOCAL FUND AUDIT,
   CLOCK TOWER BUILDING,CHINNAKKADA,KOLLAM.

4. KULAKKADA GRAMA PANCHAYAT,
   MAVADI P.O.,KOLLAM,REPRESENTED BY ITS SECRETARY.

5. THE DEPUTY TAHSILDAR (R.R.),
   TALUK OFFICE,KOTTARAKKARA.

Indian Kanoon - http://indiankanoon.org/doc/27580243/

N.Bhaskaran vs The Director Of Local Fund Audit

R1 TO R3 & R5 BY SR.GOVERNMENT PLEADER SRI. JOSEPH GEORGE,
R4 BY ADV. SRI.T.S.RAJASENAN.

THIS WRIT PETITION (CIVIL) HAVING BEEN FINALLY HEARD
ON 17-01-2013, THE COURT ON THE SAME DAY DELIVERED
THE FOLLOWING:

Prv.

W.P.(C). NO.18911/2009-H:

APPENDIX

PETITIONER'S EXHIBITS:

EXT.P.1: COPY OF THE CIRCULAR DTD. 05/01/1998 ISSUED BY THE SPECIAL SECRETARY, DEPARTMENT OF REVENUE.

EXT.P.2: COPY OF THE PROCEEDINGS DTD. 31/03/1998 OF THE DISTRICT COLLECTOR, KOLLAM.

EXT.P.3: COPY OF THE RESOLUTION NO. II (4) UNANIMOUSLY PASSED BY THE KULAKKADA GRAMA PANCHAYATH COMMITTEE ON 02/02/1999.

EXT.P.4: COPY OF THE RESOLUTION NO. II(5) UNANIMOUSLY PASSED BY THE KULAKKADA GRAMA PANCHAYATH COMMITTEE ON 02/02/1999.

EXT.P.5: COPY OF THE RESOLUTION NO. II (6) UNANIMOUSLY PASSED BY THE KULAKKADA GRAMA PANCHAYATH COMMITTEE ON 02/02/1999

EXT.P.6: COPY OF THE RELEVANT PROVISIONS OF AUDIT OBJECTIONS.

EXT.P.7: COPY OF THE EXPLANATION DTD. 25/09/2002 SUBMITTED BY THE PETITIONER TO EXHIBIT P.6.

EXT.P.8: COPY OF THE SURCHARGE CERTIFICATE DTD. 04/01/2003 ISSUED BY THE R.1.

EXT.P.9: COPY OF THE ERRATUM DTD. 18/10/2004 ISSUED BY THE R.1.

EXT.P.10: COPY OF THE ORDER DTD. 15/02/2007 PASSED BY THE DISTRICT COURT, KOLLAM IN O.P. NO.1/2005.

EXT.P.11: COPY OF THE STATEMENT OF OBJECTIONS DTD. 16/07/2007 SUBMITTED BY THE PETITIONER BEFORE THE R.1.

EXT.P.12: COPY OF THE PROCEEDINGS DTD. 29/10/2007 OF THE R.1.

EXT.P.13: COPY OF THE COVERING LETTER DTD 02/03/2007 ISSUED BY THE R.4.

EXT.P.14: COPY OF THE RELEVANT PAGES OF AUDIT OBJECTION FOR THE PERIOD 1999-2000.

EXT.P.15: COPY OF THE STATEMENT OF OBJECTION DTD. 03/10/2007.

EXT.P.16: COPY OF THE COMMUNICATION DTD. 13/06/2008 ISSUED BY THE R.3.

EXT.P.17: COPY OF THE REPRESENTATION DTD. 31/07/2008 SUIBMITTED BY THE PETITIONER.

EXT.P.18: COPY OF THE LIABILITY CERTIFICATE DTD. 29/03/2009 ISSUED BY THE R.4.

W.P.(C). NO.18911/2009-H:

EXT.P.19: COPY OF THE OBJECTION/ REPLY DTD. 30/04/2008 SUBMITTED BY THE PETITIONER.

EXT.P.20: COPY OF THE NOTICE ISSUED UNDER SECTION 34 OF THE REVENUE RECOVERY ACT.

EXT.P.21: COPY OF THE RESOLUTION NO.XII DTD. 10/10/2008 PASSED BY THE PANCHAYATH COMMITTEE.

RESPONDENTS' EXHIBITS: NIL.

//TRUE COPY//

P.A. TO JUDGE

Prv.

ANTONY DOMINIC,J

W.P.(C) No.18911 of 2009

Dated this the 17th day of January, 2013

JUDGMENT

Petitioner was the Secretary of the Kulakkada Grama Panchayath during the period from 21.06.1997 to 18.11.1999. Subsequently, he retired from service on 31.10.2004.

2. Ext.P1 is a circular issued by the Government of Kerala on 05.01.1998 regulating the mining of river sand and its distribution by the local bodies. In pursuance to Ext.P1, the District Collector issued circular Ext.P2 dated 31.03.1998 which interalia laid down the procedure to be followed for fixing the value of river sand. Clause 4 of this Circular provides that 50% of the value realised, shall be paid to the workers and that out of the balance, 25% each shall be paid to the Local Authorities and to the River Management Fund. This appropriation of the sale proceeds is in line with Clause 7 of Ext.P1 circular. W.P.(c) No.18911 of 2009

3. Despite the above provisions of Exts.P1 and P2, on 02.02.1999, the third respondent Panchayath passed Exts.P3 to P5 resolutions. For the reasons mentioned therein, the Panchayath resolved that 90% of the sale proceeds will be distributed among the workers. Audit was conducted as provided under Section 215 of the Panchayath Raj Act and in Ext.P6 audit report, which was served on the petitioner, loss on account of Ext.P3 to P5 was quantified. Accordingly, the petitioner was called upon to submit his explanation. Ext.P7 is the explanation submitted by the petitioner.

4. Thereafter, Ext.P8 surcharge certificate as provided under Section 215(a) of the Kerala Panchayath Raj Act was issued for the recovery of Rs.6,16,282/- for the period 1998-1999. Subsequently, Ext.P9 erratum was issued reducing the liability to Rs.4,43,875/-, the petitioner challenged the surcharge certificate by filing an appeal before the District Court. By Ext.P10 judgment, the District W.P.(c) No.18911 of 2009 Court allowed the appeal and the matter was remitted with a direction to hear and pass fresh orders. Subsequently, the petitioner was given Ext.P13 enclosing audit reports for the period from 1997-1998 to 1999-2000. As per Ext.P14, his liability was quantified at Rs.75,98,165/-. In the meanwhile, second respondent considered the matter afresh as directed in Ext.P10 judgment of the District Court and the objections raised by the petitioner were rejected.

5. Similarly, the objections raised against Ext.P14 were also rejected by Ext.P16. Ultimately, Ext.P18 liability certificate was issued indicating a liability of Rs.88,65,287/-. Based on the above, Ext.P20 notice under Sections 34 of the Revenue Recovery Act was issued demanding Rs.87,49,937/- and Ext.P21 is the resolution of the Kulakkada Grama Panchayath to recover the amount from the petitioner by Revenue Recovery proceedings. It is in these circumstances, the writ petition is filed challenging Exts.P6,P8, P9, P12, P13, P14, P16, P18, P20 and P21. W.P.(c) No.18911 of 2009

6. I heard the learned counsel for the petitioner and also the learned senior Government Pleader appearing for the respondents.

7. The loss which is now sought to be recovered from the petitioner was allegedly caused on account of Exts.P3 to P5 resolutions passed by the Panchayath. According to the respondents, this resolution, is an illegal one in as much as the resolution to pay 90% of the sale proceeds to the workers was against the upper limit of 50% specified in Exts.P1 and P2. It is stated that when an illegal resolution is passed, the Secretary had the statutory duty under the proviso to Section 182(iii) to request the Panchayath to review the resolution and express his views at the time of its review and if the Panchayath upholds the decision to refer the matter to the Government. It is stated that the petitioner failed in discharging this statutory duty and therefore is liable to make good the loss suffered by the Government.

W.P.(c) No.18911 of 2009

8. The proviso to Section 182(iii), which is relied on by the learned Government Pleader reads thus:

> Provided that where the Secretary is of opinion that any resolutions passed by the Panchayat has not been legally passed or is in excess of the powers conferred by this Act or any other Act or is likely, to endanger human life, health or public safety, if implemented, he shall request in writing to the Panchayath, to review the resolution and express his views at the time of its review by the Panchayat and if the Panchayat upholds its previous decision, the matter shall be referred to the Government after intimation to the President and if no decision of the Government is received within fifteen days, the said resolution shall be implemented and information thereof shall be given to the Government.

9. Reading of the proviso shows that where the Secretary is of the opinion that any resolution passed by the Panchayath has not been legally passed or is in excess of the parent Act or any other Act, he shall first request the Panchayath to review the decision. If the Panchayath still W.P.(c) No.18911 of 2009 proceeds with the resolution, he has a duty to refer the matter to the Government. However, insofar as, this case is concerned, even if it is assumed that the resolution was an illegal one attracting the proviso to Section 182(iii), nobody has a case that the petitioner either requested for review of Exts.P3 to P5 or referred the matter to the Government. Even if this position is upheld, the question that is to be considered is what is the consequence of such his failure. Section 182 does not provide for the consequences of its non-compliance. If loss is caused on account of passing of an illegal resolution, the method by which such loss is to be recouped, is provided under Section 215 of the Panchayath Raj Act. Section 215 provides for accounts and audit and sub Section 9 provides for recovery of loss and this provision reads thus:

> "The auditors shall, after giving a reasonable opportunity to the person concerned to explain his case, disallow every item of expenditure incurred contrary to law and surcharge the same on the person W.P.(c) No.18911 of 2009 incurring, or authorising the incurring of, such expenditure and may charge against any person responsible therefore the amount of any deficiency, loss or unprofitable outlay occasioned by the negligence or misconduct of that person or of any sum which ought to have been but is not brought into account by that person and shall, in very such case, certify the

amount due from such person.

Provided that no surcharge under this sub-section shall be made after a period of four years from the date on which the expenditure in question was incurred.

10. If one is to go by this provision, words of this Section are clear that if loss is caused, all those who are responsible for the loss are equally liable. If that be the position, for the loss that was allegedly caused on account of the implementation of Exts.P3 to P5 resolutions, the Secretary alone could not have been proceeded against only on the ground that there has been a failure on his part in complying with the proviso to Section 182(iii). Instead, W.P.(c) No.18911 of 2009 the authority should have proceeded against all those, who are responsible for the loss.

In that view of the matter, I am unable to sustain the recovery proceedings initiated against the petitioner alone. Therefore, I set aside the impugned proceedings and leave it open to the first respondent to take appropriate action for recovering the loss allegedly caused on account of the implementation of Exts.P2 to P5 from the persons, who are responsible for the same in accordance with the provisions of the Kerala Panchayath Raj Act and the Kerala Local Audit Fund Act, 1994.

The writ petition is disposed of as above.

Sd/-

ANTONY DOMINIC, JUDGE ln

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016ലെ വരൾച്ച - ദുരിതാശ്വാസ പ്രവർത്തനങ്ങൾ -- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1466/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 16.04.2016

പരാമർശം:- 1. സ.ഉ. (സാധാ)285/2016/ഡിഎംഡി തീയതി 26.03.2016.
2. സ.ഉ. (സാധാ)298/2016/ഡബ്ലിയു.ആർ.ഡി തീയതി 28.03.2016.

ഉത്തരവ്

മേൽ പരാമർശം (1) സർക്കാർ ഉത്തരവുപ്രകാരം 2016 ലെ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഇതേ ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിച്ചും മാർഗനിർദ്ദേശം നൽകിയും സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ തുടർച്ചയായി ജില്ലാ കളക്ടർമാർ വരൾച്ച ബാധിതമെന്നു പ്രഖ്യാപിക്കുന്ന / പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിൽ സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ മറ്റു വകുപ്പുകളോ ഏജൻസികളോ നടപ്പിലാക്കാത്ത, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ 31.05.2016 വരെ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	ചെലവാക്കാവുന്ന പരമാവധി തുക (ലക്ഷം രൂപ)
ഗ്രാമപഞ്ചായത്ത്	അഞ്ച് ലക്ഷം രൂപ
നഗരസഭ	പത്ത് ലക്ഷം രൂപ
മുനിസിപ്പൽ കോർപ്പറേഷൻ	ഇരുപത്തിയഞ്ച് ലക്ഷം രൂപ

2) പ്രസ്തുത പരമാവധി തുക തനത് നിധിയിൽ നിന്നോ പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ/റോഡിതര ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിപ്പെടുത്തലും തുടങ്ങിയവക്കായുള്ള നിധികളിൽ നിന്നോ പഞ്ചായത്ത് കമ്മിറ്റി/നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്.

3) **ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

4) പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാത്തരം പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭ/വാർഡു സഭകളിൽ സമർപ്പിച്ച ചർച്ച ചെയ്യേണ്ടതുമാണ്. ജലവിതരണം ചെയ്യുന്ന ടാങ്കർലോറികളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും, എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5) കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്.

1) കുടിവെള്ള വിതരണ പ്രവർത്തനവുമായി ബന്ധപ്പെട്ട നേട്ടം അവകാശപ്പെട്ട് ഇലക്ട്രോണിക്/ അച്ചടി/ റേഡിയോ/ ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ യാതൊരുവിധ പ്രചാരണ പ്രവർത്തനങ്ങളും പാടുള്ളതല്ല.
2) പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോഴോ പൊതുജനങ്ങളോടോ മാധ്യമങ്ങളോടോ സംസാരിക്കുന്ന അവസരങ്ങളിലോ രാഷ്ട്രീയനേതാക്കൾ പ്രസ്തുത പ്രവൃത്തിയെ പരാമർശിക്കാൻ പാടുള്ളതല്ല.
3) മേൽകുടിവെള്ള വിതരണപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, സംസ്ഥാനമന്ത്രിമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള യാതൊരു രാഷ്ട്രീയ പ്രവർത്തകരോ രാഷ്ട്രീയപാർട്ടികളോ ഇടപെടാൻ പാടുള്ളതല്ല.
4) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിച്ച മാതൃകാപെരുമാറ്റ ചട്ടത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ഐ. ഷേക്ക് പരീത്,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ ''സാംഖ്യ''യിൽ വരുത്തുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്/ റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liza

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും /നഗരകാര്യവും ന്യൂനപക്ഷക്ഷേമവും / ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിമാരുടെ പി.എസ്സിന്.
തദ്ദേശസ്വയംഭരണ സെക്രട്ടറി (ഗ്രാമവികസനം / നഗരകാര്യം) യുടെ പി.എസ്സിന്.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ദുരിതാശ്വാസ പ്രവർത്തനങ്ങൾ -- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. **1510/**2016/തസ്വഭവ തിരുവനന്തപുരം, തീയതി, 22.04.2016

പരാമർശം:- 1. സ.ഉ. (സാധാ)285/2016/ഡിഎംഡി തീയതി 26.03.2016.
2. സ.ഉ. (സാധാ)298/2016/ഡബ്ലിയു.ആർ.ഡി തീയതി 28.03.2016.
3. സ.ഉ. (സാധാ)1466/2016/തസ്വഭവ തീയതി 16.04.2016

ഉത്തരവ്

മേൽപരാമർശം (1)ലെ സർക്കാർ ഉത്തരവുപ്രകാരം 2016 ലെ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഇതേ ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിച്ചും, മാർഗ്ഗനിർദ്ദേശം നൽകിയും സർക്കാർ ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ തുടർച്ചയായി പരാമർശം (3) ഉത്തരവുപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുനർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗികമായോ വരൾച്ച പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗരേഖകളിൽ ഇളവ് അനുവദിച്ച് കൊണ്ട് ജലവിതരണത്തിനും അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ വരെയും മുനിസിപ്പാലിറ്റികളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും പതിനഞ്ച് ലക്ഷം രൂപവരെയും കോർപ്പറേഷനുകളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും ഇരുപത്തി അഞ്ച് ലക്ഷം രൂപവരെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

4) കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

1) കുടിവെള്ള വിതരണ പ്രവർത്തനവുമായി ബന്ധപ്പെട്ട നേട്ടം അവകാശപ്പെട്ട് ഇലക്ട്രോണിക്/ അച്ചടി/ റേഡിയോ/ ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ യാതൊരുവിധ പ്രചാരണ പ്രവർത്തനങ്ങളും പാടുള്ളതല്ല.
2) പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോഴോ പൊതുജനങ്ങളോടോ മാധ്യമങ്ങളോടോ സംസാരിക്കുന്ന അവസരങ്ങളിലോ രാഷ്ട്രീയനേതാക്കൾ പ്രസ്തുത പ്രവൃത്തിയെ പരാമർശിക്കാൻ പാടുള്ളതല്ല.
3) മേൽകുടിവെള്ള വിതരണപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, സംസ്ഥാനമന്ത്രിമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള യാതൊരു രാഷ്ട്രീയ പ്രവർത്തകരോ രാഷ്ട്രീയപാർട്ടികളോ ഇടപെടാൻ പാടുള്ളതല്ല.
4) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച മാതൃകാപെരുമാറ്റ ചട്ടത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ഐ. ഷേക്ക് പരീത്,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ ''സാംഖ്യ''യിൽ വരുത്തുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ജലവിഭവ വകുപ്പ് /ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികരിച്ച വേതനം - പ്രോജക്ട് വയ്ക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികരിച്ച വേതനം തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രോജക്ട് രൂപീകരിക്കുമ്പോൾ വികസന ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്യുന്നതിനും -അനുവാദം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ)നം. 1556/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/04/2016.

പരാമർശം : 1. സ.ഉ.(സാധാ)നം. 636/2016/തസ്വഭവ.തീയതി,16/02/2016.
2. വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 20/04/2015 ലെ 2.2 നമ്പർ തീരുമാനം.

ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാരുടെ വേതനം 6600/- രൂപയിൽ നിന്നും 10000/- രൂപയായും ഹെൽപ്പർമാരുടെ വേതനം 4100/- രൂപയിൽ നിന്നും 7000/- രൂപയായും വർദ്ധിപ്പിച്ച് ഉപാധികളോടെ നൽകുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഇതിലേയ്ക്കാവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇപ്രകാരം വേതനം നൽകുന്നതിന് പ്രോജക്ട് വയ്ക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധികരിച്ച വേതനം അവരുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രോജക്ട് രൂപീകരിക്കുമ്പോൾ പരാമർശം 1 ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസന ഫണ്ടിൽ നിന്നും റീ ക്ലപ്പ് ചെയ്യുന്നതിനും അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ്
ഗവ.സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്,തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
ധനകാര്യ വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിലവിലുള്ള സാംഖ്യ സപ്പോർട്ട് സെൽ പുനർ രൂപീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ എ) വകുപ്പ്

സ.ഉ (സാധാ) നം. 1646/2016/തസ്വഭവ. തിരുവനന്തപുരം,തീയതി: 11/05/2016

പരാമർശം:- 22/08/2014-ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 2190/2014/തസ്വഭവ

ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം എല്ലാ ജില്ലകളിലും ജില്ലാതല സാംഖ്യ സപ്പോർട്ട് സെല്ലും സംസ്ഥാനതല സാംഖ്യ സപ്പോർട്ട് സെല്ലും രൂപീകരിക്കുകയും അവയുടെ ഘടനയും പ്രവർത്തനരീതിയും നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ജില്ലാതല സപ്പോർട്ട് സെല്ലിൽ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്മാരെ മാത്രം ഉൾപ്പെടുത്തുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഉദ്യോഗക്കയറ്റവും സ്ഥലം മാറ്റവും കാരണം സെല്ലിലെ അംഗങ്ങൾ സ്ഥലം മാറിപ്പോവുകയും സെക്രട്ടറിമാരാകുകയും ചെയ്ത സാഹചര്യത്തിൽ, സപ്പോർട്ട് സെൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സപ്പോർട്ട് സെല്ലിന്റെ ഘടന പുനർനിർണ്ണയിക്കേണ്ടത് ആവശ്യമായി വരികയും താഴെപ്പറയുംവിധം പുനർനിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

ജില്ലാതല സപ്പോർട്ട് സെൽ

1. എല്ലാ ജില്ലകളിലും സാംഖ്യ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് പ്രവർത്തനങ്ങളിൽ പ്രാവീണ്യവും സ്വയംസന്നദ്ധതയുമുള്ള അക്കൗണ്ടന്റ്മാർ മുതൽ മുകളിലോട്ടുള്ള ജീവനക്കാരെ (10 പേർ) ഉൾപ്പെടുത്തി സെൽ പുനർ രൂപീകരിക്കേണ്ടതാണ്. ജില്ലാതല സപ്പോർട്ട് സെൽ എല്ലാ മാസവും കൂടേണ്ടതും സെല്ലിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റുമാരുടെ യോഗം കൂടേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ജില്ലാതല സപ്പോർട്ട് സെല്ലിൽ രണ്ട് അക്കൗണ്ടന്റ് കം ഐറ്റി എക്സ്പർട്ട്മാരും ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോ ഓർഡിനേറ്ററും ജില്ലാ ടെക്നിക്കൽ ആഫീസറും അംഗങ്ങളായിരിക്കും.

2. സെല്ലിന്റെ നേതൃത്വം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും.

3. എല്ലാ ജില്ലകളിലും ഒരു കൺവീനറും ഒരു കോ-കൺവീനറും ഉണ്ടായിരിക്കും.

4. പഞ്ചായത്തുകളിലെ സോഫ്റ്റ് വെയർ പ്രശ്നങ്ങൾ ഒഴികെയുള്ള അക്കൗണ്ടിംഗ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പൂർണ്ണ ചുമതല ജില്ലാതല സപ്പോർട്ട് സെല്ലിനായിരിക്കും. സെല്ലിലെ അംഗങ്ങൾക്ക് പഞ്ചായത്തുകളിൽ പോയി പരിഹരിക്കേണ്ട പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിനുള്ള സൗകര്യങ്ങൾ അസിസ്റ്റന്റ് ഡയറക്ടർ ഒരുക്കിക്കൊടുക്കേണ്ടതാണ്.

5. ജില്ലാതല സപ്പോർട്ട് സെൽ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും കൂടേണ്ടതാണ്.

6. കൺവീനർമാരുടേയും കോ-കൺവീനർമാരുടേയും വിവരങ്ങൾ സംസ്ഥാന സെല്ലിനെ അറിയിക്കേണ്ടതാണ്.

സംസ്ഥാനതല സപ്പോർട്ട് സെൽ

1) എല്ലാ ജില്ലകളിൽ നിന്നുമുള്ള കൺവീനർമാരും കോ-കൺവീനർമാരും സംസ്ഥാന സപ്പോർട്ട് സെല്ലിലെ അംഗങ്ങളായിരിക്കും.

2) ജില്ലാ തല സപ്പോർട്ട് സെല്ലിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ സംസ്ഥാനതല സപ്പോർട്ട് സെല്ലിൽ അവതരിപ്പിക്കേണ്ടതാണ്.

3) സംസ്ഥാന തലസപ്പോർട്ട് സെൽ രണ്ട് മാസത്തിലൊരിക്കൽ കൃത്യമായും യോഗം ചേരേണ്ടതാണ്. മിനിറ്റ്സ് തദ്ദേശ സ്വയംഭരണ വകുപ്പിനും പഞ്ചായത്ത് ഡയറക്ടർമാർക്കും നൽകേണ്ടതാണ്.

4) സംസ്ഥാനസെല്ലിന്റെ മിനിറ്റ്സിൽ ഉള്ള തീരുമാനങ്ങൾ പ്രത്യേകിച്ചൊരു ഉത്തരവോ നിർദ്ദേശമോ കൂടാതെ എല്ലാ പഞ്ചായത്തുകൾക്കും നടപ്പിലാക്കാവുന്നതാണ്.

5) സംസ്ഥാന സപ്പോർട്ട് സെല്ലിന്റെ ഘടന താഴെ പറയും പ്രകാരം ആയിരിക്കും.

   i. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ -- കൺവീനർ

   ii. പഞ്ചായത്ത് ഡയറക്ടർ -- അംഗം

   iii. പ്രോജക്ട് മാനേജർ, സാംഖ്യ ടീം, ഐ.കെ.എം -- അംഗം

   iv. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം -- അംഗം

   v. ശ്രീ. അബ്ദുൾ ബഷീർ, ടീം ലീഡർ, ഐ കെ എം -- അംഗം

   vi. ഡോ. ജെ. ബി. രാജൻ, അസിസ്റ്റന്റ് പ്രൊഫസർ, കില -- അംഗം

   vii. ജില്ലാതല കൺവീനർമാരും കോ-കൺവീനർമാരും -- അംഗങ്ങൾ

സാംഖ്യ സപ്പോർട്ട് സെൽ സംബന്ധിക്കുന്ന പരാമർശ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ, (എ &ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ, (ജി & എസ്.എസ്.എ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
തദ്ദേശ സ്വയം ഭരണ (എഎ) വകുപ്പ്

നം. എഎ 2/59/2016/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 11/08/2016

പരിപത്രം

വിഷയം- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ്-അധിക നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തുമ്പോൾ ഓഡിറ്റ് അംഗങ്ങൾ താഴെ കാണിച്ച നിർദ്ദേങ്ങൾ കൂടി പാലിക്കേണ്ടതാണ്:

1) കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുവാനും അവ ക്രമീകരിക്കുന്നതിന് (Regularisation) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളെക്കുറിച്ച് ഓഡിറ്റ് പരിശോധനയിൽ ശ്രദ്ധിക്കേണ്ടതാണ്.
2) നികുതി പിരിവിന് നിലവിലുള്ള ഫീൽഡ് കളക്ഷൻ സംമ്പ്രദായം ഫലപ്രദമാണോ എന്ന് പരിശോധിക്കേണ്ടതാണ്.
3) കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ നികുതിയിൽ ഇളവുണ്ടെങ്കിലും അത്തരം കെട്ടിടങ്ങളിൽ നിന്നും സേവന നികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
4) തൊഴിൽ നികുതി പിരിക്കുന്നതിനായി Demand Register സൂക്ഷിച്ചിട്ടുണ്ടോ എന്നും സ്ഥാപനങ്ങൾ അവരുടെ Staff Pattern കാലികമാക്കിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.
5) എല്ലാ ഇടപാടുകളും സാംഖ്യ സോഫ്റ്റ് വെയർ മുഖേന മാത്രമേ നടത്താവൂ.സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനാൽ ഇപ്പോഴും ക്യാഷ് ബുക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
6) ബാങ്ക്, ട്രഷറി തുടങ്ങിയവയുമായി എല്ലാ മാസവും Reconciliation നടത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും പ്രതിമാസ അക്കൗണ്ടുകൾ Finance Standing Committee (ഗുണഭോക്തൃസഭ-അയൽ സഭ) മുമ്പാകെ സമർപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്..
7) SIDCO-പോലുള്ള സർക്കാർ ഏജൻസികളിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അവ ആ സ്ഥാപനം തന്നെ നിർമ്മിക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടതാണ്. അങ്ങനെ അല്ലാത്ത പക്ഷം ടെൻഡർ നടപടികൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അഞ്ച് ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾ ഇ-ടെൻഡർ നടപടി മുഖേന മാത്രമാണോ നടത്തിയിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്.

8) ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കിയതിനാൽ, ടെൻഡർ ഫോമിന്റെ വില ഇപ്പോൾ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വെയ്ക്കപ്പെടുന്നത്. അവ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവകാശപ്പെട്ടതാകായാൽ അത് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.
9) Procurement Manual പ്രകാരമാണോ Purchase നടത്തിയിരിക്കുന്നത് എന്ന് പരിശോധിക്കേണ്ടതാണ്.
10) മരാമത്ത് പണികൾ സംബന്ധിച്ച് Guidelines പ്രകാരം Work Site-ൽ വിശദമായ ബോർഡ് വച്ചിട്ടുണ്ടോ എന്നും, എസ്റ്റിമേറ്റിൽ ബോർഡ് വയ്ക്കുന്ന ചെലവ് കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.
11) ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ വിശദീകരണം ആവശ്യപ്പെടാതെ, നടപടികൾ

സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകേണ്ടതും ഇക്കാര്യം നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് അടുത്ത ഓഡിറ്റിൽ പരിശോധിക്കേണ്ടതുമാണ്.

12) പഞ്ചായത്ത് യോഗങ്ങളുടെ മിനുട്ട്സ് എഴുതി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം.

13) Entry/ Exit മീറ്റിംഗുകൾ Effective ആയി നടത്തേണ്ടതാണ്.

14) ഓഡിറ്റിന് വിധേയമാക്കുന്ന സ്ഥാപനങ്ങളിലെ, പ്രോൾസാഹനം/വിമർശനം അർഹിക്കുന്ന പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

15) ഒരു പഞ്ചായത്തിൽ ഒരു റിപ്പോർട്ട് മാത്രമേ Pending ഉണ്ടാകുവാൻ പാടുള്ളൂ. കഴിഞ്ഞ റിപ്പോർട്ടിൽ നടപടി എടുക്കുവാൻ ബാക്കിയുള്ളവ പുതിയ റിപ്പോർട്ടിലേക്ക് Carry over ചെയ്യേണ്ടതാണ്.

16) പഴയ റിപ്പോർട്ടിൽ പരിഹരിക്കുവാൻ ബാക്കിയുള്ളവ തീർപ്പാക്കുവാനായി അദാലത്തുകൾ നടത്തേണ്ടതാണ്.

17) വികലാംഗർക്ക് Tricycle നൽകുമ്പോൾ നിലവിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് മാത്രമേ അനുവദിക്കാവൂ.

18) ഐ.എ.വൈ ഹൌസിംഗ് (IAY Housing) സ്കീം പരിശോധിക്കേണ്ടതാണ്.

19) ഓഡിറ്റ് പരിശോധന അറിയിച്ചുകൊണ്ടുള്ള കത്ത് അതാത് പ്രസിഡന്റിന് അർദ്ധ ഔദ്യോഗിക കത്തായി അയയ്ക്കേണ്ടതും അതിന്റെ പകർപ്പ് പ്രത്യേകമായി സെക്രട്ടറിക്ക് അയക്കേണ്ടതുമാണ്. ഓഡിറ്റ് സംബന്ധിച്ച പ്രാരംഭ ചർച്ചയിൽ പ്രസിഡന്റും സെക്രട്ടറിയും പങ്കെടുക്കേണ്ടതാണെന്നുള്ള നിർദ്ദേശവും പ്രസ്തുത കത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

20) ഓഡിറ്റ് അവസാനിച്ചശേഷം ബന്ധപ്പെട്ട അധികൃതരുടെ മീറ്റിംഗ് വിളിക്കേണ്ടതും ഓഡിറ്റ് ടീമിന്റെ കണ്ടെത്തലുകൾ വിശദീകരിക്കേണ്ടതും, ആവശ്യമായ തിരുത്തൽ നടപടികൾക്കുള്ള നിർദ്ദേശം നൽകേണ്ടതും, നിശ്ചിത സമയപരിധിയിൽ നടപടി സ്വീകരിച്ചോ എന്ന് ഫോൺ മുഖാന്തിരം അന്വേഷിക്കേണ്ടതുമാണ്.

റ്റി.പി. വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

മേഖലാ പെർഫോമൻസ് ആഡിറ്റ് വിഭാഗം, കൊല്ലം/എറണാകുളം/കോഴിക്കോട്
എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പി.എ) മാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
കരുതൽ ഫയൽ/ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് ഓഫീസർ

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

നം.തസ്വഭവ-ഐബി1/275/2015-തസ്വഭവ

തിരുവനന്തപുരം
തീയതി, 30.08.2016.

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ,
തിരുവനന്തപുരം.

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷന് മെമ്പർഷിപ്പ് ഫീസ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) നം. 1952/2015/തസ്വഭവ തീയതി, 27.06.2015
2. സ.ഉ. (സാധാ) നം.1228/2016/തസ്വഭവ തീയതി, 08.03.2016.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രതിവർഷ മെമ്പർഷിപ്പ് ഫീസ് ഗ്രാമപഞ്ചായത്ത് 3 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് - 5 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് - 15 ലക്ഷം രൂപ, മുനിസിപ്പാലിറ്റി - 10 ലക്ഷം രൂപ, കോർപ്പറേഷൻ - 20 ലക്ഷം രൂപ എന്ന നിരക്കിൽ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലും, വാർഷിക വരിസംഖ്യ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഓരോ ജനത്തിനും 1 രൂപ (ഒരു രൂപ) എന്ന ക്രമത്തിൽ 2017-18 സാമ്പത്തിക വർഷം മുതലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറവ് ചെയ്ത് ഇൻഫർമേഷൻ കേരള മിഷന് നൽകുന്നതിന് അനുമതി നൽകി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട തുക അടിയന്തിരമായി നൽകേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

കെ. എസ്. ബിന്ദു
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ് :- എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016-ലെ ഓണാഘോഷത്തോടനുബന്ധിച്ച് അശരണർക്ക് ആലംബഹീനർക്കുമായി ഓണസദ്യ നൽകുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കുമായി ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, ജില്ലാപഞ്ചായത്തുകൾ എന്നിവരുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. **2678/**2016/തസ്വഭവ തിരുവനന്തപുരം, തീയതി, 09.09.2016

ഉത്തരവ്

2016 ലെ ഓണാഘോഷത്തോടനുബന്ധിച്ച് അഗതികൾക്കും അശരണർക്കും ആലംബഹീനർക്കും ഓണസദ്യ നൽകുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കുമായി ഗ്രാമപഞ്ചായത്തുകൾക്ക് 10,000/-രൂപ (പതിനായിരം രൂപ മാത്രം) വീതവും നഗരസഭകൾക്കും ജില്ലാപഞ്ചായത്തുകൾക്കും 20,000/-രൂപ (ഇരുപതിനായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾക്ക് 2,00,000/-രൂപ (രണ്ടുലക്ഷം രൂപ മാത്രം) വീതവും അതാതു സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
വിജയകുമാർ ടി.പി.
സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം (പകർപ്പ് എല്ലാ ജില്ലാപഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് ജീവനക്കാര്യം- അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനം - 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിന്-അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ)നം. 2683/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.09.2016

പരാമർശം.: (1) വികേന്ദ്രീകൃത സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2015-ലെ 2.3 നമ്പർ തീരുമാനം.

(2) സ.ഉ(സാധാ) നം. 636/2016/തസ്വഭവ, തീയതി 16.02.2016.

(3) സ.ഉ(സാധാ) നം. 21/2016/സാനീവ, തീയതി 25.02.2016.

(4) സ.ഉ(സാധാ) നം. 409/2016/സാനീവ, തീയതി 30.08.2016.

ഉത്തരവ്

പരാമർശം: 1. സ.ഉ.(കൈ)നം.220/14/ത.സ്വ.ഭ.വ. തീയതി 09.12.2014

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.11.2015 തീയതിയിലെ 16790/NREG Cell/2011/CRD നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയുടെ സംസ്ഥാന-ജില്ലാ ഓഫീസ്സുകളിൽ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ, തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന ഭരണചെലവുകൾക്ക് അനുവദനീയമായ പരിധിയിൽ നിന്നും അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനത്തിലും ത്രിതല പഞ്ചായത്തീരാജ് തലത്തിലും പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന വേതന നിരക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം 10% വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ നല്കുന്ന പദ്ധതി തുകയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നം.	തസ്തിക	നിലവിലെ വേതനം (രൂ)	പുതുക്കിയ വേതനം (രൂ) 10% അധികരിച്ച തുക
1	ഡേറ്റാ എൻട്രി ഓപ്പറേറ്റർ	12,000/-	13,200/-
2	അക്രഡിറ്റഡ് എഞ്ചിനീയർ (ഓവർസീയർ)	12,000/-	13,200/-

3	അക്രഡിറ്റഡ് എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിനീയർ)	15,000/-	16,500/-
4	ഐ.റ്റി.പ്രൊഫഷണൽ (ജില്ല)	17,000/-	18,700/-
5	ഐ.റ്റി.പ്രൊഫഷണൽ (സംസ്ഥാനം)	20,000/-	22,000/-

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി. ഐ. ഷെയ്ഖ് പരീത്
സെപ്ഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ.എം.മുരളി (എക്സ് എം.എൽ.എ.) അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശകൾ - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സേവാസൊസൈറ്റികൾ രൂപീകരിക്കൽ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).1689/15/തസ്വഭവ തിരുവനന്തപുരം, തീയതി, 05.06.2015

==========

പരാമർശം: 1. ശ്രീ.എം.മുരളി(എക്സ്.എം.എൽ.എ.) അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശകൾ.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.11.2014 ലെ 1399/EGSA/14/REGS നമ്പർ കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം, വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം എന്നിവ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ, പ്രക്രിയ തുടങ്ങിയവ സർക്കാർ ജി.ഒ.(എം.എസ്)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം വിശദമാക്കിയിട്ടുള്ളതാണ്. ഇതനുസരിച്ച് സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളിൽ സാധന ഘടകം വിനിയോഗിച്ചു വരുന്നുണ്ട്. കൂടുതൽ ഫലപ്രദമായും സൗകര്യപ്രദമായും സാധന സാമഗ്രികളുടെ ഉപയോഗവും, വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും ലഭ്യമാക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സേവാസൊസൈറ്റികൾ രൂപീകരിക്കുന്നതിന് ശ്രീ.എം.മുരളി(എക്സ്.എം.എൽ.എ.) കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം(2)പ്രകാരം ചുവടെചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

3) തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുന്നതിനും, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനാവശ്യമായ സഹായ സംവിധാനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിനും "മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സേവാ സൊസൈറ്റി" എന്ന പേരിൽ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സേവാ സൊസൈറ്റികൾ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുക്കുന്ന കുടുംബങ്ങളിലെ വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ അംഗങ്ങളായ ലേബർ സൊസൈറ്റികൾ ആയിരിക്കും.

സൊസൈറ്റികളുടെ ലക്ഷ്യം:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സേവാ സൊസൈറ്റികളുടെ ലക്ഷ്യം ചുവടെപ്പറയുന്നവയായിരിക്കും.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് ആവശ്യമായ പിന്തുണാ സഹായങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഈടുറ്റതും നിഷ്കർഷിക്കപ്പെട്ടിട്ടുള്ള ഗുണമേന്മയുള്ളതുമായ ആസ്തികൾ നിർമ്മിക്കുന്നതിനാവശ്യമായ നേരിട്ടുള്ള സഹായങ്ങൾ ലഭ്യമാക്കുക.
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെയും അർദ്ധവിദഗ്ദ്ധ തൊഴിലാളികളെയും ലഭ്യമാക്കുക.
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുക.
5. ആവശ്യമായി വരുന്ന പക്ഷം ഇതര പദ്ധതികളിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനാവശ്യമായ വിദഗ്ദ്ധ-അർദ്ധവിദഗ്ദ്ധ തൊഴിലാളികളെയും സാധന-സാമഗ്രികളും ലഭ്യമാക്കുക.
6. പൊതുയോഗം തീരുമാനിക്കുന്ന മറ്റ് ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുക.
7. സൊസൈറ്റി അംഗങ്ങളായ വിദഗ്ദ്ധ-അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്ക് സ്വന്തം പ്രദേശത്തുതന്നെ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അതിജീവന സുരക്ഷിതത്വം ഉറപ്പ് വരുത്തുകയും ചെയ്യുക.

സൊസൈറ്റികളുടെ സ്വഭാവം:

ഗ്രാമപഞ്ചായത്ത് തലത്തിലായിരിക്കണം സേവാ സൊസൈറ്റി രൂപീകരിക്കേണ്ടത്. സൊസൈറ്റികൾ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ ആഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അർദ്ധവിദഗ്ദ്ധ/വിദഗ്ദ്ധ തൊഴിലാളികളുടെ സേവനവും സാധനസാമഗ്രികളും ലഭ്യമാകുന്നതിന് പ്രസ്തുത സൊസൈറ്റികളെ ചുമതലപ്പെടുത്താവുന്നതാണ്. എന്നാൽ, കൂടുതൽ വൈദഗ്ദ്ധ്യം ആവശ്യമുള്ള തൊഴിലാളികളെ സൊസൈറ്റി അംഗങ്ങളിൽ നിന്നും ആവശ്യാനുസരണം കണ്ടെത്താൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടായാൽ പുറത്തു നിന്നുള്ള തൊഴിലാളികളുടെ സേവനം സൊസൈറ്റികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. സൊസൈറ്റികൾ പ്രവർത്തനക്ഷമമായി കഴിഞ്ഞാൽ നിർവ്വഹണ ഏജൻസികൾക്കാവശ്യമായ വിദഗ്ദ്ധ-അർദ്ധ വിദഗ്ദ്ധ തൊഴിലാളികളെയും സാധനസാമഗ്രികളും സൊസൈറ്റികൾ മുഖേന സ്വരൂപിക്കേണ്ടതാണ്. സൊസൈറ്റികൾ അംഗീകരിക്കപ്പെട്ട പൊതുബൈലോയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

അംഗത്വം:

- തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ രണ്ടുവർഷങ്ങളായി തുടർച്ചയായി ജോലി ചെയ്തുവരുന്ന സജീവ തൊഴിലാളികളുടെ കുടുംബങ്ങളിലെ വിദഗ്ദ്ധ തൊഴിലാളികൾ, അർദ്ധ വിദഗ്ദ്ധ തൊഴിലാളികൾ എന്നിവർക്ക് സൊസൈറ്റിയിൽ അംഗത്വം എടുക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

- അംഗത്വം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.
- അംഗത്വത്തിന് അപേക്ഷിക്കുന്ന വ്യക്തി സേവാ സൊസൈറ്റിയുടെ പ്രവർത്തന പരിധിയിലുള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസക്കാരനായിരിക്കണം.
- സ്വമേധയാ അംഗത്വം പിൻവലിക്കുന്നതിനുള്ള സ്വാതന്ത്ര്യം തൊഴിലാളികൾക്കുണ്ടായിരിക്കും. എന്നാൽ തുടർച്ചയായി ഒരുവർഷം അംഗത്തിന്റെ കുടുംബം തൊഴിലുറപ്പ് പദ്ധതിയിൽ പങ്കെടുക്കാതിരുന്നാൽ അംഗത്വം ഇല്ലാതാകുന്നതാണ്.
- സൊസൈറ്റി അംഗങ്ങൾ സാധന-സാമഗ്രികൾ ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
- ഒരംഗം മനഃപൂർവ്വമായി പ്രവൃത്തിയിൽ നിന്ന് മാറിനിൽക്കുന്നതായി ബോധ്യപ്പെട്ടാൽ അത്തരം അംഗങ്ങളെ നീക്കം ചെയ്യുന്നതിന് പൊതുയോഗത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ജനറൽബോഡി:

സൊസൈറ്റിയിൽ അംഗത്വം എടുക്കുന്ന മുഴുവൻ പേരും ചേരുന്നതായിരിക്കും സൊസൈറ്റിയുടെ ജനറൽ ബോഡി. ജനറൽ ബോഡി വർഷത്തിൽ നാലുപ്രാവശ്യം നിർബന്ധമായും ചേർന്നിരിക്കേണ്ടതാണ്. ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിർവ്വാഹക സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ജനറൽ ബോഡി വിളിച്ചു ചേർക്കാവുന്നതാണ്. വരവ് ചെലവ് കണക്കുകൾ പൊതുയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. നയപരമായ തീരുമാനങ്ങൾ പൊതുയോഗത്തിന്റെ അംഗീകാരത്തോടെ മാത്രമേ കൈക്കൊള്ളുവാൻ പാടുള്ളൂ.

സൊസൈറ്റിയുടെ ഘടന:

1. അംഗങ്ങളിൽ നിന്നും 15 പേരടങ്ങുന്ന ഒരു നിർവ്വാഹക സമിതിയെ പൊതുയോഗം തെരഞ്ഞെടുക്കേണ്ടതാണ്. സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം നിർവ്വാഹകസമിതിയ്ക്കായിരിക്കും.ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്യേണ്ടതിന്റെയും വരുന്ന മാസങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതിന്റെയും ഉത്തരവാദിത്വം നിർവ്വാഹക സമിതിയ്ക്കായിരിക്കും.
2. നിർവ്വാഹക സമിതിയുടെ കാലാവധി രണ്ടുവർഷമായിരിക്കും.
3. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെ നിർവ്വാഹക സമിതി തെരഞ്ഞെടുക്കേണ്ടതാണ്
4. നിർവ്വാഹക സമിതി യോഗത്തിൽ പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.
5. നിർവ്വാഹക സമിതിയിൽ അഞ്ചുപേർ വനിതകളും മൂന്നുപേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ആയിരിക്കേണ്ടതാണ്.

യോഗങ്ങൾ

- വർഷത്തിൽ 4 തവണ നിർബന്ധമായും പൊതുയോഗം ചേരേണ്ടതാണ്. വാർഷിക പൊതുയോഗത്തിന് പുറമേ നിർവ്വാഹകസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പൊതുയോഗങ്ങൾ ചേരാവുന്നതാണ്.
- നിർവ്വാഹക സമിതി മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരേണ്ടതാണ്. ആവശ്യമായി വരുന്ന പക്ഷം പ്രത്യേകയോഗങ്ങളും ചേരാവുന്നതാണ്.

സൊസൈറ്റി രൂപീകരണം

- മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. സൊസൈറ്റികൾ രൂപീകരിക്കുന്നതിന് വേണ്ടി മുൻഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായ കുടുംബങ്ങളെ കണ്ടെത്തി അവരുടെ യോഗം വിളിച്ചു ചേർക്കുന്നതിനുള്ള ഉത്തരവാദിത്വം, പൊതുയോഗ തീരുമാനം അനുസരിച്ച് മിനിട്ട്സ് തയ്യാറാക്കി സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള പ്രാഥമിക ചുമതലയും പി.ഡി.ഒ. മാർക്കായിരിക്കും. രൂപീകരണ പൊതു യോഗത്തിന്റെ അദ്ധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കും. ടി പൊതു യോഗത്തിന്റെ മിനിട്ട്സ് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.
- വ്യാപകമായ പ്രചരണം നൽകി വേണം രൂപീകരണ യോഗങ്ങൾ സംഘടിപ്പിക്കേണ്ടത്.
- തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനും വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനും സൃഷ്ടിക്കുന്നതിനുമുള്ള സംവിധാനം എന്ന നിലയിൽ സേവാസൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

സൊസൈറ്റികളുടെ പ്രവർത്തനം

- പദ്ധതിയിൽ ഓരോ മൂന്ന് മാസവും നടത്തേണ്ട പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന സാധന-സാമഗ്രികൾ പിഡിഒ തിട്ടപ്പെടുത്തുകയും അവയുടെ വിതരണക്കാരെ കണ്ടുപിടിക്കുന്നതിന് ടെൻഡർ പരസ്യം നൽകേണ്ടതുമാണ്. സേവാ സൊസൈറ്റികൾക്ക് ഇത്തരം ടെൻഡറിൽ പങ്കെടുക്കാവുന്നതാണ്. ടെൻഡറുകളിൽ പങ്കെടുക്കുന്നതിന് ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ഇളവുകൾ സേവാ സൊസൈറ്റികൾക്കും ബാധകമാക്കാവുന്നതാണ്.
- വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ആവശ്യമായി വരുമ്പോൾ സേവാ സൊസൈറ്റിയിലെ അംഗങ്ങളായുള്ള വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കായികാധ്വാനം പ്രയോജനപ്പെടുത്താവുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ള വേതന നിരക്കുകൾ നൽകാവുന്നതുമാണ്.
- സൊസൈറ്റിയിലെ അംഗങ്ങൾ നേരിട്ടായിരിക്കണം ജോലികൾ ചെയ്യേണ്ടത്. യാതൊരു കാരണവശാലും ഇത് ഒരു സബ് വർക്കായി കോൺട്രാക്ടർമാരെ ഏല്പിക്കുവാനോ സൊസൈറ്റിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ നിയോഗിക്കാനോ പാടില്ലാത്തതാണ്. എന്നാൽ, പ്രത്യേക വൈദഗ്ദ്ധ്യം വേണ്ട തൊഴിലാളികളെ സൊസൈറ്റി അംഗങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ടായാൽ പുറത്തു നിന്നുള്ളവരുടെ സേവനം സൊസൈറ്റിക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.
- സൊസൈറ്റി ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. ഇത് സൊസൈറ്റിയുടെ ജനറൽ അക്കൗണ്ട് ആയിരിക്കും. പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിലായിരിക്കണം അക്കൗണ്ട്. എല്ലാ സാമ്പത്തിക ഇടപാടുകളും ഈ അക്കൗണ്ട് വഴി ആയിരിക്കേണ്ടതാണ്.
- സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ 100% സുതാര്യത ഉറപ്പുവരുത്തേണ്ടതാണ്. അംഗങ്ങളുടെ വിവരങ്ങൾ, ഭരണ സമിതിയുടെ വിവരങ്ങൾ, ഭരണ സമിതി തീരുമാനങ്ങൾ, ഏറ്റെടുക്കുന്ന പ്രവർത്തികൾ, ലഭ്യമായ ഫണ്ടും അതിന്റെ വിനിയോഗവും, വാങ്ങൽ നടപടികൾ,

പ്രവൃത്തിയെടുക്കുന്ന വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ മുതലായവ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും സൊസൈറ്റിയുടെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതും, ഗ്രാമസഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

പരിശീലനം

സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളിൽ വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലുകളിൽ ഏർപ്പെടാൻ താല്പര്യമുള്ളവരെ ബ്ലോക്ക്തലത്തിൽ തെരഞ്ഞെടുത്ത് ഓരോ മേഖലയിലും അവർക്ക് തൊഴിൽ പരിശീലനം നൽകുവാൻ ബ്ലോക്ക്തല കേന്ദ്രങ്ങൾ രൂപീകരിക്കേണ്ടതാണ്. ഈ പരിശീലന പരിപാടികൾക്ക് സംസ്ഥാനത്തെ മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെയും (ഇ.റ്റി.സി.) ഈ രംഗത്തുള്ള മറ്റ് സ്ഥാപനങ്ങളുടെയും സേവനം തേടാവുന്നതാണ്. സാധനഘടകം ഉപയോഗിച്ചുള്ള ആസ്തി നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് ഇത്തരം പരിശീലന പരിപാടികൾ അത്യന്താപേക്ഷിതമാണ്.

സർക്കാര്യം ഇക്കാര്യം വിശദമായി പരിശോധിച്ച. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതികൾ രൂപീകരിക്കൽ സംബന്ധിച്ച ശ്രീ.എം.മുരളി (എക്സ് എം.എൽ.എ.) കമ്മിറ്റിയുടെ ശുപാർശകളിന്മേൽ പരാമർശം(2)പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ നിർദ്ദേശിച്ച മുകളിൽ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

രാമൻകുട്ടി.സി
ഡെപ്യൂട്ടി സെക്രട്ടറി

To

1. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിൽ പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).1985/16/തസ്വഭവ തിരുവനന്തപുരം, തീയതി, 24.6.2016

പരാമർശം:
1. സർക്കാർ ഉത്തരവ്(പി)നം.137/09/തസ്വഭവ തീയതി 20.07.2009.
2. സർക്കാർ ഉത്തരവ്(സാധാ)നം.2439/09/തസ്വഭവ തീയതി 24.09.2009.
3. സർക്കാർ ഉത്തരവ്(സാധാ)നം.620/11/തസ്വഭവ തീയതി 26.02.2011.
4. സർക്കാർ ഉത്തരവ്(സാധാ)നം.1136/11/തസ്വഭവ തീയതി 03.05.2011.
5. സർക്കാർ ഉത്തരവ്(സാധാ)നം.2158/11/തസ്വഭവ തീയതി 20.09.2011.
6. സർക്കാർ ഉത്തരവ്(സാധാ)നം.2051/12/തസ്വഭവ തീയതി 25.07.2012.
7. സർക്കാർ ഉത്തരവ്(സാധാ)നം.422/14/തസ്വഭവ തീയതി 14.02.2014.
8. സർക്കാർ ഉത്തരവ്(സാധാ)നം.2753/14/തസ്വഭവ തീയതി 24.10.2014.
9. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 07.01.2016 ലെ 25358/ഇജിഎസ് എ/13/ആർഇജിഎസ് നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1)ഉത്തരവ് പ്രകാരം കേരള സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിൽ നിയമം, 2009 വിജ്ഞാപനം ചെയ്ത് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2)പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിലിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ചെയർമാനും വിവിധ വകുപ്പ സെക്രട്ടറിമാർ മെമ്പർമാരും ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയുമായി 9 ഔദ്യോഗിക അംഗങ്ങളും സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട 15 അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടുന്നു. പ്രസ്തുത തൊഴിൽ ഉറപ്പ് കൗൺസിൽ പരാമർശം 3,4,5,6,7,8 ഉത്തരവുകൾ പ്രകാരം പുന:സംഘടിപ്പിക്കുകയുണ്ടായി.

2. 24.07.2015 ൽ നിലവിലുള്ള അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി ഒരു വർഷം പൂർത്തിയാക്കുന്നതിനാൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിൽ പുന:സംഘടിപ്പിക്കണമെന്ന് പരാമർശം (9) പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിൻ പ്രകാരം സംസ്ഥാന തൊഴിൽ ഉറപ്പ് കൗൺസിൽ 25.07.2015 മുതൽ താഴെ പറയും പ്രകാരം പുന:സംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഔദ്യോഗിക അംഗങ്ങൾ

1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി - ചെയർമാൻ
2. പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശസ്വയംഭരണം) - മെമ്പർ
3. പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ വകുപ്പ്) - മെമ്പർ
4. സെക്രട്ടറി (കൃഷി വകുപ്പ്) - മെമ്പർ
5. സെക്രട്ടറി (വനം-വന്യജീവി വകുപ്പ്) - മെമ്പർ
6. സെക്രട്ടറി (ആസൂത്രണവും സാമ്പത്തികകാര്യവും) - മെമ്പർ
7. സെക്രട്ടറി (തൊഴിലും പുനരധിവാസവും) - മെമ്പർ
8. സെക്രട്ടറി (പട്ടികജാതി/പട്ടികവർഗ്ഗവികസന വകുപ്പ്)- മെമ്പർ
9. ഗ്രാമവികസന കമ്മീഷണർ - മെമ്പർ സെക്രട്ടറി

അനൗദ്യോഗിക അംഗങ്ങൾ

1. ഡോ. എൻ.കെ. ശശിധരൻ പിള്ള, ഡയറക്ടർ, ഐ.ആർ.ടി.സി., മുണ്ടൂർ, പാലക്കാട്.
2. ശ്രീമതി. അരുണ റോയ്, എം.കെ.എസ്.എസ്., രാജസ്ഥാൻ.
3. ശ്രീ. അനൂപ് കിഷോർ, മുൻ പ്രസിഡന്റ്, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്.
4. ഡോ. ടി.എൻ. സീമ, മുൻ പാർലമെന്റ് മെമ്പർ
5. ശ്രീ. വി.എൻ. ജിതേന്ദ്രൻ ഐ.എ.എസ്. (റിട്ട.)
6. ഡോ. കണ്ണൻ, മുൻ ഡയറക്ടർ, സി.ഡി.എസ്.
7. പ്രൊ. സുഹൃത്ത് കുമാർ, അസോസിയേറ്റ് പ്രൊഫസർ, ഗവ. ലോ കോളേജ്.
8. ഡോ. സി.പി.വിനോദ്, കനവ്, എരുവട്ടി പി.ഒ., കതിരൂർ (വഴി), കണ്ണൂർ.
9. ശ്രീമതി. അയിഷ പോറ്റി, എം.എൽ.എ., കൊട്ടാരക്കര.
10. ശ്രീ. വി.കെ. മധു, പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
11. ശ്രീമതി. രജനി പാറക്കാടൻ, പ്രസിഡന്റ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ.
12. ശ്രീമതി. രുഗ്മിണി സുബ്രഹ്മണ്യൻ, പ്രസിഡന്റ്, പൂതാടി ഗ്രാമ പഞ്ചായത്ത്, വയനാട്.
13. ശ്രീമതി. രമണി രാജൻ, പ്രസിഡന്റ്, കടങ്ങോട് ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ.
14. ശ്രീമതി.സുഹറാബി, പ്രസിഡന്റ്, കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
15. ശ്രീ. കെ.എം.കിഷോർകുമാർ, പ്രസിഡന്റ്, അന്തിക്കാട് ഗ്രാമ പഞ്ചായത്ത്,തൃശ്ശൂർ.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി
3. കൗൺസിൽ അംഗങ്ങൾക്ക് (മിഷൻ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. പ്രിൻസിപ്പൽ, സെക്രട്ടറി, ധനകാര്യ വകുപ്പ്
6. സെക്രട്ടറി, കൃഷി വകുപ്പ്

7. സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
8. സെക്രട്ടറി, ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
9. സെക്രട്ടറി, തൊഴിലും പുനരധിവാസവും വകുപ്പ്
10. സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
11. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) 127/16/തസ്വഭവ തിരുവനന്തപുരം, തീയതി, 07.09.2016

==========

പരാമർശം:
1. സ.ഉ (കൈ) നം. 210/2010/തസ്വഭവ തീയതി 13-09-2010
2. സ.ഉ (കൈ) നം. 252/2010/തസ്വഭവ തീയതി 03-11-2010
3. സ.ഉ (കൈ) നം. 16/2013/തസ്വഭവ തീയതി 16-01-2013
4. സ.ഉ (സാധാ) നം. 1900/2013/തസ്വഭവ തീയതി 18-07-2013
5. സ.ഉ (എം.എസ്) നം. 80/2012/തസ്വഭവ തീയതി 29-03-2012
6. സ.ഉ (ആർ.റ്റി) നം. 2922/2011/തസ്വഭവ തീയതി 09-12-2011
7. 06-11-2013-ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ തീരുമാനം
8. നഗരകാര്യ ഡയറക്ടറുടെ 20-05-2014-ലെ ഡിസി5/2335/14 നമ്പർ കത്ത്

ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് നഗര തൊഴിലുറപ്പ് പദ്ധതി "അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി" എന്ന പേരിൽ നടപ്പിൽ വരുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പദ്ധതി നടത്തിപ്പിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ബഹു. നഗരകാര്യ വകുപ്പ് മന്ത്രി ചെയർമാനായും നഗരകാര്യ ഡയറക്ടർ കൺവീനറായും ഒരു സംസ്ഥാന കൗൺസിൽ രൂപീകരിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി നിലവിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം പരാമർശം(4) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടറിൽ നിന്നും നഗരകാര്യ വകുപ്പ് ഡയറക്ടർക്ക് മാറ്റി നൽകിയിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ചുമതല നഗരകാര്യ ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവായതിനു ശേഷം പദ്ധതിയുടെ തുടർ നടത്തിപ്പിനായി നഗരസഭകളിൽ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിരുന്നു. പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുണ്ടായിരുന്ന അതേ നിരക്കിൽ ഓവർസിയർക്ക് 5,000/- രൂപയും, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 6,000/- രൂപയും വേതനം അനുവദിച്ചിരുന്നു. പരാമർശം(6) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിനോക്കി വരുന്ന ജീവനക്കാരുടെ അതേ വേതനം അയ്യങ്കാളി നഗര

തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന കരാർ ജീവനക്കാർക്ക് നൽകുന്നതിന് പരാമർശം(7) പ്രകാരം തീരുമാനിച്ചു. അതനുസരിച്ച് ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ വേതനം 10,000/- രൂപയായും അസിസ്റ്റന്റ് എഞ്ചിനീയറുടേത് 12,000/- രൂപയായും വർദ്ധിപ്പിച്ച് ഉത്തരവാകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (8) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

3. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ കരാർ അടിസ്ഥാനത്തിൽ പ്രവൃത്തിയെടുക്കുന്ന അസിസ്റ്റന്റ് എൻജിനിയർമാരുടെ പ്രതിമാസ വേതനം 12,000/- രൂപയായും ഓവർസിയർമാരുടെയും ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെയും പ്രതിമാസവേതനം 10,000/- രൂപയായും 01.04.2016 തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

4. കരാർ ജീവനക്കാർക്ക് യാത്രാബത്ത നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ യാത്രാബത്ത നൽകാൻ പാടുള്ളതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ദിലീപ് കുമാർ വി.ആർ.
അഡീഷണൽ സെക്രട്ടറി

To

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (10.06.2016 തീയതിയിലെ Dev-1/7/14-ധന. പ്രകാരം)
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

GOVERNMENT OF KERALA

Abstract

Local Self Government Department -- Mahatma Gandhi NREGA Social Audit Society Kerala-Governing Body constituted – Orders Issued.

LOCAL SELF GOVERNMENT (DD) DEPARTMENT

GO(Rt.)No.2648 /2016/LSGD **Dated, Thiruvananthapuram, 08.09.2016**

Read: - 1. GO (Rt) No.3906/2015/LSGD dt. 30.12.2015.
2. Letter No.27414/NREG Cell 2/11/CRD(Part) dated 19.03.2016 of Mission Director, Mahatma Gandhi NREG State Mission, Kerala.

ORDER

Government as per the order read above had accorded sanction to set up an independent Social Audit Society in the state for the conduct of Social Audit of Mahatma Gandhi NREGS under the name Mahatma Gandhi NREGA Social Audit Society Kerala. The guidelines issued along with government order above stipulates that the management of affairs of the MGNREGA Social Audit Society shall be vested with governing body and Director of the Society. The governing body of the Social Audit Unit will be responsible for overseeing the performance of the unit on a periodic basis and provide necessary advice and direction as and when required. The guideline envisaged the governing body consisting of the following members.

1.Principal Secretary,LSGD(Chairperson)
2. Principal Accountant General
3. Five eminent citizens with long standing field experience on matter concerning transparency and accountability
4. Representatives of other departments undertaking social audits in their programmes.
5. Two members to be nominated by Government of Kerala to represent various organisations involved in operationalisation of the Mahatma Gandhi NREG Scheme.

2. The Mission Director(MGNREGS) as per the letter read above has requested for the nomination of persons in the governing body for registration of the Mahatma Gandhi NREGA Social Audit Society Kerala under the Travancore-Cochin Literary, Scientific and Charitable Societies registration Act 1955. In the meanwhile the empowered committee headed by Additional Secretary, MoRD, Government of India suggested that any other Principal Secretary to Government shall chair the Governing body instead of Principal Secretary(LSGD).

. Having examined the matter in detail the Government are pleased to constitute a erning body of Mahatma Gandhi NREGA Social Audit society Kerala including the following members.

Official members

1.Principal Secretary, Water Resources Department, Chairman
2.Principal Accountant General
3.Director, Social Justice Department
4.Executive Director, Kudumbashree Mission

Eminent citizens with long standing field experience on matters concerning transparency and accountability

1.Smt.Girija Surendral Ex.MLA
2.Sri.C.K Hareendran MLA
3.Dr.N.Ramakanthan
4.Smt.P.Thankam Teacher
5.Sri.Chengara Surendran Ex MP

Members to be nominated by Government of Kerala to represent various organisations involved in operationalisation of MGNREG Scheme

1.Sri.S.Rajendran
2.Sri.M.V.Balakrishnan Master

(BY ORDER OF THE GOVERNOR)
V.K.BABY
SPECIAL SECRETARY TO GOVERNMENT

To

1.Principal Secretary, Water Resources Department
2. The Principal Accountant General (Audit), Kerala.(with C/L)
3.The Director, Social Justice Department
4.Director, Kudumbashree Mission
5.Mission Director, MGNREGS
6.To all the nominated members(Through Mission Director)
7.Commissioner for, Rural Development
8.Director, State Institute of Rural Development
6. The Director, Information Kerala Mission, Thiruvananthapuram.
7. Stock File/Office Copy

Forwarded by Order

Copy to:Personal Secretary to Minister(LSGD)

Section Officer

കേരള സർക്കാർ

നമ്പർ:279/ഡിഡി2/2016/തസ്വഭവ

തസ്വഭ (ഡിഡി) വകുപ്പ്
തിരുവനന്തപുരം
തീയതി:05/10/2016

സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2017-18 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മപദ്ധതിയുടെയും രൂപീകരണം-സംബന്ധിച്ച്

സൂചന: 01.04.2016 മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ മാസ്റ്റർ സർക്കുലർ

1. ആമുഖം

1.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 14(6) പ്രകാരം, 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും അതിന് പൂരകമായ പ്രവൃത്തികളുടെ പട്ടികയും (Shelf of Projects) ഗ്രാമസഭ 2016-17 വർഷം തന്നെ നിശ്ചയിക്കേണ്ടതാണ്. തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും പ്രവൃത്തികളും ലേബർ ബഡ്ജറ്റിന്റെ രൂപീകരണത്തിലൂടെയാണ് സാക്ഷാൽക്കരിക്കേണ്ടത്. 2014 ജനുവരി 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I-ൽ വരുത്തിയിട്ടുള്ള ഭേദഗതിയ്ക്ക് അനുസൃതമായി 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ത്രിതല പഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണ്

1.2. 2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാസ്റ്റർ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തുന്ന

രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്തുതലങ്ങളിൽ ചിട്ടയോടുകൂടിയതും പങ്കാളിത്ത പൂർണ്ണവുമായ ആസൂത്രണ പ്രക്രിയ നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2.എന്താണ് ഷെൽഫ് ഓഫ് പ്രോജക്ട്സ്

2.1.ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷത്തേയ്ക്കും ആവശ്യമായ തൊഴിൽ ദിനങ്ങൾ തിട്ടപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തികളുടെ പട്ടിക (ഷെൽഫ് ഓഫ് പ്രോജക്ട്സ്) കൂടി തയ്യാറാക്കേണ്ടതും അതുവഴി തൊഴിൽ ആവശ്യപ്പെട്ട പത്തോ അതിലധികമോ തൊഴിലാളികൾ സമീപിക്കുമ്പോൾ പഞ്ചായത്തിന് അനായാസേന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന് സാധ്യമാവുകയും വേണം. ഇതിന് ഭരണ സാങ്കേതിക അനുമതി ലഭ്യമായ മതിയായ പ്രവൃത്തികൾ നിർവ്വഹണത്തിന് ഏറ്റെടുക്കാവുന്ന തരത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം പ്രവൃത്തികൾ അടങ്ങുന്ന പട്ടികയ്ക്കാണ് പ്രവൃത്തികളുടെ പട്ടിക അഥവാ Shelf of Projects എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2.2. ഗ്രാമസഭ ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ചിലത് സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാതെ വരും. ഇക്കാരണത്താൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ള ഷെൽഫ് ഓഫ് പ്രോജക്ട്സ് രണ്ട് വർഷക്കാലം വരെ ഉപയോഗിക്കാൻ പാകത്തിൽ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇപ്രകാരം രണ്ട് വർഷക്കാലത്തേക്കുള്ള പ്രവൃത്തികളുടെ ആവശ്യകത തൃപ്തിപ്പെടുത്തുന്ന ഷെൽഫ് ഓഫ് പ്രോജക്ട്സുകളിലൂടെ

1. സാങ്കേതിക അനുമതി നൽകുന്നതിന് മുൻപ് വിശദമായ പരിശോധന നടത്തുന്നതിന് മതിയായ സമയ ലഭ്യത ഉറപ്പാക്കാം
2. അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാം

2.3. എല്ലാ വർഷവും ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നിന്നും ഒഴിവാക്കി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിക്കേണ്ടതാണ്. വാർഷിക കർമ്മ പദ്ധതി എന്നത് പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഉരുത്തിരിയുന്നതും Shelf of Projects-ലേതിനെക്കാളും കുറച്ചു പ്രവൃത്തികൾ ഉൾക്കൊള്ളുന്നതുമായ ഒരു രേഖയാണ്.

2.4. ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ ഇപ്പോൾ രൂപീകരിച്ചുവരുന്ന സെക്യൂർ സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക്

ഉപയോഗിക്കേണ്ടതാണ്. സെക്യൂർ സോഫ്റ്റ്‌വെയർ അവലംബിക്കുന്ന തീയതി മുതൽ ഓരോ പ്രവൃത്തിയുടെയും ഭരണസാങ്കേതികാനുമതികൾ ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്.

2.5. ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് ഒരു പ്രത്യേക ഫയലായി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത ഫയലിൽ എസ്റ്റിമേറ്റ് അബ്സ്ട്രാക്ട്, വിശദമായ എസ്റ്റിമേറ്റ്, സാധനസാമഗ്രികളുടെ വിശദാംശങ്ങൾ, ഡാറ്റാ വിശകലനം, എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച്, ലൊക്കേഷൻ മാപ്പ്, പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള പ്രദേശത്തിന്റെ ഫോട്ടോ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

2.6. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ ഡാറ്റ അവലംബിക്കേണ്ടത് സംസ്ഥാന സർക്കാർ 10.05.2016 ലെ ജി.ഒ(ആർ.റ്റി) നം. 1640/16/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ആയിരിക്കേണ്ടതാണ്. ഇതിൽ സംസ്ഥാനത്ത് പൂർത്തീകരിച്ചിട്ടുള്ള സമയഗതകാലപഠനത്തിലൂടെ കണ്ടെത്തിയിട്ടുള്ള അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ ഔട്ട്ടേൺ അനുസരിച്ചായിരിക്കും അവിദഗ്ദ്ധകായിക തൊഴിലിനുള്ള ഡാറ്റ നിശ്ചയിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ, വിദഗ്ദ്ധ- അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവയുടെ നിരക്ക് ഓരോ ജില്ലയിലെയും പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൂന്ന് മാസത്തിലൊരിക്കൽ നിർണ്ണയിക്കുന്ന പ്രാദേശിക കമ്പോള നിരക്കുകൾ (എൽ.എം.ആർ)അനുസരിച്ചായിരിക്കും.അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ കൂലി നിരക്ക് വർഷാവർഷം കേന്ദ്രസർക്കാർ സി.പി.ഐ എ.എൽ (CPI-AL) മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കുന്നതാണ്.

3. ലേബർ ബഡ്ജറ്റിലെ ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട മാനദണ്ഡങ്ങൾ

3.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നടപ്പാക്കിവരുന്ന സാധാരണ പ്രവൃത്തികളിൽ നിന്നും ഉയർന്ന തലത്തിലുള്ളവയും സംയോജിത പ്രകൃതി വിഭവ പരിപാലനത്തിൽ അധിഷ്ഠിതമായവയുമായ പ്രവൃത്തികളിലേക്ക് സമൂലമായി മാറേണ്ടത് അത്യാവശ്യമാണ്. കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ആസൂത്രിതവും ചിട്ടയോടും കൂടിയ ഭൂവികസന ജലസംരക്ഷണ പ്രവർത്തനങ്ങൾ

ആയിരിക്കണം 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളുടെ അടിസ്ഥാന ലക്ഷ്യം.

നീർത്തടാധിഷ്ഠിത വികസന രീതിശാസ്ത്രം

3.1.1. ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഇപ്രകാരം ഒരു നദീതടത്തെ പല ഉപ നീർത്തടങ്ങളായും ഒരു ഉപനീർത്തടത്തെ പല ചെറു നീർത്തടങ്ങളായും തരം തിരിക്കാം. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവ സമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നുവെന്നതാണ് നീർത്തടത്തിന്റെ പ്രത്യേകത. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാധ്യമാക്കുന്നതിനും, ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത് (Watershed Based approach) ഇടപെടൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് കുന്നിൻ മുകളിൽ നിന്നും താഴ്‌വാരത്തിലേക്ക് നീങ്ങുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത് (Ridge to valley approach) നീർത്തടം എന്നത് വികസനത്തിന്റെ ഒതുക്കമുള്ള ഏകകം (Unit) ആയതിനാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി സാമൂഹ്യവനവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സംയോജിത നീർത്തട വികസന (Integrated Watershed Development) കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടലുകൾ ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തടയണ നിർമ്മാണം: വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത് (Gabion) തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.

ബി) വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണം സാധ്യമാകുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക

സി) കോണ്ടൂർ ബണ്ടിംഗ്: വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാലനിർമ്മിക്കാവുന്ന സ്ഥലങ്ങൾ

ഡി) ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ച് പിടിപ്പിക്കേണ്ട സ്ഥലങ്ങൾ

ഇ) ധാരാളം വേരുപടലങ്ങളുള്ള ഗിനിഗ്രാസ്സ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക

എഫ്) നീർച്ചാലുകൾ വൃത്തിയാക്കൽ: മണ്ണ് വീണ് മൂടിയ നീർച്ചാലുകൾ തെളിച്ച് നീരൊഴുക്കിനുള്ള തടസ്സം മാറ്റേണ്ട നീർച്ചാലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ

ജി) ജൈവ വേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ശെബാബുൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ

എച്ച്) ബ്രഷ്‌വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ): നീർച്ചാലുകളിൽ പാഴ്ത്തടികൾ, മരക്കൊമ്പുകൾ ഉപയോഗിച്ച്

3.1.2. നിലവിൽ, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സംയോജിത നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുള്ളതാണ്. ഇപ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുള്ള മാസ്റ്റർപ്ലാനിന്റെ കാലാവധി അഞ്ച് വർഷമായി നിജപ്പെടുത്തിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരണ വേളയിൽ, മാസ്റ്റർപ്ലാനുകൾ പുതുക്കി തയ്യാറാക്കേണ്ട ആവശ്യകതയുള്ള പഞ്ചായത്തുകളിൽ അവ അടിയന്തിരമായി പുതുക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതും ആയത് ആസൂത്രണ പ്രക്രിയയിൽ ഉപയോഗിക്കേണ്ടതുമാണ്. നീർത്തട മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഭൂവിനിയോഗ വിവരങ്ങൾ, ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ എന്നിവ പട്ടികയായി ചേർത്തിട്ടില്ലാത്ത പക്ഷം ആയത് തയ്യാറാക്കി, അംഗീകാരം നൽകി മാസ്റ്റർപ്ലാനിൽ ഉൾച്ചേർത്തിരിക്കണം. 2017-18 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് ആവശ്യമായ പ്രവൃത്തികൾ കണ്ടെത്തുന്നതിന് ഓരോ നീർത്തടത്തിന്റെയും പങ്കാളിത്ത അതിവേഗ പഠനം (Participatory Rapid Appraisal) നടത്തിയതിനുശേഷമായിരിക്കണം മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടത്.

3.2.പദ്ധതി പ്രവൃത്തികൾ നിർത്തടാധിഷ്ഠിതമായി കണ്ടെത്തുന്ന രീതി

3.2.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3.2.2. നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമി അവയുടെ ഉടമസ്ഥയുടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ മൂന്നായി തിരിക്കാം

എ) വ്യക്തികളുടെ കൈവശമുള്ള കൃഷിഭൂമി

ബി) കൃഷിയ്ക്ക് ഉപയുക്തമായതോ, തരിശായി കിടക്കുന്നതോ ആയ പുറമ്പോക്ക് ഭൂമി

സി) പൊതു ഉടമസ്ഥതയിലുള്ള നീർച്ചാലുകൾ, തോടുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകൾ

3.2.3.പ്രകൃതി വിഭവ പരിപാലനം: നീർത്തട പ്രദേശത്തെ പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരിപാലനവും പുനരുജ്ജീവനവും സാധ്യമാക്കുന്നതിന് ശാസ്ത്രീയവും, സൂക്ഷ്മവുമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഭൂമിയുടെ ഉപരിതലത്തിലെ ഫലഭൂയിഷ്ഠമായ മേൽമണ്ണിനെ സംരക്ഷിച്ചു നിർത്തുവാനും മഴയായി ഭൂമിയിൽ പതിക്കുന്ന ജലത്തെ മണ്ണിലേയ്ക്ക് പരമാവധി കിനിഞ്ഞിറങ്ങുവാൻ സഹായിക്കുന്നതുമായ പ്രവർത്തനങ്ങൾക്കാണ് ഇതിൽ മുൻഗണന നൽകേണ്ടത്. ഭൂമിയുടെ സസ്യാവരണം മെച്ചപ്പെടുത്തുന്ന തരത്തിൽ പൊതുഭൂമിയിലും സ്വകാര്യഭൂമിയിലും വൻതോതിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പൊതു ആസ്തികളായ കുളങ്ങൾ, തണ്ണീർതടങ്ങൾ, കാവുകൾ, നീരുറവകൾ എന്നിവയെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്താവുന്നതുമാണ്. പ്രകൃതി സൗഹാർദ്ദപരമായ ഇടപെടലുകളിലൂടെയും പാരമ്പര്യാഗതവും പ്രാദേശികവുമായ അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തിയുമായിരിക്കണം നീർത്തടങ്ങളിലെ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. സിമന്റ്, പാറ, മണൽ, സ്റ്റീൽ തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ ഏറ്റെടുക്കേണ്ടതുള്ളു.

3.2.4. പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി ഓരോ ലഘുനീർത്തട പ്രദേശത്തെയും (1) മേൽതട്ട് (upper reaches), (2) ഇടത്തട്ട് (middle reaches) (3)താഴെ തട്ട് (lower reaches) എന്നിങ്ങനെ മൂന്നായി തിരിച്ച് , ഓരോ ഭാഗത്തിനും അനുയോജ്യമായ പ്രവൃത്തികൾ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

3.2.5. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു വൃക്ഷം പ്രത്യേകമായി പ്രചരിപ്പിച്ച് നട്ട് പിടിപ്പിക്കേണ്ടതാണ്. ഉദാഹരണത്തിന്, വയനാട് ജില്ലയിൽ ഏറ്റവും അനുയോജ്യവും ആവശ്യവുമായ മുള നട്ട്പിടിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. തീരപ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ പ്രചരിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.2.6. വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പരിപാടി ജില്ലയിൽ വിജയപ്രദമായി ഏറ്റെടുക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആനുവൽ മാസ്റ്റർ സർക്കുലറിന്റെ മലയാള പരിഭാഷയുടെ പേജ് 22 മുതൽ 26 വരെയുള്ള ഭാഗത്തിൽ പരാമർശിക്കുന്ന വിഷയങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് മഴക്കാലത്തിന് മുൻപ് ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ നഴ്സറികൾ എല്ലാ ബ്ലോക്കിലും രൂപീകരിക്കേണ്ടതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.2.7. വ്യക്തിഗത പദ്ധതികൾ:

എ) ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ

ബി) ബയോമാസ്സിന്റെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ

സി) ജൈവ വൈവിദ്ധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ

ഡി) നിലവിലെ ജലസ്രോതസ്സുകളായ കുളം,കിണർ മുതലായവ റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

ഇ) ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത് തുടങ്ങിയ മൃഗസംരക്ഷണപരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ

3.3. PMKSYപ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ പ്രോജക്ട് സമീപനത്തോടെ നീർത്തടവികസന പ്രവൃത്തികൾ സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയും. ഇത്തരം

പ്രവൃത്തികൾ സമഗ്ര നീർത്തട പദ്ധതിയുടെ ഭാഗമായിട്ടല്ലാതെ തനതായി ഏറ്റെടുക്കാൻ പാടുള്ളതല്ല

3.4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻകീഴിലുള്ള നീർത്തട പരിപാലന പ്രവൃത്തികൾ PMKSY യുമായി സമന്വയിപ്പിച്ചുകൊണ്ട് PMKSY നിലവിൽ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ പുതുതായി പോജക്ട് നടപ്പിലാക്കാനുദ്ദേശിക്കുന്നതോ ആയ പ്രദേശത്ത് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം ഏറ്റെടുക്കുമ്പോൾ പ്രവൃത്തികളുടെ ഇരട്ടിപ്പ് (ആവർത്തനം) ഉണ്ടാകാൻ പാടില്ല.

3.5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ, നീർച്ചാലുകൾക്ക് കുറുകേ, മൺചാക്കുകൾ അടുക്കുന്നതിന് പകരമായി, ചരിവുകുറഞ്ഞതോ സമതലമോ ആയ പ്രദേശങ്ങളിൽ ജലസംരക്ഷണ നിർമ്മിതികളായ എർത്തൺ പ്ലഗും ഗ്യാബിയോണും ഇടത്തരം-താഴ്ന്ന പ്രദേശങ്ങളിൽ ഡ്രോപ് സ്പിൽവേയും മണ്ണണകളും നിർമ്മിക്കാവുന്നതാണ്.

3.6. മഴവെള്ള പാച്ചിലിന്റെ ആഘാതങ്ങൾ ലഘൂകരിക്കൽ, മഴവെള്ളകൊയ്ത്ത്, തരിശുനിലങ്ങളെ കൃഷിയ്ക്ക് ഉപയുക്തമാക്കൽ, ലഭ്യമായ എല്ലാ പൊതുസ്ഥലങ്ങളും ഉല്പാദനക്ഷമമാക്കൽ, പട്ടികജാതി-പട്ടികവർഗ്ഗ, ചെറുകിട നാമമാത്ര കർഷകരുടെ ഭൂവികസനം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള സംയോജിത പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും അതുവഴി ആജീവന വ്യവസ്ഥ ശക്തിപ്പെടുത്തലും ലക്ഷ്യമാക്കേണ്ടതാണ്

3.7. പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ സംയോജിത പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളും വ്യക്തികളുടെ ഭൂമിയിലെ പ്രവൃത്തികളും നീർത്തടാധിഷ്ഠിത ഇടപെടലിന്റെ ഭാഗമായി യുക്തിപൂർവ്വം കോർത്തിണക്കാവുന്നതാണ്. സുസ്ഥിരവും ഉല്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് ചിട്ടയോടുകൂടിയ പ്രവൃത്തികളുടെ തെരഞ്ഞെടുപ്പും അതിന്റെ നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

3.8. 2014 ജനുവരി മാസം 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക Iൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഇടപെടുന്നതിന് പദ്ധതി തയ്യാറാക്കുമ്പോൾ, പട്ടിക I ഖണ്ഡിക 5 ൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് മുൻഗണന നൽകി അവരുടെ ഭൂമിയിൽ മതിയായ രീതിയിൽ ഇടപെടലുകൾ നടത്തിയതിന് ശേഷം മാത്രമേ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുള്ളു. 2017-18 സാമ്പത്തിക

വർഷത്തേക്കുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുന്ന വേളയിലും പട്ടിക I ഖണ്ഡിക 5 വിഭാഗത്തിൽ മുൻഗണനക്ക് അർഹരായിട്ടുള്ള എല്ലാ വിഭാഗങ്ങളുടെയും ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്.

4. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 7.1.3 പ്രകാരം ചുവടെ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

4.1. വിഭാഗം എ : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, നിലഅണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ **ജലസംരക്ഷണത്തിനും** ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ **നീർത്തട പരിപാലന പ്രവൃത്തികൾ ;**

iii. സൂക്ഷ്മ-ചെറുകിട **ജലസേചന** പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള **പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;**

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള **മരം വച്ച് പിടിപ്പിക്കലും വനവത്കരണവും,** വൃക്ഷത്തൈ ഉല്പാദനത്തിനായുള്ള നഴ്സറി രൂപീകരണം ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;

vi. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

4.2. വിഭാഗം ബി: **സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)**

i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് **ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി** ഭൂവികസനവും, കിണറുകൾ (Dug well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ **ആജീവനം മെച്ചപ്പെടുത്തൽ;**

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ **തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച്** കൃഷിക്ക് അനുയോജ്യമാക്കൽ; (പ്രവൃത്തിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി തരിശുഭൂമി ആയിരുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഇടപെടലുകൾ ഒറ്റത്തവണ മാത്രമായിരിക്കേണ്ടതുമാണ്)

iv) ഇന്ദിരാ ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന **ഭവന നിർമ്മാണത്തിലെ** അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും വീടിന് ആവശ്യമായ ഉല്പാദിപ്പിക്കപ്പെട്ട നിർമ്മാണ സാമഗ്രികളും;

v) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും;

vi) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന

പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

4.2.1. സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലൂടെ തരിശ്ശുഭൂമി/ കൃഷിചെയ്യാത്ത ഭൂമി എന്നിവ മെച്ചപ്പെടുത്തി കൃഷിയ്ക്ക് ഉപയുക്തമാക്കുകവഴി കാറ്റഗറി ബി വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്ന ഗുണഭോക്താക്കളുടെ വരുമാന വർദ്ധന ഉണ്ടാവേണ്ടതാണ്. സ്വകാര്യഭൂമിയിൽ നിയമത്തിന് നിരക്കാത്തതും കരണീയമല്ലാത്തതുമായ താല്കാലിക ബണ്ട്, മറ്റ് നിർമ്മിതികൾ എന്നിവ ചെയ്തുവന്നിരുന്നു എന്നതാണ് മുൻകാല അനുഭവം. സ്വകാര്യഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഒരു കാരണവശാലും നിലവിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്. ഉല്പാദനപരമല്ലാത്തതും നിലവിലെ പരിസ്ഥിതിയ്ക്ക് ആഘാതം സൃഷ്ടിക്കുന്നതരത്തിലുള്ള ഇത്തരത്തിലുള്ള പ്രവൃത്തികൾക്ക് ഒരു കാരണവശാലും സാങ്കേതികാനുമതി നൽകാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥർ ആയതിന് ഉത്തരവാദികളായിരിക്കും. സ്വകാര്യ ഭൂമിയിൽ ഒരു കാരണവശാലും താത്കാലിക പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

4.3. വിഭാഗം സി : **ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ**

i. കാർഷികോല്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകവഴി **കാർഷികോല്പാദനക്ഷമത** വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

4.4. വിഭാഗം ഡി : **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ**

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം

ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ തുടങ്ങിയ **ഗ്രാമീണ ശുചിത്വവുമായി** ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന **ഗ്രാമീണ റോഡുകളുടെ നിർമ്മാണവും,** ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള **ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;**

iii. **കളിസ്ഥലങ്ങളുടെ** നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള **പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ** മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള **കെട്ടിടങ്ങളുടെ** നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന **ഭക്ഷ്യധാന്യ സംഭരണികളുടെ** നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന **നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;**

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ **അറ്റകുറ്റപ്പണികളും;**

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന **മറ്റ് ഏതൊരു പ്രവൃത്തിയും.**

5. പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

6.വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ). പട്ടികജാതി
(ബി). പട്ടികവർഗ്ഗം
(സി). നാടോടികളായ ആദിവാസികൾ
(ഡി). ഡീനോട്ടിഫൈഡ് ആദിവാസികൾ
(ഇ). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
(എച്ച്). ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
(ഐ). ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
(ജെ). 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും
(വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

7. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടേയും ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. മേൽപ്പറഞ്ഞ എല്ലാ വിഭാഗം കുടുംബങ്ങളും തൊഴിൽ കാർഡ് എടുക്കേണ്ടതും പ്രസ്തുത കുടുംബത്തിലെ കുറഞ്ഞത് ഒരു അംഗമെങ്കിലും സ്വന്തം ഭൂമിയിൽ/വീട്ടുവളപ്പിൽ പ്രവൃത്തിയിലേർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്.

8. പശ്ചിമ ഘട്ടത്തിലെ ചരിവേറിയ പ്രദേശങ്ങളിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുന്ന രീതി അവലംബിക്കുവാൻ പാടില്ലാത്തതാണ്.

9. സംസ്ഥാനത്ത്, പ്രകൃതി സമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ട് നൂതനമായ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള 'മഴപ്പൊലിമ' എന്ന പ്രോജക്ട് വീടുകളിലെ കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശേഖരിച്ച് കിണറുകളിൽ എത്തിക്കുന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പ്രവർത്തനത്തിലൂടെ ജലലഭ്യത വൻതോതിൽ വർദ്ധിപ്പിക്കുവാൻ സാധിക്കും. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട ഇടപെടലാണ് നദീസംരക്ഷണം. പാലക്കാട് ജില്ലയിൽ നിലവിൽ ഗായത്രിപുഴയുടെ സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികൾ കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തി മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എയിൽ ആലത്തൂർ, നെന്മാറ, കുഴൽമന്ദം ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇടപെടലുകൾ കൊല്ലംങ്കോട് ബ്ലോക്ക് പ്രദേശത്തും തൂതപ്പുഴയുടെ വൃഷ്ടി പ്രദേശങ്ങളിലും തുടർന്ന് ഏറ്റെടുക്കുന്നുണ്ട്. ഇക്കാരണത്താൽ, പാലക്കാട് ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ നദീതട സംരക്ഷണത്തിനും പുന:രുജ്ജീവനത്തിനും മുന്തിയ പരിഗണന നൽകേണ്ടതാണ്. ഈ മാതൃകയിൽ നദീസംരക്ഷണ പ്രവർത്തനങ്ങൾ മറ്റ് ജില്ലകളിലും മുൻഗണനയോടുകൂടി ഏറ്റെടുക്കേണ്ടതാണ്.

10. ഒരു സാമ്പത്തിക വർഷം മൊത്തം ചെലവിന്റെ ചുരുങ്ങിയത് 60 ശതമാനമെങ്കിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധം VI ആയി ചേർത്തിട്ടുള്ളതാണ്.

11. 2017-18 സാമ്പത്തിക വർഷത്തിൽ കിണർ റീചാർജ്ജിംഗിന് മുന്തിയ പരിഗണന നൽകേണ്ടതാണ്.

12. ലേബർ മെറ്റീരിയൽ അനുപാതം ഗ്രാമപഞ്ചായത്ത് തലത്തിൽ 60:40 പാലിക്കേണ്ടതാണ്.

13. 2017-18 സാമ്പത്തിക വർഷം നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനാൽ റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികളുടെ ചെലവ് എല്ലായ്പ്പോഴും ഒരു പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ പത്ത് ശതമാനം അധികരിക്കാൻ പാടില്ലാത്തതാണ്.

14. തൊഴിലുറപ്പ് പദ്ധതിയും ഇതരവകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ :

14.1.ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

നീർത്തട മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഉൾനാടൻ ജലസോത്രോസ്സുകൾ തൊഴിലുറപ്പ് പദ്ധതിയിൽ പുനരുദ്ധാരണം നടത്തി മത്സ്യകൃഷി ഏറ്റെടുക്കാവുന്നതാണ്.

'മത്സ്യ സമൃദ്ധി' പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല മത്സ്യഹാച്ചറി, ഉപ്പുജല മത്സ്യകൃഷി വികസന പദ്ധതി, പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതി ഘടകം ഏറ്റെടുക്കാവുന്ന മേഖലകളിൽ സംയോജിപ്പിക്കാവുന്നതാണ്. മത്സ്യ ബന്ധന തൊഴിലാളി കുടുംബങ്ങൾക്ക് കക്കൂസ്, ഖരദ്രവ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം, എന്നിവയും മത്സ്യബന്ധന തൊഴിലാളി കോളനികളിൽ സിമന്റ് കോൺക്രീറ്റ്, ഇന്റർലോക്ക് കട്ടകളുപയോഗിച്ചുള്ള റോഡ് നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

14.2.സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ

മണ്ണുജല സമ്പത്തുകളുടെ ഘടന, തരം എന്നിവ സംബന്ധിച്ച് സാങ്കേതിക വിജ്ഞാനം നൽകുന്നതിനും വികസന പ്ലാനുകൾ തയ്യാറാക്കുന്നതിനും സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. മണ്ണ്/ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ മെയിന്റനൻസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

14.3.ജലസേചന വകുപ്പ്

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കനാലുകളിലെ ചെളിനീക്കം ചെയ്യൽ, കനാൽ ബണ്ടുകളുടെ സംരക്ഷണ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നവയാണ്. എന്നാൽ, 2016-17 ലെ കേന്ദ്രസർക്കാരിന്റെ വാർഷിക മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 2.5.3. ൽ പരാമർശിച്ചിട്ടുള്ള ഈട് ഉറപ്പാക്കിയിരിക്കേണ്ടതാണ്.

14.4. കൃഷിവകുപ്പ്

കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഭൂവികസന പ്രവർത്തനങ്ങൾ, ജലസേചനത്തിനുള്ള കിണർ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പച്ചക്കറികൃഷിക്കു തെരഞ്ഞെടുക്കുന്ന ഭൂമിയിലെ കാട് നീക്കം ചെയ്യൽ, ബണ്ട് നിർമ്മാണം, ഭൂമിതട്ടുതിരിക്കൽ എന്നീ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. തരിശ്ശായി കിടന്ന ഭൂമിയിൽ നെൽകൃഷിക്ക് ബണ്ട് നിർമ്മാണം, ചാലുകീറൽ, ജലസേചനകുളം നിർമ്മാണം, നിലവിലുള്ള കുളങ്ങളുടെ ചെളി നീക്കം ചെയ്യൽ, ആഴംകൂട്ടൽ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാം.

14.5. നാളികേര വികസന പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ കൃഷി ചെയ്യാത്ത പുരയിടങ്ങളിൽ പുതുതായി തെങ്ങിൻതൈ വച്ച് പരിപാലിക്കുന്നതും നിലവിൽ രോഗം ബാധിച്ച

തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതും അനുവദനീയമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ പുതുതായി തെങ്ങ് നട്ട് പരിപാലിക്കുന്നതിനു മാത്രം അനുവദനീയമാണ്. പതുതായി തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതും നിലവിലെ രോഗബാധിതമായ തെങ്ങ് മുറിച്ച് മാറ്റി പുതിയവ വച്ച് പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഒരുക്കൽ, തെങ്ങിൻതൈ നടുന്നതിന് ആവശ്യമായ കുഴി എടുക്കൽ, രണ്ട് വർഷക്കാലത്തേക്ക് തെങ്ങിൻതൈയ്ക്ക് ആവശ്യമായ ജലസേചനം തുടങ്ങിയവ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. (രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, അവ കത്തിച്ച് കളയൽ തുടങ്ങിയവ ഒരു കാരണവശാലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.)

14.6.ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ

കംപോസ്റ്റ് തയ്യാറാക്കൽ, വളം നിർമ്മാണം, ജലസംരക്ഷണനിർമ്മിതികൾ, ചുരുങ്ങിയത് 25 വർഷം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങൾക്ക് ജലസേചനം എന്നിവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

14.7. ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷി, ബയോഗ്യാസ്/ജൈവവളം, കാലിത്തൊഴുത്ത് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

14.8. മൃഗസംരക്ഷണവകുപ്പ്

ആടുവളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളാണ്. കൂടാതെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ എന്ന സ്ഥാപനം സംസ്ഥാനത്ത് നിലവിൽ ഉണ്ട്. ആട്/പന്നി/കോഴി എന്നിവയെ വളർത്തുന്നതിനുള്ള കൂട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യത ഉപയോഗിക്കാവുന്നതാണ്.

14.9. വനം, വന്യജീവി വകുപ്പ്

തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതിപരിപാലന പ്രവർത്തനങ്ങളിലെയും ഗ്രാമീണ ചട്ടകൂട്ടുകളുടെ വികസനത്തിലെയും ഒട്ടുമിക്ക പ്രവർത്തനങ്ങളും വനംവകുപ്പുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സർക്കാർ ഉത്തരവ് വനം വകുപ്പും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനും ഒരുമിച്ച് തയ്യാറാക്കി വരുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വനത്തിലുള്ളിലെ ജലസംരക്ഷണം നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ, ജലസംഭരണികൾ, വനവത്കരണം, നഴ്സറികൾ ആരംഭിക്കൽ, ഭൂവികസനം എന്നിവയും വനവാസികളുടെ ഭൂമിയിൽ ഭൂവികസനം, ജലസംരക്ഷണം, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം,

തുടങ്ങിയവയും വനഭൂമിയിലെ പാതകളുടെ നിർമ്മാണവും വനത്തിലുള്ളിലെ കോളനികളുടെ അടിസ്ഥാന സൗകര്യവികസനവും സാധ്യമാകുന്നതാണ്.

14.10. സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒട്ടനവധി അങ്കണവാടികൾ നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്തവയാണ്. ഇവയുടെ നിർമ്മാണം അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതും 2016-17 സാമ്പത്തിക വർഷത്തിലെ ഒരു മുൻഗണനാ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടങ്കലിന്റെ 5 ലക്ഷം രൂപവരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനുപുറമേ 2 ലക്ഷം രൂപവരെ സാമൂഹികനീതി വകുപ്പ് ധനസഹായമായി നൽകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ഏഴ് ലക്ഷം രൂപയ്ക്ക് പുറമേ അടങ്കൽ പ്രകാരം ആവശ്യമായ തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. അടങ്കൽ തയ്യാറാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സ്റ്റാന്റേർഡൈസ്ഡ് ഡാറ്റ ഉപയോഗിക്കേണ്ടതും നിരക്കുകളുടെ കാര്യത്തിൽ കേരള പി.ഡബ്ല്യൂ.ഡി നിശ്ചയിക്കുന്ന എൽ.എം.ആറും അവലംബിക്കേണ്ടതാണ്. പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം. അങ്കണവാടികളിൽ കെട്ടിടത്തിന് പുറമേ ബേബി ഫ്രണ്ടലി ടോയ്‌ലെറ്റും, കമ്പോസ്റ്റ് കുഴികളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

14.11. പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗക്കാർക്ക് സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണം നടത്തുമ്പോൾ അതിനാവശ്യമായ വേതനഘടകവും, പട്ടികവർഗ്ഗ കുട്ടികൾക്കുള്ള ഹോസ്റ്റലുകളിൽ കളിസ്ഥലങ്ങളുടെ നിർമ്മാണവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്.

14.12.പഞ്ചായത്ത് വകുപ്പ്

ഏറ്റവും കൂടുതൽ സംയോജന സാധ്യതയുള്ള വകുപ്പാണ് പഞ്ചായത്ത്. ഏകദേശം 4000 കോടി രൂപ ഒരു വർഷം ത്രിതല പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടായി സംസ്ഥാന സർക്കാർ നൽകുന്നുണ്ട് ഇതിൽ 50% തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ആകയാൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികളിലെ തൊഴിൽഘടകം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരണ വേളയിൽ തന്നെ സംയോജനം ഫലപ്രദമാക്കാനുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഇതിലേക്ക് പഞ്ചായത്ത് ഒരു സമഗ്ര വികസന പരിപ്രേക്ഷ്യം രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വികസന ഫണ്ട്, പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട വികസന വകുപ്പുകളുടെ ഫണ്ട്, സ്വന്തമായി സ്വരൂപിക്കുന്ന വിഭവം, കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം എന്നിവ

കൂട്ടിച്ചേർത്ത് വികസന പ്രോജക്ടുകളിലൂടെ രൂപീകരിക്കുന്ന സമഗ്ര പദ്ധതിയാണ് പഞ്ചായത്തിന്റെ വികസന പദ്ധതി.

14.13. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

കേന്ദ്രവിഷ്കൃതപദ്ധതിയായി നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) ഇപ്പോൾ പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജന (PMKSY) പദ്ധതിയുടെ നീർത്തടഘടകമെന്ന നിലയിൽ ഗ്രാമവികസന വകുപ്പു വഴി നടപ്പിലാക്കുന്നു. പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഘടകങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം (AIBP) ഡാമുകളുടെയും കനാലുകളുടെയും നിർമ്മാണം

2. 'ഹർഖേത് കോ പാനി'- എല്ലാ കൃഷിയിടങ്ങളിലേക്കും ജലസേചനം എത്തിക്കൽ

3. മോർ ക്രോപ്പ് പെർ ഡ്രോപ്- ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദന വർദ്ധനവ് സാധ്യമാക്കുക

4. നീർത്തടവികസനം

5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള സംയോജിത പ്രവൃത്തികൾ

പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഭാഗമായി എല്ലാജില്ലകളിലും ജില്ലാ ഇറിഗേഷൻ പ്ലാൻ (DIP) തയ്യാറാക്കി വരുന്നു. ഓരോ പ്രദേശത്തും ഏറ്റെടുത്തു നടപ്പിലാക്കേണ്ടുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് 83 നീർത്തട പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ന്റെ അടിസ്ഥാനത്തിലാണ് ഇവയുടെ നിർവ്വഹണം നടത്തുന്നത്. സംസ്ഥാനത്തെ നീർത്തട പരിപാലന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 ലെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ ഇതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. നിലവിൽ, IWMP പദ്ധതി നടപ്പിലാക്കിവരുന്ന പ്രദേശങ്ങളിൽ DPR ൽ ഉൾപ്പെടുത്തിയിട്ടുള്ള അവിദഗ്ദ്ധ തൊഴിൽ ആവശ്യമുള്ള എല്ലാ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്താവുന്നതാണ്.

2. IWMP]ദ്ധതി നിലവിൽ ഇല്ലാത്ത പ്രദേശങ്ങളിൽ ജില്ലാ ഇറിഗേഷൻ പ്ലാനിന്റെ ഭാഗമായി നിരവധി മണ്ണ്-ജല സംരക്ഷ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 ലെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

മുകളിൽ പരാമർശിച്ച വിവിധ വകുപ്പുകളുടെ സംയോജനത്തിന് പുറമേ താഴെ സൂചിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഗ്രഥന സാധ്യതകളും പഞ്ചായത്തുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

1. രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY)
2. കമാന്റ് ഏര്യാ ഡവലപ്പമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (CAD and WM)
3. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ(NHM)
4. സ്വച്ച് ഭാരത് മിഷൻ (SBM)
5. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)
6. ജലനിധി (KRWSA)
7. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)
8. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (NRLM)
9. പ്രധാനമന്ത്രി ആവാസ് യോജന (PMAY)

ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ പട്ടികയും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിനുള്ള ചുവടെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചിട്ടയോടുകൂടി സംഘടിപ്പിക്കേണ്ടതാണ്.

15 ഘട്ടം-1 അയൽകൂട്ടതല ചർച്ച.

15.1. അയൽക്കൂട്ട യോഗത്തിൽ വച്ച് പ്രസ്തുത അയൽക്കൂട്ട പ്രദേശത്ത് കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള ഭൂവികസനവും ജല സമ്പത്ത് മെച്ചപ്പെടുത്തുന്നതിനും മണ്ണ് സംരക്ഷണത്തിനും വനവത്കരണത്തിനും ഉപകരിക്കുന്ന പ്രവർത്തികൾ കണ്ടെത്തണം. അയൽക്കൂട്ടാംഗങ്ങളുടെ അനുഭവത്തിന്റേയും നിരീക്ഷണത്തിന്റേയും അടിസ്ഥാനത്തിലാണ് പ്രവർത്തികൾ നിശ്ചയിക്കേണ്ടത്. ഇപ്രകാരം കണ്ടെത്തുന്ന പ്രവൃത്തികളും ഓരോ അയൽകൂട്ട

അംഗത്തിന്റെ കുടുംബത്തിനും ആവശ്യമായ തൊഴിൽ ദിനങ്ങളും നിർണ്ണയിക്കേണ്ടതാണ്. അയൽകൂട്ട യോഗങ്ങൾ ഒക്ടോബർ മാസം 1 ന് മുൻപായി സംഘടിപ്പിക്കേണ്ടതാണ്. അയൽക്കൂട്ടതലത്തിൽ തൊഴിൽ ആവശ്യമായ ദിനങ്ങളും പ്രവൃത്തികൾ രേഖപ്പെടുത്തുന്നതിനുമുള്ള ഫോറം അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

16. ഘട്ടം-2 വാർഡ്തല ക്രോഡീകരണം

16.1.അയൽകൂട്ട തലത്തിൽ തയ്യാറാക്കുന്ന പ്രവൃത്തികളുടെ ക്രോഡീകരണം അസി; സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന മൂന്ന് മേറ്റ്മാർ എന്നിവർ അടങ്ങുന്ന സമിതിയായിരിക്കും. ഇതിനായുള്ള ഫോറം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു. ഗ്രാമസഭകൾ സംഘടിപ്പിക്കേണ്ടത് ഒക്ടോബർ മാസം 20 ന് ആയതിനാൽ അതിന് മുൻപായി വിവിധ ഡിപ്പാർട്ടുമെന്റുകൾ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ അവർ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പട്ടിക ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ഇപ്രകാരം മറ്റ് ഏജൻസികൾ സമർപ്പിക്കുന്ന പ്രവൃത്തി പട്ടികകൾ കൂടി ഉൾപ്പെടുത്തി വേണം വാർഡ്തല സമിതി വാർഷിക പദ്ധതി ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടത്.

16.2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഒറ്റനോട്ടത്തിൽ ഏതൊരു വ്യക്തിയ്ക്കും കണ്ടെത്തുന്നതിന് കഴിയണം. ഇതിനായി വാർഡിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാതന്നെ വാർഡിന്റെ മാപ്പിൽ രേഖപ്പെടുത്തി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമസഭയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ മാപ്പ് അവതരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്തിലെ കൃഷിഓഫീസർക്കാണ്.

17.ഘട്ടം-3 ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ പരിശീലനം

17.1. ഓരോ പഞ്ചായത്തിലും ഒരേ സമയം എല്ലാ ഗ്രാമസഭകളും സംഘടിപ്പിക്കുന്നതിനും നടത്തിപ്പിൽ സഹായിക്കുന്നതിനും ഗ്രാമസഭയിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനും ശേഷിയും സന്നദ്ധതയുമുള്ള 10-15 പേരടങ്ങിയ ഒരു ടീമിനെ ഫെസിലിറ്റേറ്റർമാരായി കണ്ടെത്തേണ്ടതാണ്. ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുക്കേണ്ടവരെ സംബന്ധിച്ച് മുൻ വർഷങ്ങളിൽ അവലംബിച്ച മാനദണ്ഡങ്ങൾ നടപ്പ് വർഷവും സ്വീകരിക്കാവുന്നതാണ്.

17.2. മുൻ വർഷങ്ങളിൽ ഈ ആവശ്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാരെ നടപ്പുവർഷത്തേയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ഓരോ പഞ്ചായത്തും

തെരെഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാരുടെ ബ്ലോക്ക്തല പരിശീലനം സെപ്തംബർ മാസം 24-ാം തീയതിയ്ക്കുമുൻപായി ബ്ലോക്ക്തലത്തിൽ പൂർത്തീകരിച്ചിരിക്കണം.

18. ഘട്ടം-4 തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ

18.1.തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കേണ്ടതാണ്. ഇത് വാർഡ് അടിസ്ഥാനത്തിലോ 2,3 വാർഡുകൾക്ക് ഒരുമിച്ചോ, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലോ വിളിച്ചുചേർക്കാം. തൊഴിലാളികളുടെ കാഴ്ചപ്പാടും ആശയാഭിലാഷങ്ങളും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിനാണ് തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ച് കൂട്ടേണ്ടത്. പട്ടികജാതി/ പട്ടികവർഗ്ഗ/ സ്ത്രീപങ്കാളിത്തം പ്രസ്തുത ഗ്രാമസഭയിൽ പരമാവധി ഉറപ്പാക്കുന്നതിന് വാർഡ്തലത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയട്ടുള്ള സമിതിയും ഗ്രാമപഞ്ചായത്തും ശ്രദ്ധിക്കേണ്ടതാണ്. തൊഴിലാളികളുടെ ഗ്രാമസഭകൾ ഒക്ടോബർ മാസം 7 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്.

19.ഘട്ടം-5 പൊതുഗ്രാമസഭ

19.1. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ കാലേകൂട്ടി ഓരോ ഗ്രാമപഞ്ചായത്തിലെയും ഗ്രാമസഭാ മീറ്റിംഗുകൾ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും അത് ഒക്ടോബർ മാസം 20-ാം തീയതി സംഘടിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

19.2. അയൽകൂട്ടതലത്തിലെ ലേബർ ബഡ്ജറ്റ് ക്രോഡീകരിക്കുന്ന സമിതിയാണ് കരട് ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ട്സും ഗ്രാമസഭയിൽ ചർച്ചയ്ക്ക് അവതരിപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന കരട് ഷെൽഫ് ഓഫ് പ്രോജക്ട്സിൽ അന്തർഗ്രാമ/അന്തർബ്ലോക്ക്തല പ്രവൃത്തികൾ നിർബന്ധമായും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വാർഡ്തല കോർഡിനേഷൻ കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസൃതമായി കരട് ലേബർ ബഡ്ജറ്റിൽ സമിതിയ്ക്ക് മാറ്റങ്ങൾ വരുത്താവുന്നതാണ്. ഗ്രാമസഭയിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനയും പരാമർശി ക്കപ്പെടേണ്ടതുണ്ട്.

19.3. പൊതുഗ്രാമസഭയിൽ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

19.3.1.ഓരോ ഗ്രാമസഭയിലും എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംഘാടക സമിതികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി വിളിച്ചുചേർക്കേണ്ടതാണ്. ഗ്രാമസഭയുടെ ക്ഷണക്കത്ത് തയ്യാറാക്കി യോഗത്തിന് ഒരാഴ്ച മുൻപെങ്കിലും മുഴുവൻ

കുടുംബങ്ങൾക്കും എത്തിക്കേണ്ടതാണ്. കത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭയുടെ പ്രാധാന്യം, കാര്യപരിപാടി എന്നിവ വ്യക്തമായി വിവരിക്കണം.

19.3.2. ഗ്രാമസഭാകാര്യപരിപാടി:

1. രജിസ്ട്രേഷൻ
2. സ്വാഗതം
3. അധ്യക്ഷപ്രസംഗം
4. സമിതിയുടെ ക്രോഡീകരിച്ച കരട് ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും അവതരിപ്പിക്കൽ
5. വാർഡിലെ പ്രവൃത്തികൾ ഉൾകൊള്ളിച്ചിട്ടുള്ള മാപ്പ് അവതരിപ്പിക്കൽ
6. കരട് ലേബർ ബഡ്ജറ്റ്/പ്രവൃത്തികളുടെ ലിസ്റ്റിൻമേലുള്ള ഗ്രൂപ്പ് ചർച്ച (10 മുതൽ 15 പേർ അടങ്ങുന്ന നാലോ അഞ്ചോ ഗ്രൂപ്പുകൾ തിരിച്ച് കരട് പരിശോധിക്കേണ്ടതാണ്.)
7. ഗ്രൂപ്പ് ലീഡർമാർ പ്ലീനറി സെഷനിൽ ഗ്രൂപ്പ് റിപ്പോർട്ട് അവതരിപ്പിക്കുന്നു.
8. ക്രോഡീകരണം

19.4. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന ഓരോ ഗ്രാമസഭയുടെയും ഫോട്ടോഗ്രാഫ് അടക്കമുള്ള മിനിട്ട്സ് ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും സംസ്ഥാനമിഷന് അയച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്.

20. ഘട്ടം-6 ഗ്രാമ പഞ്ചായത്തുതല ലേബർ ബഡ്ജറ്റ് രൂപീകരണം

20.1. ഗ്രാമസഭകൾ അനുബന്ധം -4 ൽ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും പഞ്ചായത്തുതലത്തിൽ പരിശോധിച്ച് മെച്ചപ്പെടുത്താനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. ഇതിനായി അസി. സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന ആറ് മേറ്റ്മാർ എന്നിവരുടെ സേവനം പൂർണ്ണമായി ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യാൻ ഗ്രാമപഞ്ചായത്ത് തല ശിലപ്ശാല സംഘടിപ്പിക്കണം. ഈ ശിലപ്ശാലയിൽ (i) കാർഷിക കലണ്ടറും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (ii) ലേബർ ബഡ്ജറ്റും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായുള്ള സംയോജനം (iii) നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാ വശ്യങ്ങൾ (iv) മറ്റ്

വികസന പരിപാടികളുമായുള്ള ഉദ്ഗ്രഥന സാധ്യത തുടങ്ങിയവ ചർച്ചചെയ്യണം. പഞ്ചായത്തിൽ അനുവർത്തിക്കേണ്ട പ്രചരണ പരിപാടികളുടെ പ്രവർത്തന രേഖ രൂപീകരിക്കണം, സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയും ചർച്ചയിൽ ഉൾപ്പെട്ടിരിക്കണം. ശില്പശാലയുടെ ശുപാർശകൾ കൂടി പരിഗണിച്ചശേഷം പഞ്ചായത്ത് കമ്മിറ്റി ലേബർ ബഡ്ജറ്റിനും വാർഷിക കർമ്മ പരിപാടിയ്ക്കും അംഗീകാരം നൽകണം. പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റ് ഫോറം III (എ), III (ബി)- യിൽ 27.10.2016 നകം ബ്ലോക്ക് പ്രോഗ്രാം ആഫീസർക്ക് നൽകണം. ഗ്രാമസഭയിൽ അംഗീകരിച്ച എല്ലാ വാർഡുകളിലേയും പ്രവൃത്തികൾ അടങ്ങിയിട്ടുള്ള മാപ്പ് പദ്ധതിയോടൊപ്പം പ്രോഗ്രാം ഓഫീസർക്ക് കൈമാറേണ്ടതാണ്. ഓരോ വാർഡിലെയും മാപ്പ് അതത് ഗ്രാമപഞ്ചായത്തുകൾ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

20.2. ഈ അവസരത്തിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ്, പ്ലാൻ, ഡ്രോയിംഗ്സ്, പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകത, ചെലവ്, പ്രവൃത്തിയുടെ പേര്, പ്രവൃത്തി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ, പ്രവൃത്തിയുടെ വ്യാപ്തി, നീളം, ഏരിയ, പ്രവൃത്തിയുടെ ഗുണം ലഭിക്കുന്ന പ്രദേശം, ജനങ്ങൾ എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് ഓവർസിയർ തയ്യാറാക്കി തുടങ്ങേണ്ടതാണ്.

21. ഘട്ടം-7 ബ്ലോക്ക് പഞ്ചായത്ത് കർമ്മ പദ്ധതി രൂപീകരണം

21.1. ഷെൽഫ് ഓഫ് പ്രോജക്ടും ലേബർ ബഡ്ജറ്റും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ശേഷം ആയതിന്റെ റിക്കോർഡുകളും പ്രമേയവും പ്രോഗ്രാം ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതാണ്. പദ്ധതിയും ലേബർ ബഡ്ജറ്റും ലഭിച്ച് കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസർ ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

21.1.1. സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ ഓരോന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ എന്നും അവ ഈടുറ്റതാണോ എന്നുള്ളതും കൃത്യതയോടുകൂടി പരിശോധിക്കേണ്ടതാണ്. നിയമത്തിൽ അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഭേദഗതി ചെയ്ത പട്ടികയിലെ ഖണ്ഡിക 4(2) പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ പദ്ധതി അംഗീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ പദ്ധതിയ്ക്കൊപ്പം ഓരോ

ഗ്രാമസഭയിലും കൃഷി ഓഫീസർ അവതരിപ്പിച്ച പ്രവൃത്തികളുടെ വാർഡ്തല മാപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

21.1.2. പട്ടികയിലുൾപ്പെടുത്തിയ മൊത്തം പ്രവൃത്തികളുടെ കൂലി, സാധന-വേതന അനുപാതം എന്നിവ നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

21.1.3. ബ്ലോക്കിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലേയും പദ്ധതികൾ ക്രോഡീകരിച്ചാണ് ബ്ലോക്ക് പദ്ധതി രൂപീകരിക്കേണ്ടത്.

21.1.4. ബ്ലോക്ക് പദ്ധതി നവംബർ 5-ാം തീയതിക്കകം ബ്ലോക്ക് പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

21.1.5. ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമസഭയ്ക്ക് സമാനമായി ജനപ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സമർപ്പിച്ചിട്ടുള്ള ലേബർബഡ്ജറ്റ്/ പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതി എന്നിവ പരിശോധിച്ച് ബ്ലോക്ക്തല ലേബർബഡ്ജറ്റ്/ പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതിയ്ക്ക് രൂപം നൽകേണ്ടതാണ്. ഗ്രാമസഭയിൽ അവതരിപ്പിച്ച ഓരോ വാർഡിന്റെയും മാപ്പ് യോഗം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

21.5.6. ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നിരസിക്കുവാൻ പാടുള്ളതല്ല. നിർദ്ദേശങ്ങൾ നിയമപ്രകാരമോ മാർഗ്ഗനിർദ്ദേശങ്ങളാലോ സാങ്കേതികമായി നടപ്പാക്കാൻ പ്രയാസമുള്ളവയാണെന്നും ഏറ്റെടുക്കുവാൻ പാടില്ലാത്തവയാണെന്നും ബോധ്യപ്പെടുന്ന പക്ഷം പ്രോഗ്രാം ഓഫീസർ പ്രസ്തുത വിവരം പ്രത്യേകം രേഖപ്പെടുത്തി ബ്ലോക്ക് തല ക്രോഡീകരിച്ച പദ്ധതിയോടൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയ്ക്കായി നവംബർ 5-ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

21.5.7. ബ്ലോക്ക്തല വാർഷിക വികസന പദ്ധതി ക്രോഡീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ ബ്ലോക്ക് പഞ്ചായത്തുകൾ യാതൊരു കാരണവശാലും മാറ്റുവാൻ പാടുള്ളതല്ല.

21.5.8. ഇപ്രകാരം ബ്ലോക്ക്തല പദ്ധതി രൂപീകരണ വേളയിൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള അന്തർ ഗ്രാമതല പ്രവൃത്തികളെ ബ്ലോക്ക്തല പദ്ധതിയായി പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള അന്തർ ബ്ലോക്ക്തല പ്രവൃത്തികൾ മേൽത്തട്ട് നിർദ്ദേശങ്ങളായി ജില്ലാപഞ്ചായത്തിന്

സമർപ്പിക്കേണ്ടതാണ്. ഇതിനുള്ള ഫോർമാറ്റ് II(എ), II (ബി) യിൽ 15.11.2016 നകം ജില്ലാ പ്രോഗ്രാം കോ- ഓർഡിനേറ്റർ (DPC) ക്ക് നൽകണം.

21.5.9. നവംബർ മാസം 15-ാം തീയതിക്കോ അതിനുമുൻപോ ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് തല വാർഷിക വികസന പദ്ധതി ജില്ലാപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ഈ സമയപരിധി പാലിക്കാത്ത ബ്ലോക്ക് പഞ്ചായത്തുകളുടെ *(നവംബർ മാസം 15-ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ പദ്ധതി സമർപ്പിക്കുവാൻ പരാജയപ്പെട്ട ബ്ലോക്കുകൾ)* ബി.പി.ഒ സമർപ്പിച്ച ബ്ലോക്ക്പദ്ധതി അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യുന്നതാണ്.

22. ഘട്ടം-8 ജില്ലാതല സൂക്ഷ്മപരിശോധനയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും:

22.1. ബ്ലോക്ക് തലത്തിൽ നിന്നും പദ്ധതികൾ ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്കാണ് സമർപ്പിക്കുന്നത്. ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ചെയ്യേണ്ടത്.

- സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ എന്ന് കൃത്യതയോടുകൂടി പരിശോധിക്കേണ്ടതാണ്.
- എല്ലാ പഞ്ചായത്തിലും പ്രവൃത്തികളുടെ കലണ്ടർ അനുസരിച്ച ആവശ്യാനുസരണം ഏറ്റെടുക്കുവാനുള്ള പദ്ധതികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും നവംബർ 22-ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

22.2. ജില്ലാതലത്തിൽ ലേബർ ബഡ്ജറ്റിന്റെ സാങ്കേതിക പരിശോധന നടത്തേണ്ട ഉത്തരവാദിത്വം ജില്ലാപഞ്ചായത്തിന്റെ ദാരിദ്ര്യ ലഘൂകരണ സമിതിയ്ക്കായിരിക്കും. ഈ ആവശ്യത്തിനായി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണവകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ പ്രസ്തുത കർമ്മ സമിതിയിലേക്ക് ജില്ലാ കളക്ടർ കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണത്തിന് ഉപസമിതി നിലവിലില്ലാത്ത ജില്ലകളിൽ ഈ ആവശ്യത്തിനായി അവ രൂപീകരിക്കണം.

22.3. ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ സമർപ്പിച്ച ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്ത് (നവംബർ 30 നകം) അംഗീകരിക്കേണ്ടതും അല്ലാത്തപക്ഷം പദ്ധതി അംഗീകരിച്ചതായി കരുതുന്നതുമാണ്.

22.4. ജില്ലാ പഞ്ചായത്ത്, ഗ്രാമസഭയ്ക്ക് സമാനമായി ജനപ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതും ജില്ലാതല ഷെൽഫ് ഓഫ് പ്രോജക്ട്സ് ഫോറം 1 (എ), 1(ബി)യിൽ തയ്യാറാക്കണം.

22.5. ലേബർ ബഡ്ജറ്റ് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിനുശേഷം

a. തൊഴിൽ നൽകേണ്ട കുടുംബങ്ങളുടെ എണ്ണം
b. സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ
c. പ്രതീക്ഷിക്കുന്ന ചെലവ്
d. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ

എന്നിവ എം.ഐ.എസിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഡേറ്റാ എൻട്രി ചെയ്യേണ്ടതും ആയത് ഡിസംബർ മാസം 20-ാം തീയതിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

23. അംഗീകരിച്ച പ്രവൃത്തികളുടെ ഭരണ-സാങ്കേതിക അനുമതി

23.1. അംഗീകാരം ലഭിച്ച എല്ലാ പ്രവൃത്തികൾക്കും ബന്ധപ്പെട്ട അധികാര സ്ഥാനത്ത് നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാർ കാലകാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സാങ്കേതികമായ എല്ലാ വിശദാംശങ്ങളും പ്രവൃത്തിയുടെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

24.അംഗീകരിച്ച ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ട്സും സംസ്ഥാനമിഷനിൽ സമർപ്പിക്കൽ

24.1.ജില്ലാപഞ്ചായത്ത് അംഗീകരിച്ച ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും ഡിസംബർ മാസം 20-ാം തീയതിയ്ക്കുള്ളിൽ സംസ്ഥാനമിഷന് സമർപ്പിക്കുന്നതിന് എല്ലാ ഡി.പി.സി/ജെ.പി.സിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ മാസം 26-ാം തീയതിയ്ക്കുള്ളിൽ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പരിശോധിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ഡിസംബർ മാസം 24 ന് മുൻപ് ഓരോ ഡി.പി.സി/ജെ.പി.സിയും തങ്ങളുടെ ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും സംസ്ഥാന മിഷന് മുൻപിൽ അവതരിപ്പിക്കേണ്ടതാണ്.

25. അട്ടപ്പാടി പ്ലസ്

25.1. അട്ടപ്പാടി ബ്ലോക്കിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 ദിവസം തൊഴിൽ പൂർത്തീകരിച്ച തൊഴിലാളികൾക്ക് 100 ദിവസത്തെ അധിക തൊഴിൽ പ്രദാനം ചെയ്യുന്ന പദ്ധതിയാണ് അട്ടപ്പാടി പ്ലസ്.

പ്രസ്തുത പദ്ധതിയുടെ ലേബർ ബഡ്ജറ്റും ഷെൽഫ് പ്രോജക്ടും പാലക്കാട് ഡി.പി.സി/ജെ.പി.സിമാർ പാലക്കാട് ജില്ലയിലെ ലേബർ ബഡ്ജറ്റിനൊപ്പം അവതരിപ്പിക്കേണ്ടതാണ്.

25.2.അട്ടപ്പാടിയിലെ പദ്ധതി രൂപീകരണത്തിൽ നിർബന്ധമായും ഊരു കൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഊരു കൂട്ടങ്ങളുടെ നിർദ്ദേശങ്ങളിൽ ഒരു കാരണവശാലും പഞ്ചായത്തുകൾ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

26.ലേബർ ബഡ്ജറ്റ് രൂപീകരണത്തിൽ ഡി.പി.സി/ജെ.പി.സിമാർക്കുള്ള പങ്ക്

26.1. മുകളിൽ സൂചിപ്പിച്ച ചിട്ടയായ പ്രവർത്തനങ്ങളുടെ ഏകോപനം

26.2. പ്രയോജനപരമല്ലാത്തതും അളക്കാൻ പറ്റാത്തതും, കാണാൻ പറ്റാത്തതും ആവർത്തന സ്വഭാവമുള്ളതും 100% സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളും പഞ്ചായത്തുകളുടെ ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പാക്കൽ.

26.3. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ഗ്രാമ/ബ്ലോക്ക് പ്രസിഡന്റുമാരുടെ യോഗം വിളിച്ചുകൂട്ടി വിശദീകരണം നൽകൽ. (പ്രസ്തുത യോഗങ്ങളിൽ നിർബന്ധമായും ജില്ലാകളക്ടർ പങ്കെടുക്കേണ്ടതാണ്).

26.4. ഗ്രാമപഞ്ചായത്തുകളിലെ ലേബർ ബഡ്ജറ്റ് രൂപീകരണവും ആസൂത്രണ പ്രക്രിയയും ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഒരു ടീമിനെ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പരിശീലന ക്ലാസ്സുകൾ എടുക്കുന്നതിൽ സഹായം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളായിരിക്കും ജില്ലാതല ടീമിന്റെ ഉത്തരവാദിത്വം. മുൻ വർഷങ്ങളിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ/ ഐ.പി.പി.ഇ പദ്ധതി രൂപീകരണം എന്നിവയിൽ പങ്കാളികളായവരെ ടീമിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കാവുന്നതാണ്.

26.5. ജില്ലാകളക്ടറുടെയും ജെ.പി.സിയുടെയും ഖണ്ഡിക 25.4. ൽ സൂചിപ്പിച്ച ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ പഞ്ചായത്തുകൾ 17-18 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള 10% പ്രവൃത്തികൾ എങ്കിലും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

26.6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കൽ, ആസൂത്രണം, നിർവ്വഹണം എന്നിവ പരിശോധിക്കുന്നതിന് സബ്കളക്ടർ, അസി:കളക്ടർ എന്നിവർക്ക് ചുമതല നൽകൽ

27.ഡോക്യുമെന്റേഷൻ

27.1. 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും തയ്യാറാക്കുന്ന എല്ലാ നടപടിക്രമങ്ങളും, യോഗങ്ങളും രേഖകളും പ്രത്യേകം ഓരോ പഞ്ചായത്തും ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഇപ്രകാരം ഓരോ പഞ്ചായത്തും ഡോക്യുമെന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഡി.പി.സി/ജെ.പി.സി അവരവരുടെ ലേബർ ബഡ്ജറ്റ് സംസ്ഥാനമിഷനിൽ അവതരിപ്പിക്കുന്ന വേളയിൽ പ്രത്യേകം പരാമർശിക്കേണ്ടതും ആയതിന്റെ കോപ്പികൾ നൽകേണ്ടതുമാണ്.

28. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പാലിക്കേണ്ട സമയവിവര പട്ടിക

സെപ്തംബർ 24 ന് മുൻപായി	പഞ്ചായത്ത്തല നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാനിന്റെ പരിശോധനയും പുതുക്കലും
സെപ്തംബർ 24 ന് മുൻപായി	ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ബ്ലോക്ക്തല യോഗവും പരിശീലനവും
സെപ്തംബർ 24 ന് മുൻപായി	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബ്ലോക്ക്തല എക്സ്റ്റൻഷൻ ഓഫീസർമാർ, വി.ഇ.ഒമാർ, ബ്ലോക്ക്തലത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ, ബ്ലോക്ക്തലത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, പഞ്ചായത്ത് തല ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ തുടങ്ങിയവർക്കുള്ള ഏകദിന പരിശീലനം
ഒക്ടോബർ 1 ന് മുൻപായി	അയൽക്കൂട്ടതല ലേബർ ബഡ്ജറ്റ്/പ്രവൃത്തികൾ രൂപീകരണം
ഒക്ടോബർ 7 ന് മുൻപായി	തൊഴിലാളികളുടെ ഗ്രാമസഭ
ഒക്ടോബർ 15 ന് മുൻപായി	വാർഡ്തല കോർഡിനേഷൻ കമ്മിറ്റി വാർഡ്തല ലേബർ ബഡ്ജറ്റ് രൂപീകരിക്കേണ്ടത്
ഒക്ടോബർ 20 ന് മുൻപായി	പൊതു ഗ്രാമസഭ
ഒക്ടോബർ 25 ന് മുൻപായി	പഞ്ചായത്ത്തല ലേബർ ബഡ്ജറ്റ് രൂപീകരണം
ഒക്ടോബർ 27 ന് മുൻപായി	ഗ്രാമപഞ്ചായത്തിന്റെ ലേബർ ബഡ്ജറ്റ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്നു
നവംബർ 5ന് മുൻപായി	ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ ക്രോഡീകരിച്ച് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു
നവംബർ 15 ന് മുൻപായി	ബ്ലോക്ക് പഞ്ചായത്തുകൾ ബ്ലോക്ക്തല വാർഷിക പദ്ധതി അംഗീകരിച്ച് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കുന്നു.
നവംബർ 22 ന് മുൻപായി	ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറായിട്ടുണ്ടെന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പാക്കി. ജില്ലാ വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുന്നു.
നവംബർ 30ന് മുൻപായി	ജില്ലാ വാർഷിക പദ്ധതി ജില്ലാ പഞ്ചായത്ത് അംഗീകരിക്കുന്നു.

ഡിസംബർ 20 ന് മുൻപായി	പഞ്ചായത്ത് സമർപ്പിച്ച പ്രവൃത്തികളുടെ പട്ടിക പ്രകാരം ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതികൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നു.
ഡിസംബർ 20 ന് മുൻപായി	ജില്ലയുടെ ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും സംസ്ഥാനമിഷന് കൈമാറുന്നു
ഡിസംബർ 2 മുതൽ ഡിസംബർ 20 വരെ	കേന്ദ്രസർക്കാരിന്റെ എം.ഐ.എസിൽ 2017-18 ലെ ലേബർ ബഡ്ജറ്റ് ഡേറ്റാ എൻട്രി പഞ്ചായത്ത്തലത്തിൽ ബ്ലോക്ക് ഡി.ഇ.ഒ മാർ ഐ.റ്റി പ്രൊഫഷണൽ, ബി.പി.ഒ മാർ, ജെ.പി.സിമാർ എന്നിവരുടെ സൂക്ഷമമായ മേൽനോട്ടത്തിൽ നടത്തുന്നു.
ഡിസംബർ 30 ന് മുൻപായി	സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം കൂടി ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നു.
ഡിസംബർ 31 ന് മുൻപായി	കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന് ലേബർ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു

മേൽ നിർദ്ദേശപ്രകാരമുള്ള സമയക്രമം പാലിച്ചുകൊണ്ട് ജില്ലാപ്രോഗ്രാം കോർഡിനേറ്റർമാർ ലേബർബഡ്ജറ്റ് തയ്യാറാക്കി എം.ഐ.എസിൽ ആവശ്യമായ വിവരങ്ങൾ ഉൾച്ചേർത്ത് സംസ്ഥാന തൊഴിലുറപ്പ് മിഷന് ബഡ്ജറ്റ് സമർപ്പിക്കേണ്ടതാണ്.

റ്റി.കെ.ജോസ് ഐ.എ.എസ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്-

1. ഗ്രാമവികസന കമ്മീഷണർ
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
5. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
6. പഞ്ചായത്ത് ഡയറക്ടർ
7. ഡയറക്ടർ, ഫിഷറീസ് വകുപ്പ്
8. ഡയറക്ടർ, മണ്ണ് സംരക്ഷണ വകുപ്പ്
9. ചീഫ് എൻജിനീയർ, ഇറിഗേഷൻ വകുപ്പ്
10. ഡയറക്ടർ, കൃഷി വകുപ്പ്
11. ഡയറക്ടർ,ക്ഷീരവികസന വകുപ്പ്
12. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
13. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, വനം,വന്യ ജീവി വകുപ്പ്
14. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും

15. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ/ പ്രോജക്ട് ഡയറക്ടർമാർക്കും (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ മുഖേന)
16. എല്ലാ ബ്ളോക്ക്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/ സെക്രട്ടറിമാർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
17. ഡയറക്ടർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്
18. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം I

(ജില്ലപഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2017 18) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം I(a)

സംസ്ഥാനം;

ജില്ല :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം:
(2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ ആകെ എണ്ണം :
(2011 സെൻസസ് പ്രകാരം)

വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം :
ഭാഗം 1

മിനിമം കൂലി (രൂപ); 240 രൂപ

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

ഫോറം I(b)

ഭാഗം 2.

	ജോലി നൽകുന്നതിനുള്ള പ്രവർത്തികൾ (shelf of works) സംബന്ധിച്ച വിവരം	മുൻവർഷങ്ങളിലുള്ള സ്പിൽ ഓവർ പ്രവർത്തികളുടെ ആകെ എണ്ണം	തൻ വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം	സ്പിൽ ഓവർ ആകാൻ സാധ്യതയുള്ള തൻവർഷത്തെ പ്രവർത്തികളുടെ എണ്ണം	അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുതിയ പ്രവർത്തികളുടെ എണ്ണം	യൂണിറ്റ് (ക്യൂബിക് മീറ്റർ/ഹെക്ടർ/കി.മീ.)	സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം	എസ്റ്റിമേറ്റ് തുക(ലക്ഷത്തിൽ)		
								അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	സാധന സാമഗ്രികൾ/ വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം ഉൾപ്പെടെ	ആകെ
വിഭാഗം എ പ്രകൃതി വിഭവ പരിപാലന പ്രവൃത്തികൾ	കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;									
	ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (ലേ്യൂമരശിഴ), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;									
	സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;									

വിഭാഗം എ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ	ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;								
	കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;								
	പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.								
വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വ്യക്തിഗത ആസ്തികൾ വിഭാഗങ്ങൾക്കുള്ള കുടുംബങ്ങൾക്ക് (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന മാത്രം)	ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;								
	പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;								
	തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;								

വിഭാഗം. ബി സ്ഥിരമായതും	അസ്വീകരിക്കാനുള്ള അപേക്ഷകൾ	വിജ്ഞാപനം ചെയ്യപ്പെട്ട അപേക്ഷകൾ	സ്വീകരിക്കാനുള്ള അപേക്ഷകൾ
(ഖണ്ഡിക 5 ൽ പറഞ്ഞിരിക്കുന്ന കീഴ്പറഞ്ഞവ)			
(Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സാകര്യങ്ങൾ ഒരുക്കലും;			
മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സാകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർദ്ധിപ്പിക്കുന്ന മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ			
മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനു ഉള്ള അടിസ്ഥാന സാകര്യങ്ങളായ കോഴിക്കൂട്ട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽശേഖരം എന്നിവയുടെ നിർമ്മാണവും;			
ഗ്രാമീണ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അവിഷ്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിഭാജ്യ കായിക ഘടകങ്ങൾ ഘടകം;			

കാർഷികോൽപന്നങ്ങളുടെ ഈടായി സംഭരണ സൗകര്യം ഉൾപ്പെടുത്തുന്നതിന് വിളവെടുപ്പിനു ശേഷം കൂടുതലായി വരുന്ന സാധനങ്ങൾ (Post harvest facilities). ലൈസൻസുള്ള എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ കർഷികോൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.										
വിഷയം (ii) : ഭരണാത്മക ഇനത്തിനു കീഴിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾക്കു ഭരണപരമായ ചെലവുകൾ നിർവ്വഹണവും.										
വിഷയം (iii) : ഭരണാത്മക ഇനത്തിനു കീഴിൽ സ്ഥിതിചെയ്യുന്ന ഗ്രാമവികസന ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ ശമ്പളം	നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖാദി-ഗ്രാമ വ്യവസായ സംസ്കരണത്തിനും മാർക്കറ്റിംഗിനുമുള്ള വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വയംതൊഴിൽ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുടെയായി കൊടുക്കുന്ന സംരംഭങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി സ്കൂൾ ടാലന്റുകൾ, അങ്കണവാടി ടാലന്റുകൾ തുടങ്ങിയ ഗ്രാമീണ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;										
വിഷയം (i)	**ഗ്രാമവികസന ഡയറക്ടറേറ്റ് ഭരണപരമായ ചെലവുകൾ**									
എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടുത്തുള്ള ഗ്രാമത്തിലെ ഇടറോഡ് ഉൾപ്പെടുത്തുകളുടെയും വിധികളുടെയും										

	നിർമ്മാണവും;									
	കളിസ്ഥലങ്ങളുടെ നിർമ്മാണവും;									
	വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (രവമൗ്യ ലിമിശേി), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്ലോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;									
വിഭാഗം VII ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;									
	ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;									
	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;									

	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;									
	ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.									

അനുബന്ധം II

(ബ്ലോക്ക്പഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2017 18) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം II(a)

ബ്ലോക്ക് :

ജില്ല :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം;
(2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ
ആകെ എണ്ണം ;
(2011 സെൻസസ് പ്രകാരം)

വിതരണം ചെയ്ത തൊഴിൽ
കാർഡുകളുടെ എണ്ണം :

മിനിമം കൂലി (രൂപ); 240 രൂപ

ഭാഗം 1

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

ഫോറം II(b)

ഭാഗം 2

	ജോലി നൽകുന്നതിനുള്ള പ്രവർത്തികൾ (shelf of works) സംബന്ധിച്ച വിവരം	മുൻവർഷങ്ങളിലുള്ള സ്പിൽ ഓവർ പ്രവർത്തികളുടെ ആകെ എണ്ണം	തൻ വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം	സ്പിൽ ഓവർ ആകാൻ സാധ്യതയുള്ള തൻവർഷത്തെ പ്രവർത്തികളുടെ എണ്ണം	അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുതിയ പ്രവർത്തികളുടെ എണ്ണം	യൂണിറ്റ് (ക്യൂബിക് മീറ്റർ/ഹെക്ടർ /കി.മീ.)	സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം	എസ്റ്റിമേറ്റ് തുക(ലക്ഷത്തിൽ)		
								അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	സാധന സാമഗ്രികൾ/ വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം ഉൾപ്പെടെ	ആകെ
വിഭാഗം എ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ	കൂടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;									
	ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ									

വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)	ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;									
	പഴകൃഷി, പട്ട്നൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;									
	തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;									
വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ	ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;									
	മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നത ിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നികൂട്,									

വിഭാഗം നാല് : ഭരണഘടന ഗ്രാമീണസംഘടന ഉപജീവന പദ്ധതികൾ ഗ്രാമീണസംഘടനകൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ;									
കാർഷികേതരസ്വകാര്യ ഈടുറ്റ സംരംഭങ്ങൾ സ്വകര്യം ഗ്രാമീണടൂറിസ്റ്റിന് വിളിക്കാവുന്ന ആവശ്യമായി വരുന്ന സ്വകര്യങ്ങൾ (ജീവനോപാധി വകുപ്പ് ഇതരസംഘടനകൾ), കൈവേലയും എന്നിവയ്ക്ക് ആവശ്യമായ സ്ഥാനീയമായ അടിസ്ഥാന സൗകര്യങ്ങൾ വഴി സ്പഷ്ടീകരിക്കുക കാർഷികേതരപദ്ധതികൾക്കായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ;									
കൈത്തൊഴിൽ , ചെറുകിട എന്റർപ്രൈസുകൾ നിർമ്മാണവും;									
മത്സ്യബന്ധന പ്രവർത്തനങ്ങൾ ഉപഗ്രഹസംവിധാനത്തിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന ഒഴുക്കുള്ളിടത്തിൽ (ലോട്ടിക്) മത്സ്യകൃഷി ചെയ്യുന്നതിന് യോഗ്യമായ ഹരിത) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;									

സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്യൂളുകളുടെ നിർമ്മാണവും.										
നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വയസഹായ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ തുടങ്ങിയ ഗാർഹിക ഗാർഹികേതര ബിസിനസ്സ് പ്രവൃത്തികൾ;										
ഗ്രാമീണ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗോഗ്രാമുകളുടെ നിർമ്മാണം, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഇടറോഡ് ഉൾപ്പെടുന്നവ ഉൾക്കൊള്ളുന്ന വർക്കുകളുടെയും നിർമ്മാണവും;										
- കളിസ്ഥലങ്ങളുടെ നിർമ്മാണവും;										

സ്വീകാര്യം (ഗ്രാമീണ തദ്ദേശസ്വയം സ്വയംഭരണസ്ഥാപനങ്ങൾ)

സ്വീകാര്യം (ഗ്രാമീണ തദ്ദേശസ്വയം സ്വയംഭരണസ്ഥാപനങ്ങൾ) :
ഗ്രാമപഞ്ചായത്ത്
മുനിസിപ്പാലിറ്റി
കോർപ്പറേഷൻ

	വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (രവമൗ ൂലിമശേീ), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;									
വിഭാഗം വി ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;									
	ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;									
	മഹാത്മാഗാന്ധി									

	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;									
	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപണികളും;									
	ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.									

അനുബന്ധം III

(ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2017-18) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം III(a)

ജില്ല :

ബ്ലോക്ക് :

ഗ്രാമപഞ്ചായത്ത് :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം;
(2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ
ആകെ എണ്ണം ;

വിതരണം ചെയ്ത തൊഴിൽ
കാർഡുകളുടെ എണ്ണം :

മിനിമം കൂലി (രൂപ); 240 രൂപ

ഭാഗം 1

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

ഫോറം III(b)

ഭാഗം 2

	ജോലി നൽകുന്നതിനുള്ള പ്രവർത്തികൾ (shelf of works) സംബന്ധിച്ച വിവരം	മുൻവർഷങ്ങളിലുള്ള സ്പിൽ ഓവർ പ്രവർത്തികളുടെ ആകെ എണ്ണം	തൻ വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തികളുടെ എണ്ണം	സ്പിൽ ഓവർ ആകാൻ സാധ്യതയുള്ള തൻവർഷത്തെ പ്രവർത്തികളുടെ എണ്ണം	അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുതിയ പ്രവർത്തികളുടെ എണ്ണം	യൂണിറ്റ് (ക്യൂബിക് മീറ്റർ/ഹെക്ടർ/കി.മീ.)	സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം	എസ്റ്റിമേറ്റ് തുക(ലക്ഷത്തിൽ)		
								അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	സാധന സാമഗ്രികൾ/ വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം ഉൾപ്പെടെ	ആകെ
വിഭാഗം എ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ	കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ;									
	ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ									

	പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ;									
	സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;									
വിഭാഗം എ പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ	ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;									
	കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;									
	പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.									

വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)	ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (ഊഴഴ ംലഹഹ), കുളങ്ങൾ (ളമ്യാ ൂീറ), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;									
	പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;									
	തരിശ് ഭൂമി/ പാഴ്ഭൂമി (ളമഹഹീം ീ ംമലേ ഹമിറ) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;									
വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന	ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;									
	മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ									

	കുട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;									
	മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;									
വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിച്ചുള്ള സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന **സൗകര്യങ്ങൾ**	കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;									

വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ	സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.									
വിഭാഗം ഡി ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;									
	എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;									
	കളിസ്ഥലങ്ങളുടെ നിർമ്മാണവും;									

	വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (രവമൗ്യ ുലീമശേീ), തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;									
വിഭാഗം ഡി ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഹെഡ്ഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും;									
	ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;									
	മഹാത്മാഗാന്ധി									

അനുബന്ധം IV

ഫോറം- 4(1)

തൊഴിലുറപ്പ് പദ്ധതി വാർഡ്തല തൊഴിൽ ക്രോഡീകരണ ഫോറം

സാമ്പത്തിക വർഷം 2017-18

വാർഡിന്റെ പേര് :

വാർഡിന്റെ നമ്പർ :

വാർഡിനുള്ളിലെ പ്രവൃത്തികൾ/ പഞ്ചായത്തിനുള്ളിലെ പ്രവൃത്തികൾ/ഒന്നിലധികം പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവൃത്തികൾ

ക്രമനം.	മാസം	തൻമാസത്തിൽ പുതുതായി തൊഴിൽ ആവശ്യപ്പെടുന്ന കുടുംബം*	മുൻമാസത്തിൽ / മാസങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ തൊഴിൽ ആവശ്യപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം (cumulative)**	തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങൾ	മുൻമാസത്തിൽ / മാസങ്ങളിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)
1	2	3	4	5	6
1	ഏപ്രിൽ				
2	മേയ്				
3	ജൂൺ				
4	ജൂലൈ				
5	ആഗസ്റ്റ്				
6	സെപ്റ്റംബർ				
7	ഒക്ടോബർ				
8	നവംബർ				
9	ഡിസംബർ				
10	ജനുവരി				
11	ഫെബ്രുവരി				
12	മാർച്ച്				

- ഓരോ മാസവും പുതുതായി തൊഴിലിന് വരുന്ന കുടുംബത്തിന്റെ എണ്ണമാണ് കോളം 2 ൽ സൂചിപ്പിക്കേണ്ടത്. ഉദാഹരണത്തിന് ഒരു കുടുംബം ഏപ്രിൽ മാസത്തിൽ തൊഴിലാവശ്യപ്പെട്ടതിനുശേഷം വീണ്ടും ആഗസ്റ്റ്മാസത്തിൽ തൊഴിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത കുടുംബത്തെ ആഗസ്റ്റ്മാസത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല കാരണം ഈ കുടുംബം ഏപ്രിൽ മാസത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആകെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണമാണ് കോളം 3 ൽ സൂചിപ്പിക്കേണ്ടത്.
- ഓരോ മാസത്തിലും അയൽകൂട്ട അംഗങ്ങൾക്ക് ആവശ്യമുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 5 ൽ ഉൾപ്പെടുത്തേണ്ടത്
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആവശ്യപ്പെട്ടിട്ടുള്ള ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 6 ൽ ഉൾച്ചേർക്കേണ്ടത്..

അനുബന്ധം IV

ഫോറം- 4(2)

തൊഴിലുറപ്പ് പദ്ധതി വാർഡ്തല പ്രവൃത്തി നിർണ്ണയ ഫോറം

സാമ്പത്തിക വർഷം 2017-18

വാർഡിന്റെ പേര് :

അയൽകൂട്ടത്തിന്റെ പേര് :

ആകെ കുടുംബങ്ങളുടെ എണ്ണം :

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം :

അയൽകൂട്ടത്തിന്റെ ഭൂവിസ്തൃതി :

ക്രമനം	അയൽകൂട്ടത്തിൽ നിന്നും നിർദ്ദേശിക്കുന്ന പ്രവൃത്തി	പ്രവൃത്തിയുടെ തരം*	പ്രവൃത്തിസ്ഥലത്തിന്റെ സർവ്വേ നം	പ്രവൃത്തിസ്ഥലത്തിന്റെ ഉടമസ്ഥാവകാശം (പൊതുഭൂമി/സ്വകാര്യഭൂമി)	പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഉചിതമായ മാസം/മാസങ്ങൾ**

1. വാർഡിനുള്ളിലെ പ്രവൃത്തികൾ/ പഞ്ചായത്തിനുള്ളിലെ പ്രവൃത്തികൾ/ഒന്നിലധികം പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവൃത്തികൾ എന്നിവ ഓരോന്നിനും പ്രത്യേകം പ്രത്യേകം ഫോറങ്ങളിലായി രേഖപ്പെടുത്തുക
2. മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് വരുന്ന പ്രവൃത്തികൾ,റോഡ് നടപ്പാത, നിർമ്മാണ വസ്തുക്കൾ ആവശ്യമായിവരുന്ന പ്രവൃത്തികൾ, വ്യക്തിഗത സ്വകാര്യഭൂമിയിലെ ഇടപെടീൽ എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേകം ഫോറങ്ങളോ അല്ലെങ്കിൽ ഓരോയിനവും പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തുക
3. കാർഷിക പണികൾ ഉൾപ്പെടെ മറ്റു ജോലികൾ ലഭ്യമല്ലാത്ത കാലഘട്ടത്തിൽ ആയിരിക്കണം ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നിശ്ചയിക്കേണ്ടത്.

അനുബന്ധം V

ഫോറം- 5(1)

തൊഴിലുറപ്പ് പദ്ധതി അയൽക്കൂട്ടതല തൊഴിൽ നിർണ്ണയ ഫോറം

സാമ്പത്തിക വർഷം 2017-18

വാർഡിന്റെ പേര് :

അയൽക്കൂട്ടത്തിന്റെ പേര് :

ആകെ കുടുംബങ്ങളുടെ എണ്ണം :

തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം :

ക്രമനം	മാസം	തൻമാസത്തിൽ പുതുതായി തൊഴിൽ ആവശ്യപ്പെടുന്ന കുടുംബം*	മുൻമാസത്തിൽ / മാസങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ തൊഴിൽ ആവശ്യപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം (cumulative)**	തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങൾ	മുൻമാസത്തിൽ / മാസങ്ങളിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)
1	2	3	4	5	6
1	ഏപ്രിൽ				
2	മേയ്				
3	ജൂൺ				
4	ജൂലൈ				
5	ആഗസ്റ്റ്				
6	സെപ്റ്റംബർ				
7	ഒക്ടോബർ				
8	നവംബർ				
9	ഡിസംബർ				
10	ജനുവരി				
11	ഫെബ്രുവരി				
12	മാർച്ച്				

- ഓരോ മാസവും പുതുതായി തൊഴിലിന് വരുന്ന കുടുംബത്തിന്റെ എണ്ണമാണ് കോളം 2 ൽ സൂചിപ്പിക്കേണ്ടത്. ഉദാഹരണത്തിന് ഒരു കുടുംബം ഏപ്രിൽ മാസത്തിൽ തൊഴിലാവശ്യപ്പെട്ടതിനുശേഷം വീണ്ടും ആഗസ്റ്റ്മാസത്തിൽ തൊഴിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത കുടുംബത്തെ ആഗസ്റ്റ്മാസത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല കാരണം ഈ കുടുംബം ഏപ്രിൽ മാസത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആകെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണമാണ് കോളം 3 ൽ സൂചിപ്പിക്കേണ്ടത്.
- ഓരോ മാസത്തിലും അയൽകൂട്ട അംഗങ്ങൾക്ക് ആവശ്യമുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 5 ൽ ഉൾപ്പെടുത്തേണ്ടത്
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആവശ്യപ്പെട്ടിട്ടുള്ള ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 6 ൽ ഉൾച്ചേർക്കേണ്ടത്..

അനുബന്ധം V

ഫോറം- 5(2)

തൊഴിലുറപ്പ് പദ്ധതി അയൽകൂട്ടതല പ്രവൃത്തി നിർണ്ണയ ഫോറം

സാമ്പത്തിക വർഷം 2017-18

വാർഡിന്റെ പേര് :
അയൽകൂട്ടത്തിന്റെ പേര് :
ആകെ കുടുംബങ്ങളുടെ എണ്ണം :
തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം :
അയൽകൂട്ടത്തിന്റെ ഭൂവിസ്തൃതി :

ക്രമനം	അയൽകൂട്ടത്തിൽ നിന്നും നിർദ്ദേശിക്കുന്ന പ്രവൃത്തി	പ്രവൃത്തിയുടെ തരം*	പ്രവൃത്തിസ്ഥലത്തിന്റെ സർവ്വേ നം	പ്രവൃത്തിസ്ഥലത്തിന്റെ ഉടമസ്ഥാവകാശം (പൊതുഭൂമി/സ്വകാര്യഭൂമി)	പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഉചിതമായ മാസം/മാസങ്ങൾ**

- ഏതു തരം പ്രവൃത്തി എന്നത് രേഖപ്പെടുത്തുക ഉദാ: ജലസംരക്ഷണം, ജലകൊയ്ത്ത്, കാട്ട്കല്ല്കൊണ്ടുള്ള തടയണ, ഗേബിയോൺ തടയണ, കുളം, ടാങ്ക്, തലകുളം, അടിയണ, മൺതടയണ, ഉറവകളുടെ നിർമ്മാണം, ചെക്ക്ഡാം,നഴ്സറികൾ സ്ഥാപിക്കൽ,വനംപ്രദേശങ്ങളിലെ പരിസ്ഥിതി പുനരുജ്ജീവനം,തോട്,പൊതുകിണർ,പഴകൃഷി, കമ്പോസ്റ്റിംഗ്, കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്,വ്യക്തിഗത കക്കൂസ് നിർമ്മാണം തുടങ്ങിയവ

** കാർഷിക പണികൾ ഉൾപ്പെടെ മറ്റു ജോലികൾ ലഭ്യമല്ലാത്ത കാലഘട്ടത്തിൽ ആയിരിക്കണം ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നിശ്ചയിക്കേണ്ടത്.

അനുബന്ധം -VI

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം കൃഷിയും അനുബന്ധ മേഖലകളുമായി നേരിട്ടു ബന്ധപ്പെ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1 ലെ വിഭാഗം	പ്രവൃത്തികൾ
I. വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ	i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ **ജലസംരക്ഷണത്തിനും** ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ; **ii.** ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണ തുടങ്ങിയ **നീർത്തട പരിപാലന പ്രവൃത്തികൾ ;** iii. സൂക്ഷ്മ-ചെറുകിട **ജലസേചന** പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾ ; **iv.** ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള **പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം;** v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള **മരം വച്ച് പിടിപ്പിക്കൽ വനവത്കരണം,** ഹോർട്ടികൾച്ചർ പ്രവൃത്തികൾ ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം നിയമത്തിലെ പട്ടിക I ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്; vi. മേച്ചിൽ സ്ഥലങ്ങളുടെ വികസനം; സൈറ്റ്ലോ തുടങ്ങിയ ദീർഘകാല പുൽച്ചെടികൾ vii. മുള, റബ്ബർ, തെങ്ങ് പ്ലാന്റേഷൻ viii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ.
II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)	i) നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് **ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി** ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ; ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, മറ്റ് പ്ലാന്റേഷനുകൾ, ഫാംഫോറസ്ട്രി എന്നിവയിലൂടെ **ആജീവനം മെച്ചപ്പെടുത്തൽ;** iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ **തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land)**

	വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ; iv) മേച്ചിൽ സ്ഥലവികസനം: സൈറ്റ്ലോ, വെട്ടിവർ തുടങ്ങിയ ദീർഘകാല വിളകളുടെ വികസനം v) മുള, റബ്ബർ, തെങ്ങ് പ്ലാന്റേഷൻ vi) **മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള** അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട് (ഹാച്ചറി), ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം; vii) **മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്** ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യസംഭരണ കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്തെ വെള്ളം സംഭരിക്കുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യകൃഷിയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ viii) ജൈവവളം (NADEP, മണ്ണിര കമ്പോസ്റ്റിംഗ് തുടങ്ങിയവ)
III. വിഭാഗം സി : ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ	i. കാർഷികോത്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളങ്ങൾ (NADEP, മണ്ണിര കമ്പോസ്റ്റിംഗ്) എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി **കാർഷികോത്പാദനക്ഷമത** വർദ്ധിപ്പി ക്കുന്നതിനുള്ള പ്രവൃത്തികൾ;
IV. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	i. ദേശീയ ഭക്ഷ്യസുരക്ഷാനിയമം -2013 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന **ഭക്ഷ്യധാന്യ സംഭരണികളുടെ** നിർമ്മാണം

GOVERNMENT OF KERALA

Abstract

Local Self Government Department – Mahatma Gandhi NREGA - Guidelines for identification, training, deployment and payment of Barefoot Technicians-Orders issued.

==========

LOCAL SELF GOVERNMENT (DD) DEPARTMENT

GO(Rt.)No.2833/2016/LSGD **Dated, Thiruvananthapuram, 05.10.2016**

==========

Read: - 1. Letter no:J-11011/11/2015-RE(I) dated 19.08.2016 from Ministry of Rural Development

2. Letter No.719/EGS B/2015/REGS dated 30.09.2016 of Mission Director, Mahatma Gandhi NREG State Mission, Kerala.

ORDER

The Annual Master Circular of Government of India for 2016-17 specify that in order to meet the requirements of planning, preparation of estimates, giving of mark-out on the ground and taking of measurement of the work done, there shall be core staff in place. Para 16 of the Schedule I of the Mahatma Gandhi NREGA stipulates that the State Government may select suitable persons from the families of workers and train or skill them and deploy as barefoot engineers with appropriate delegation of technical powers and paid wages as skilled workers.

2. Government of India as per letter read as Ist paper above has requested to depute the first batch of trainees who have completed BFT training as supporting hands to the existing technical personnel. As per the letter read as 2nd paper above the Mission Director has requested to issue guidelines for identification, training, deployment and payment of BFTs within the contours of Central Guidelines.

3. In the circumstances, Government are pleased to issue guidelines for identification, training, deployment and payment of BFTs as appended.

(BY ORDER OF THE GOVERNOR)
Dr.V.K.BABY I.A.S
SPECIAL SECRETARY TO GOVERNMENT

To

1.Mission Director, MGNREGS, Thiruvananthapuram
2.The Principal Accountant General (Audit), Kerala.
3.The Accountant General(A&E),Thiruvananthapuram
4.Commissioner for Rural Development
5.Director, State Institute of Rural Development
6. The Director, Information Kerala Mission, Thiruvananthapuram.
7. Stock File/Office Copy

Forwarded /by order

Section Officer

APPENDIX

Bare Foot Technicians (BFTs)

Guidelines for identification, training, deployment and payment:

1. Para 16 of the Schedule I of the Mahatma Gandhi NREGA stipulate that the State Government may select suitable persons from the families of workers and train or skill them and deploy as barefoot engineers with appropriate delegation of technical powers and paid wages as skilled workers. The justification for selecting suitable persons belonging to the families of workers emanate from Para 16 of Schedule I itself wherein it is laid down that the State Government shall ensure adequate technical personnel at the implementation level to record measurements of works within three days of closure of the muster roll

The Annual Master Circular of Government of India for 2016 17 specify that In order to meet the requirements of planning, preparation of estimates, giving of mark-out on the ground and taking of measurement of the work done, there shall be core staff in place. The State Government shall ensure that the following core staff are in place:

a) *At the worksite for supervision, there shall be a 'mate' for every 50 workers. The mate shall be paid from work charge and be given tasks such as: giving mark out, taking measurement, maintaining the measurement book and updating the Job Cards with details for each worker of quantum of work done and wages received.*

b) *For every 5 Gram Panchayats or 2,500 active JCs, there shall be a 'Technical Assistant' for measuring and recording of measurement in the MB every week or soon after the closure of muster, whichever is earlier.*

c) *If suitable persons are not available as mentioned above or if the State Government so decides, a Barefoot Technician (BFT) from a worker household may be utilised. The BFT shall be authorised to discharge the same functions as the Technical Assistant.*

2. 'Barefoot Technician' is an educated person identified from the local Mahatma Gandhi NREGA worker households or from among the mates/supervisors and specially trained in civil engineering concepts using a customized training module such that she/ he, acquires required

skills for identification and estimation of works, giving mark-out for works in the field and record measurement of the work done in the Measurement-Book of the Mahatma Gandhi NREGA. One BFT can be engaged for every 2,500 active job cards.

3. **Eligibility:** The following shall be the eligibility criteria for selection as BFT:

   a. Shall be from an 'active' (should have worked in the last two years) worker household/ Mate/supervisor.
   b. Shall have 10th standard education at the minimum
   c. Preferably shall be resident of the local area.
   d. Adequate representation shall be given to SC/ ST candidates.
   e. At least half of the BFTs deployed shall be women.

4. **Identification:** The Programme Officer shall be authorized to identify the areas requiring services of a BFT, which shall be done keeping in view the scope already stated in Para 1.1.
5. **Customised Module**: The module for the BFT consists of 12 Learning Units and 1 Trainers Guide. This is available as open source on the Ministry website.
6. **Training**: The candidates so identified shall be sponsored by the State Government for successful completion of the training programme that would be run for 3 months in identified institutions as per the customised module. National Institute of Rural Development (NIRD), Hyderabad will anchor this process and work with the State Institute of Rural Development (SIRD)/any other institutions as decided by the State Government to deliver the training with the support of the Ministry. The following are the steps to be taken:

   a. State Government to nominate trainers as per following criteria; experience in implementing Mahatma Gandhi NREGA, delivering training, qualification in civil engineering. Nominations from SIRD's/any other institution may be considered.

   b. Ministry to facilitate Training of Trainers on customised module.

   c. Administration of screening test to select candidates by SIRD/any other institution as decided by the State Government.

d. Delivery of 90 day training led by at least two trainers at SIRD/any other institution as decided by the State Government as per customised module.

e. Central Government will bear the cost of the training as per DDU-GKY norms and place funds with SIRDs.

7. **Certification**: DDU-GKY will assist in providing certification of all candidates upon completion of training as per the Skills framework.

8. **Role and entitlements of BFT candidates**

   a. Attend screening test conducted by SIRD'
   b. Undertake 90 day training including field components as per Training Calendar
   c. Receive the Training Kit
   d. Receive stipend fixed by Government of India
   e. Attend the assessment test conducted by Agricultural Skill Council of India (ASCI)
   f. Eligibility to receive Certificate if qualified in the test
   g. On certification, the candidate will be designated as Bare Foot Technician, receive letter of deployment with role responsibility and reporting structure
   h. BFTs have the entitlement to acquire a skill, not a job or a full time position
   i. Entitled to do unskilled manual work with the Job Card with a condition that such work is not supervised by the BFT himself/herself

9. **Employment**: On successful completion of the training and certification, the candidates shall be designated as skilled worker for the identified area. The following conditions may be adhered to by the DPC while posting the trained BFTs

   a. The DPC shall asses the existing staff strength in the Panchayats/cluster of Panchayats and assess whether they can carry out their functions such as identification and estimation of works, giving mark-out for works in the field and record measurement of the work done in the Measurement-Book of the Mahatma Gandhi NREGA within 3 days from the closure of the MR
   b. In case, if it is found that the existing staffs is not sufficient to carry out the task, the

DPC shall explore the possibility of designating Technical Assistants as explained in Para 2(b) above.

c. The BFTs can be placed by the DPC if he/she is convinced that the above two alternatives are insufficient to record measurements within three days from the closure of MR

d. The DPC shall assess the GPs where the service of BFTs is required through BPOs. The BPO shall certify to DPC the names of GPs where the service of the BFT is required after considering the need for an additional man power.

e. As and when the number of Active Job Card holders in a GP falls below 2500, the service of the BFT in the said GP gets terminated. In such situation, the BPO may deploy the removed BFT to another GP (nearest) coming under his/her jurisdiction.

f. On the basis of the recommendation of the BPO, the DPC shall designate the required numbers of BFTs to the Panchayat/Cluster of Panchayat

g. The administrative authority of the deployed BFT will be the Programme Officer of the concerned Panchayat/cluster of Panchayat

h. The BFT shall report before the concerned PO with the following documents

   I. BFT Certificate issued by NSDC –ASCI confirming to the NSQF – 04

   II. 10th pass certificate

   III. MGNREGA Job card of the HH

i. After completing the certification verification satisfactorily, the PO shall issue proceedings deploying the BFT under the supervisory control of the GP Secretary. The GP Secretary on receipt of the proceedings will attach the BFT with the MGNREGA technical team in the GP. Thereafter, after consultation with the senior member of the technical team, the GP Secretary will inform the number of days the service of BFT is required in a month in advance. The attendance sheet will be maintained at the GP office and on the last working day of the month, the Secretary shall send the copy of the sheet to the PO with his/her specific recommendation. It is the responsibility of the BDO/BPO to ensure that Secretary assigns work optimally for the required days only.

j. All BFTs shall own a smart phone that can be used to help him/her in executing

his/her responsible works effectively including geo tagging of assets

k. The BFT before entering into duty shall execute an agreement confirming the conditions stated above. The period of agreement will be one year. The agreement can be extended further based on the performance of the BFT recommended by the GP Secretary and approved by the PO

l. The GP Secretary shall place the BFT in the MGNREGA technical team in the Panchayat. The BFT will be responsible to report before the senior most Accredited Engineer of the GP. In case, there is no Accredited Engineer, the BFT shall report to the senior most Overseer

m. The BFT shall be responsible to (a) assist the Engineer/Overseer in identifying the scope and nature of the proposed works (b) Assist in technical survey, setting out of works, planning and helping the Engineer/Overseer in estimation of works (c) Conducting the Project initiation meetings in consultation with the Engineer/Overseer (d) Supervise/Oversee works (e) Distribution and collection of Musters (f) Help the Engineer and Overseer to maintain technical records and registers (g) Any other work entrusted by PO or Secretary GP in connection with MGNREGS

n. The monthly report submitted by the Secretary to the BPO on the last day of the month shall mention the number of days the BFT actually worked, a brief write up on the performance of the BFT and the number of days the service of the BFT is required in the next month

o. The skilled wages eligible will be paid month wise. The skilled wages will be booked under material component of MGNREGS. The BFT shall open a bank account with Aadhaar seeding and the same may be handed over to the Accountant cum DEO of the Block. The wages due for a month will be credited to the account of the BFT by way of eFMS through the PO Login in.

p. The BFT will be eligible for daily wage rate as applicable to helper technician in the Kerala PWD LMR (Code 01.61)

q. The BFT is expected to exercise his responsibilities with due diligence and attentiveness in such a way that all actions are done bona fide and nothing will go

against the interest of Government and no public money is wasted. In case dereliction of duty, careless supervision, wrongful measurements, disobedience, misbehaviour, poor performance and insubordination is detected or reported, the Secretary may immediately report the matter to the PO. The PO should conduct a summary enquiry and if found culpable, the BFT may be removed forth with along with intimation to the DPC and Secretary. No appeal will lie against the Order of the PO.

r. A BFT removed by PO will be blacklisted for a period of one year

GOVERNMENT OF KERALA

Abstract

Local Self Government Department – MGNREGS – Constitution of GeoMGNREGA Working Group - orders issued.

LOCAL SELF GOVERNMENT (DD) DEPARTMENT

GO(Rt.)No.2894/2016/LSGD **Dated, Thiruvananthapuram, 17.10.2016**

Read: Letter No.542/EGS C/16/REGS dated: 24/09/2016 from the Mission Director, MGNREGS.

ORDER

In the letter read above, the Mission Director, MGNREGS has informed that as per the instruction from Government of India, all assets created under MGNREGA have to be geo-tagged and a GeoMGNREGA Working Group has to be constituted to resolve the issues related to asset mapping, geo-coordinates, picture validation and data consistency of the state.

2. Government have examined the matter and are pleased to constitute a GeoMGNREGA Working Group consisting of the following members.

1. Special Secretary I, LSGD(Chairman)
2. Mission Director, MGNREGS(Convenor)
3. Joint Development Commissioner(RE) & State Nodal Officer(SGNO),MGNREGS State Mission
4. Joint Development Commissioner & Programme officer(P,M&E),MGNREGS State Mission
5. Joint Programme Coordinator & District GIS Nodal Officer(DGNO),Wayanad District
6. Joint Programme Coordinator & District GIS Nodal Officer(DGNO),Malappuram District
7. Joint Programme Coordinator & District GIS Nodal Officer(DGNO),Thiruvananthapuram District
8. Deputy Development Commissioner & Programme Officer(IT)MGNRGA State Mission
9. eFMS Consultant,MGNREGS State Mission
10. Smt.Susy, NIC Kerala

(BY ORDER OF THE GOVERNOR)
D.SANTHOSH
DEPUTY SECRETARY TO GOVERNMENT

To

1. The Special Secretary-I, LSGD
2. The Mission Director, MGNREGS, Thiruvananthapuram.
3. The Principal Accountant General (Audit), Kerala.
4. The Accountant General (A&E), Thiruvananthapuram
5. All the Members of the committee(through MD,MGNREGS)
6. The Director, Information Kerala Mission, Thiruvananthapuram.
7. Stock File/Office Copy

Forwarded by order

Section officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന് സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാ.ധാ)നം. 2969/16/തസ്വഭവ തിരുവനന്തപുരം, തീയതി, 31.10.2016

==========

പരാമർശം: 1. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിലിന്റെ 18- മത് യോഗത്തിലെ തീരുമാനം

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 01.09.2016 ലെ 1489/ഇ.ജി.എസ്.എ./16/ആർ.ഇ.ജി.എസ്(4) നമ്പർ കത്ത്

ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് കൗൺസിലിന്റെ പതിനെട്ടാമത് യോഗം സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന് സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനും ഒരു സമിതിയെ രൂപീകരിക്കുന്നതിന് തീരുമാനിച്ച വിവരം പരാമർശം (2) മുഖേന മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളാണ് സമിതിയുടെ പരിഗണനയ്ക്കായി കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്.

i)രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ലഭ്യമായ ഭൂമിയുടെ അളവ് കുറവാണ്. എന്നാൽ താരതമ്യേന കൂടുതൽ ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് കേരളം. ഇക്കാരണത്താൽ സംസ്ഥാനത്ത് പൊതുഭൂമിയുടെ ലഭ്യത കുറവാണ്. ഇക്കാരണത്താൽ തൊഴിലുറപ്പ് പദ്ധതിയിൽ ഇപ്പോൾ അനുവദനീയമായ പല പ്രവൃത്തികളും സംസ്ഥാനത്ത് ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സംസ്ഥാനത്തെ ദീർഘമേറിയ തീരപ്രദേശങ്ങളിലും, മലയോരങ്ങളിലെ തോട്ടം മേഖലയിലും ഇപ്പോൾ തൊഴിലാളികളുടെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള പ്രവൃത്തികൾ കണ്ടെത്തുന്നതിന് പഞ്ചായത്തുകൾ നന്നേ ബുദ്ധിമുട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ഇരുപത്തിമൂന്ന് ലക്ഷം സജീവ തൊഴിലാളികൾക്ക് (Active Workers) തൊഴിൽ ലഭിക്കുന്നതിനുവേണ്ടി കൂടുതൽ മനുഷ്യാദ്ധ്വാനം ആവശ്യമുള്ള പ്രവൃത്തികൾ കണ്ടെത്തുക.

ii)സംയോജിത നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ പദ്ധതി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ പ്രത്യേക ഭൗതിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതും ആസ്തികളും തൊഴിൽ ദിനങ്ങളും ഒരുപോലെ സൃഷ്ടിക്കുന്നതിന്

സഹായകരവുമായ പ്രവൃത്തികൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കായി താഴെപ്പറയുന്ന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. ഡോ. സി.പി. വിനോദ്
2. ഡോ. എൻ.കെ. ശശിധരൻ പിള്ള
3. ശ്രീ. വി.കെ. മധു, എസ്.
4. ഡോ. ടി.എൻ. സീമ

4. സമിതിയ്ക്ക് ആവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുന്നത് സംസ്ഥാന തൊഴിലുറപ്പ് മിഷനിലെ പ്രോഗ്രാം ഓഫീസറുടെ (പി.,എം & ഇ) ചുമതലയായിരിക്കും.

5. സമിതി 60 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. യോഗത്തിൽ പങ്കെടുക്കുന്നതിന് സമിതി അംഗങ്ങൾക്ക് അനുവദനീയമായ യാത്രാപ്പടി/ദിനബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.ആർ.ദിലീപ് കുമാർ
അഡീഷണൽ സെക്രട്ടറി

To

1. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
2. എല്ലാ സമിതി അംഗങ്ങൾക്കും(മിഷൻ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

By സെക്രട്ടറി, LKM

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ജലസുഭിക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം.161/16/തസ്വഭവ തിരുവനന്തപുരം, തീയതി, 09.11.2016

==========

പരാമർശം: - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15-10-2016-ലെ 3245/ഇ.ജി.എസ്.ഏ/16/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ ജല സ്രോതസ്സുകൾ ജല സമൃദ്ധമാക്കി സംരക്ഷിച്ച് ജല സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നു. സംസ്ഥാനത്തെ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക, എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ-ജലശുചിത്വ കിണറുകളാക്കി മാറ്റുക, സംസ്ഥാനത്തെ ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പരാമർശ കത്ത് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ റീചാർജിങ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖയുടെ കരട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള ജലസുഭിക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

വി.കെ.ബേബി
സ്പെഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. പഞ്ചായത്ത് ഡയറക്ടർ
4. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
5. സെക്രട്ടറി, ജലവിഭവ വകുപ്പ്
6. സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
7. സെക്രട്ടറി, കൃഷി വകുപ്പ്
8. സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
9. സെക്രട്ടറി, ധനകാര്യ വകുപ്പ്
10. സെക്രട്ടറി, നബാർഡ്
11. എം.ഡി, കേരള വാട്ടർ അതോറിറ്റി
12. ഡയറക്ടർ, സോയിൽ കൺസർവേഷൻ
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
15. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ജലസുഭിക്ഷ-സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പദ്ധതി

സ.ഉ.(കൈ)നം:161/16/തസ്വഭവ തിരുവനന്തപുരം, തീയതി,09.11.2016

പ്രവർത്തന മാർഗ്ഗരേഖ

ജലസുരക്ഷ

സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി

1. ആമുഖം

രാജ്യത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. വർഷത്തിൽ ശരാശരി 3000 മി മീറ്റർ മഴ ലഭിക്കുന്നുണ്ടെങ്കിലും. ഓരോ വർഷം കഴിയുന്തോറും സംസ്ഥാനം കടുത്ത വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നു.

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ജലസമൃദ്ധമാക്കി ശുദ്ധിയോടെ സംരക്ഷിച്ചാൽ മാത്രമേ ജലസുരക്ഷയെന്ന ലക്ഷ്യം നേടാനാകുകയുള്ളു. ജലസമൃദ്ധിയും ജലശുദ്ധിയും ജലസുരക്ഷയിലെ പ്രധാന ഘടകങ്ങളാണ്. സംസ്ഥാനത്തു ലഭിക്കുന്ന മഴയെ ജലസുരക്ഷയ്ക്കായി ഇനിയും ഏറെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ജലസുരക്ഷയുടെ ആദ്യ ഘട്ടം എന്ന നിലയിൽ എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുവാൻ ലക്ഷ്യമിടുന്നു. മഴവെള്ളത്തിന്റെ സഹായത്താൽ കുടിവെള്ളത്തിനുൾപ്പെടെയുള്ള വിവിധ ജലാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ജലസമൃദ്ധവും ജലശുദ്ധിയുമുള്ളതാക്കി സംസ്ഥാനത്തെ കിണറുകളെ സജ്ജമാക്കുവാൻ കഴിയുന്നതാണ്.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജുചെയ്യുകയെന്നതാണ് ജലസുരക്ഷ - സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി വിഭാവനം ചെയ്യുന്നത്.

2. പശ്ചാത്തലവും ആവശ്യകതയും

സംസ്ഥാനത്തെ 70 ശതമാനത്തോളം ജനസംഖ്യ, പ്രത്യേകിച്ച് ഗ്രാമീണപ്രദേശങ്ങളിൽ കുടിവെള്ളത്തിനുൾപ്പെടെ വിവിധ ജലാവശ്യങ്ങൾക്ക് തുറന്ന കിണറുകളാണ് നിലവിൽ ഉപയോഗിക്കുന്നത്.

ഇവയിൽ നല്ലൊരു ശതമാനം കിണറുകളും സംസ്ഥാനത്തുണ്ടാകുന്ന വരൾച്ചയുടെ വ്യതിയാനമനുസരിച്ച് വേനൽക്കാലങ്ങളിൽ വറ്റിപ്പോകാറുണ്ട്. മാത്രമല്ല ഇരുമ്പ്, ഓര്, തീരദേശങ്ങളിൽ ഉപ്പുരസം, മറ്റ് രാസ ഭൗതിക ഘടകങ്ങൾ എന്നിവയിലുണ്ടാകുന്ന വ്യത്യാസവും ജലത്തിന്റെ ഗുണനിലവാരത്തെ സാരമായി ബാധിക്കുന്നു. കിണറുകളിലെ ജലനിരപ്പ് കുറയുന്നതിനനുസരിച്ച് രാസഘടകങ്ങളിൽ വർദ്ധനവും പാരിസ്ഥിതിക മേഖലകളിലുൾപ്പെടെ വ്യതിയാനവും ഉണ്ടാകുന്നു. ഇതിന്റെ ഭാഗമായി ഭൂരിഭാഗം

പഞ്ചായത്തുകളിലും വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കുന്നതിന് ഭാരിച്ച ചെലവ് സംസ്ഥാനം വഹിക്കേണ്ടി വരുന്നു.

സംസ്ഥാനത്ത് സി.ഡബ്ല്യു.ആർ.ഡി.എം ന്റെ കണക്കുകൾ പ്രകാരം തന്നെ 45 ലക്ഷത്തിലധികം തുറന്ന കിണറുകളുണ്ട്. ഇവയിൽ നല്ലൊരു ശതമാനം കുടിവെള്ളത്തിനുൾപ്പെടെ ഉപയോഗിക്കുന്നതും വേനൽക്കാലങ്ങളിൽ വറ്റുന്നവയുമാണ്.

സംസ്ഥാനത്ത് ഒരു ഹെക്ടറിൽ ശരാശരി ഒരു വർഷം 1 കോടി ഇരുപതു ലക്ഷം ലിറ്ററും ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് 3000 മി മീറ്ററും വാർഷിക മഴ കണക്കിൽ മൂന്നു ലക്ഷം ലിറ്ററും മഴവെള്ളമാണ് പെയ്തു വീഴുന്നത്. ഇതിന്റെ മൂന്നിലൊന്നുഭാഗം ശേഖരിച്ചാൽ തന്നെ കുടിവെള്ള ക്ഷാമത്തിന് ഒരു പരിഹാരമാകുന്നതാണ്.

ഗ്രാമങ്ങളിലുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളും പുരപ്പുറങ്ങളും മഴവെള്ള സംഭരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. നല്ലൊരു ശതമാനം വീടുകളുടേയും മേൽക്കൂര ഓടോ, ഷീറ്റോ, ടെറസ്സോ ആണ്.

3. പദ്ധതിയുടെ ലക്ഷ്യങ്ങൾ

- വിവിധ പ്രവർത്തനങ്ങളിലൂടെ നിലവിലെ ജലസ്രോതസ്സുകൾ ജലസമൃദ്ധവും ശുദ്ധവുമായി സംരക്ഷിച്ച് കൂടുതൽ ജലസുരക്ഷ ഉറപ്പാക്കുക.
- കിണറുകൾ പ്രധാനമായും കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്നതിനാൽ മഴവെള്ളത്തെ പ്രയോജനപ്പെടുത്തി ആദ്യ ഘട്ടത്തിൽ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക.
- സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജലശുചിത്വ കിണറുകളാക്കി മാറ്റുക
- സംസ്ഥാനത്തെ ജലസമൃദ്ധി, ജലശുദ്ധി, ഭൂജലസമ്പത്ത് എന്നിവയുടെ തോത് വർദ്ധിപ്പിക്കുക.
- കിണറുകളെ ശുചിയായി സംരക്ഷിക്കുവാൻ സാനിട്ടറി കിണർ എന്ന ആശയം നടപ്പിലാക്കുക
- പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി 142 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുക.

4. പദ്ധതി നടത്തിപ്പിലെ സമീപനം

സംസ്ഥാനത്ത് ജലം, പരിസ്ഥിതി, നീർത്തടം തുടങ്ങിയ മേഖലകളിലെ വിവിധ പദ്ധതികളുമായി സംയോജിപ്പിക്കുവാൻ സാധ്യതയുള്ള പരിപാടികളിൽ കിണർ റീചാർജ്ജ് പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 142 ഗ്രാമപഞ്ചായത്തുകളിലാണ് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്. മാതൃകകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ ഘട്ടങ്ങൾ കൂടുതൽ സമഗ്രമാക്കുന്നതാണ്.

സർക്കാർ പദ്ധതികൾക്ക് പുറമെ സ്വന്തമായി കിണർ റീചാർജ്ജ് ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നതാണ്. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസ്ബിലിറ്റി (സി.എസ്.ആർ.), സ്പോൺസറിംഗ് തുടങ്ങിയവയുടെ സാധ്യതകളിലൂടെയും കിണർ റീചാർജ്ജ് പരിപാടി വിപുലമായി നടത്തുവാൻ സാധിക്കുന്നതാണ്.

കിണർ റീചാർജ്ജ് പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും പ്രചരിപ്പിക്കുന്നതോടൊപ്പം ആവശ്യമായ മേസ്തിരിമാർ, സാങ്കേതിക വിദഗ്ധർ എന്നിവരെ പരിശീലിപ്പിച്ച് ജനങ്ങളിൽ കൂടുതൽ അവബോധവും താൽപര്യവും സൃഷ്ടിക്കുന്നതാണ്.

5. കിണർറീചാർജ്ജ് തൊഴിലുറപ്പ് പദ്ധതിയിൽ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. റീചാർജ്ജ് ആവശ്യമുള്ള കിണറുകൾ ഒരു സമഗ്രമായ സർവ്വേയിലൂടെ കണ്ടെത്തേതാണ്. പദ്ധതിയുടെ ഗുണഭോക്താക്കൾ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരാകേണ്ടതും അവർ അവരുടെ പുരയിടത്തിൽ നടക്കുന്ന റീചാർജ്ജ് പ്രവൃത്തിയിൽ ഒരു തൊഴിലാളിയായി പങ്കെടുക്കേണ്ടതുമാണ്. പദ്ധതിയിൻ കീഴിൽ മുൻ സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിൽ ചെയ്തിട്ടുള്ള കുടുംബങ്ങളിൽ നിന്നും തൊഴിലാളികളെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അവർക്ക് കൃത്യമായി പ്രവർത്തന മേഖലകൾ തിരിച്ച് കൊടുത്ത് റീചാർജ്ജിംഗിന് ആവശ്യമായ വിദഗ്ദ്ധ തൊഴിൽ ചെയ്യിക്കേണ്ടതാണ്. റീചാർജ്ജിംഗിന് ആവശ്യമായ മൺപണിയും മറ്റ് അവിദഗ്ദ്ധ തൊഴിലുകളും അവിദഗ്ദ്ധ തൊഴിലാളികളെ കൊണ്ട്

ഏറ്റെടുപ്പിക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളിലും അവിദഗ്ദ്ധ തൊഴിൽ ഘടകം ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധനസാമഗ്രികൾ പദ്ധതിയുടെ നിലവിലുള്ള പ്രൊക്യൂർമെന്റ് സംവിധാനം വഴി വാങ്ങേണ്ടതാണ്. സാധനസാമഗ്രികൾക്ക് ഐ.എസ്.ഐ സർട്ടിഫിക്കേഷൻ ഉറപ്പ് വരുത്തേണ്ടതാണ്. സർവ്വേയിലൂടെ റീചാർജ്ജിന് ആവശ്യമായ സാധനസാമഗ്രികളുടെ അളവ് കൃത്യമായി നിർണ്ണയിക്കേണ്ടതും പ്രൊക്യൂർമെന്റ് മാന്വലിൽ പരാമർശിച്ചിട്ടുള്ളതനുസരിച്ച് ടെണ്ടർ നടപടികളിലൂടെ അവ വാങ്ങേണ്ടതും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത ശേഷം അതാത് തൊഴിലിടങ്ങളിൽ എത്തിക്കേണ്ടതുമാണ്. ഇതിന്റെ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. സാധനസാമഗ്രികൾ ശേഖരിക്കുന്ന ഇടങ്ങളിൽ നിന്നും തൊഴിലിടങ്ങളിൽ എത്തിക്കുവാനുള്ള വാഹനക്കൂലി വിദഗ്ദ്ധ- അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം എന്നിവ പദ്ധതിയുടെ സാധനഘടകത്തിൽ നിന്നും കൊടുക്കേണ്ടതാണ്. റീചാർജ്ജ് പിറ്റുകളിൽ ഉപയോഗിക്കേണ്ട മണൽ, കരി മുതലായ അസംസ്കൃത വസ്തുക്കൾ ഗുണഭോക്താക്കൾ സ്വയം ശേഖരിച്ച് നൽകേണ്ടതാണ്. ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റീചാർജ്ജ് സംവിധാനത്തിനായി തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും ചിലവഴിക്കുന്ന തുക 8000 രൂപയിൽ അധികമാകാൻ പാടില്ലാത്തതാണ്. 8000 രൂപയിൽ അധികം തുക വേണ്ടി വരുന്ന പക്ഷം അധികരിച്ച് വരുന്ന തുക ഗുണഭോക്തൃ വിഹിതമായി കണ്ടെത്തേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താവിനെ കയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം.5 ആയി ചേർത്തിട്ടുള്ള മാതൃകയിൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ഓരോ ജില്ലയിലെയും കിണർ റീചാർജ്ജ് പ്രവർത്തനങ്ങൾ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലും നടപ്പാക്കേണ്ടതാണ്. പ്രവൃത്തികളുടെ ഭരണാനുമതി സാങ്കേതികാനുമതി എന്നിവയുടെ കാര്യത്തിൽ നിലവിലുള്ള നടപടിക്രമങ്ങൾ തുടരാവുന്നതാണ്.

6. കിണർ റീചാർജ്ജ് പരിപാടികൾ വിവിധ പദ്ധതികളുമായി സംയോജിപ്പിക്കൽ

സംയോജിത നീർത്തട പരിപാലന പരിപാടി, ജലനിധി, മറ്റ് നീർത്തട പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ എന്നിവയുമായി സംയോജിപ്പിച്ചും കിണർ റീചാർജ്ജ് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

7. കിണർ റീചാർജ്ജ് - പ്രധാന പ്രവർത്തനങ്ങൾ

- സംസ്ഥാനത്തെ തുറന്ന കിണറുകൾ ഘട്ടം ഘട്ടമായി റീചാർജ്ജു ചെയ്യുക
- നിർദ്ദിഷ്ട ഫോറങ്ങളിൽ കിണർ സർവ്വേ സംഘടിപ്പിക്കുക (അനുബന്ധത്തിൽ ഫോറം ചേർത്തിട്ടുണ്ട്.)
- റീചാർജ്ജ് ചെയ്യേണ്ട കിണറുകളുടെ എണ്ണം താഴെപ്പറയുന്ന ഘടകങ്ങൾ കൂടി പരിഗണീച്ച് മുൻഗണനയിൽ തയ്യാറാക്കുക
    - വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ
    - ഉപ്പുരസം, ഓര്, ഇരുമ്പ്, ഫ്ളൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ
    - ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ സ്ഥിരമായി ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ.
- വാർഡ് തല ഗ്രാമസഭയിൽ കിണർ റീചാർജ്ജ് പദ്ധതി വിശദീകരിക്കുക. പ്രത്യേകം ജലഗ്രാമസഭകൾ നടത്തുക
- കിണർ റീചാർജ്ജ് പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ മാനദ്ണ്ഡമനുസരിച്ച് തിരഞ്ഞെടുക്കുക
- വാര്ഡ്, പഞ്ചായത്ത് തല ലിസ്റ്റ് തയ്യാറാക്കുക
- തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി റീചാർജ്ജ് ചെയ്യുവാൻ കഴിയുന്ന കിണറുകളുടെ എണ്ണം നിശ്ചയിക്കുക
- മറ്റ് പദ്ധതികൾ, സ്പോൺസറിംഗ് എന്നിവയിലുൾപ്പെടുത്തി റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം നിജപ്പെടുത്തുക.
- വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക (ജനപ്രതിനിധികൾ, ഫാക്കൽറ്റി, എൻജിനീയർമാർ, സർവ്വേ ടീം അംഗങ്ങൾ, മേസൺമാർ)
- വിവിധതല പ്രചരണ അവബോധ പരിപാടികൾ സംഘടിപ്പിക്കുക
- മുൻഗണനാക്രമത്തിൽ കിണറുകൾ റീചാർജ്ജ് ചെയ്യുക
- പദ്ധതിയുടെ ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ രേഖകളിലാക്കുക (ഡോക്യുമെന്റേഷൻ)
- പദ്ധതി മോണിറ്ററിംഗ് വിവിധ തലങ്ങളിൽ ഉറപ്പാക്കുക
- തുടർപരിപാലനവും പുരോഗതിയും പ്രയോജനവും വിലയിരുത്തുക
- വാർഡുതലത്തിൽ കിണർ സർവ്വേ, ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ, റീചാർജ്ജ് എന്നിവ നടപ്പിലാക്കുക

- പഞ്ചായത്തു തലത്തിൽ ഗുണഭോക്തൃലിസ്റ്റ്, വിവിധ പദ്ധതികളിൽ റീചാർജ്ജ് ചെയ്യേണ്ട സാധ്യതലിസ്റ്റ് എന്നിവ തയ്യാറാക്കി ഗ്രാമപഞ്ചായത്ത് അംഗീകാരം വാങ്ങുക
- കിണർ റീചാർജ്ജ് സ്വന്തം ചെലവിൽ ചെയ്യാൻ തയ്യാറുള്ള വ്യക്തികൾക്ക് ആവശ്യമായ സാങ്കേതിക സഹായം പദ്ധതിയുടെ സാങ്കേതിക വിഭാഗം നൽകാവുന്നതാണ്.

8. സംഘടനാ സംവിധാനം

വാർഡ്തലം:	ചെയർമാൻ: വാർഡ് മെമ്പർ കൺവീനർ: എ.ഡി.എസ് പ്രസിഡന്റ് അംഗങ്ങൾ: എ.ഡി.എസ് സെക്രട്ടറി, എ.ഡി.എസ് അംഗങ്ങൾ, അംഗൻവാടി വർക്കർമാർ, മഹിളാപ്രധാൻ ഏജന്റുമാർ, ആശാവർക്കർമാർ, മേറ്റുമാർ
ഗ്രാമപഞ്ചായത്ത് തലം	ചെയർമാൻ - പ്രസിഡന്റ്, വൈസ് ചെയർമാൻ - ചെയർമാൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി കൺവീനർ - ഗ്രാമപഞ്ചായത്ത്സെക്രട്ടറി, ജോയിന്റ് കൺവീനർ - ഗ്രാമപഞ്ചായത്ത് അസി:സെക്രട്ടറി കോ-ഓർഡിനേറ്റർ : വി.ഇ.ഒ അംഗങ്ങൾ: അഗ്രികൾച്ചർ ഓഫീസർ, എ.ഇ എൽ .എസ്.ജി.ഡി, എ.ഇ/ ഓവർസീയർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, സി.ഡി.എസ് അംഗങ്ങൾ, എൻ.ആർ.എച്ച്.എം കോർഡിനേറ്റർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, സാക്ഷരതാ പ്രേരക്, എസ്.സി. പ്രൊമോട്ടർ, എസ്.റ്റി പ്രൊമോട്ടർമാർ
ബ്ലോക്ക് പഞ്ചായത്ത് തലം	ചെയർമാൻ - പ്രസിഡന്റ് കൺവീനർ - ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ/ബി.പി.ഒ കോ-ഓർഡിനേറ്റർ : ജോയിന്റ് ബി.ഡി.ഒ (ഇ.ജി.എസ്) അംഗങ്ങൾ: ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, അസി:എക്സി: എഞ്ചിനീയർ, എ.ഡി.എ, ബ്ലോക്ക്പരിധിയിലുള്ള എഞ്ചനീയറിംഗ് കോളേജ്/ഐ.റ്റി.ഐ/പോളിടെക്നിക്ക് പ്രിൻസിപ്പൽമാർ, സി.ഡി.പി.ഒ,

ബി.പി.ഒ (ബി.ആർ.സി), എ.ഇ.ഒമാർ, എസ്.സി.ഡി.ഒ, ഹെൽത്ത് സൂപ്പർവൈസർ (സി.എച്ച്.സി)

ജില്ലാതല ഏകോപന സമിതി

ചെയർമാൻ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർമാൻ- ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്
കൺവീനർ - ജില്ലാകളക്ടർ
ജോയിന്റ് കൺവീനർ - ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്)

അംഗങ്ങൾ: പ്രോജക്ട് ഡയറക്ടർ, പി.എ.യു, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, ഡപ്യൂട്ടി കളക്ടർ (ഡി.എം), അസി: ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ

ജില്ലാതല നിർവ്വഹണ സമിതി

ചെയർമാൻ - ജില്ലാകളക്ടർ

കൺവീനർ - ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ (മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്)
ജോയിന്റ് കൺവീനർ - പ്രോജക്ട് ഡയറക്ടർ, പി.എ.യു

അംഗങ്ങൾ: പ്രോജക്ട് ഡയറക്ടർ, പി.എ.യു, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, ഡപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, അസി: ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ഡി.എം.ഒ (ഹെൽത്ത്)ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ, ജില്ലാ ഓഫീസർ (ഭൂഗർഭ ജല വകുപ്പ്), ജില്ലാ മിഷൻ കോർഡിനേറ്റർ (കുടുംബശ്രീ), ജലസംരക്ഷണ രംഗത്ത് പ്രവർത്തിച്ച് വരുന്ന സർക്കാർ ഇതര സംഘടനകളുടെ പ്രതിനിധികൾ(3), ശാസ്ത്ര സ്ഥാപനങ്ങളുടെ പ്രതിനിധികൾ (3),

സംസ്ഥാനതലം - ഏകോപനം
ചെയർമാൻ - തദ്ദേക സ്വയംഭരണ വകുപ്പ്മന്ത്രി
വൈസ് ചെയർമാൻ - പ്രിൻസിപ്പൽ സെക്രട്ടറി, തസ്വഭവ
കൺവീനർ - സ്പെഷ്യൽ സെക്രട്ടറി, തസ്വഭവ
അംഗങ്ങൾ: സെക്രട്ടറി (WRD), സെക്രട്ടറി (Environment) സെക്രട്ടറി (Agriculture) സെക്രട്ടറി (Planning), സെക്രട്ടറി (Finance), ഗ്രാമവികസന കമ്മീഷണർ ,മിഷൻ ഡയറക്ടർ (മഹാത്മാഗാന്ധി

	എൻ.ആർ.ഇ.ജി.എസ്), പഞ്ചായത്ത് ഡയറക്ടർ, നബാർഡ് പ്രതിനിധി, എം.ഡി, (കേരള വാട്ടർ അതോറിറ്റി) ഡയറക്ടർ (സോയിൽ കൺസർവേഷൻ)
സംസ്ഥാനതലം നിർവ്വഹണം ചെയർമാൻ - പ്രിൻസിപ്പൽ സെക്രട്ടറി, തസ്വഭവ വൈസ് ചെയർമാൻ - കമ്മീഷണർ, ആർ.ഡി കൺവീനർ - സ്പെഷ്യൽ സെക്രട്ടറി, തസ്വഭവ കോ- ഓർഡിനേറ്റർ - മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്	
അംഗങ്ങൾ:	MD (KWA), ED (ജലനിധി), കമ്മീഷണർ (KSLUB), ഡയറക്ടർ (Agriculture) പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടർ, നഗര വികസനം, സോയിൽ സർവ്വേ ഡയറക്ടർ, നബാർഡ് പ്രതിനിധി, പ്രോഗ്രാം ഓഫീസർ (പി,എം&ഇ), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ആർ.ഇ), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി), മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, SLNA (IWMP)

വിവിധ തലങ്ങളിലുള്ള നിർവ്വഹണസമിതികളിൽ ആവശ്യമെങ്കിൽ സാങ്കേതിക വിദഗ്ദ്ധർ, വിദഗ്ദ്ധ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ഉപയോഗ പ്പെടുത്താവുന്നതാണ്.

9. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ

ഒന്നാംഘട്ടം (2016-17) ഒന്നാം ഘട്ടമായി 141 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനുപുറമേ സംസ്ഥാനത്ത് ഗുരുതരമായി കുടിവെള്ളക്ഷാമം അനുഭവിക്കുന്നവയും ജലത്തിന്റെ ഗുണനിലവാരം അപകടകരമാംവിധം മോശമാവുകയും കഴിഞ്ഞ വർഷങ്ങളിൽ ടാങ്കർ ലോറി ഉപയോഗിച്ച് ഏറ്റവും അധികം ജലം എത്തിക്കേണ്ടിവന്നവയുമായ 100 ഗ്രാമപഞ്ചായത്തുകളിൽ കൂടി പദ്ധതി നടപ്പാക്കുന്നതാണ്.

രണ്ടാംഘട്ടം

2017-2018, 2018-2019, 2019-2020, 2020-21 എന്നീ വർഷങ്ങളിലായി ഓരോ വർഷവും നിശ്ചിത എണ്ണം മുൻകൂട്ടി നിശ്ചയിച്ച് സംസ്ഥാനത്തെ റീചാർജ്ജ് ചെയ്യേണ്ട എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യാവുന്നതാണ്.

പൊതുനിർദ്ദേശങ്ങൾ

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പദ്ധതി നടത്തിപ്പിൽ കൃത്യമായി പാലിക്കേണ്ടതാണ്.
2. പ്രൊക്യൂർമെന്റ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതും സുതാര്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തേണ്ടതുമാണ്.
3. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതും സർട്ടിഫൈ ചെയ്യേണ്ടതുമാണ്.
4. ഓരോ കിണറുകൾക്കും അനുയോജ്യമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കുമ്പോൾ തന്നെ പരമാവധി തൊഴിൽ അവസരം ഉറപ്പ് വരുത്തേണ്ടതുമാണ്
5. കുടുംബശ്രീ/സന്നദ്ധസംഘടനകൾ എന്നിവയുടെ സേവനം ലഭ്യമാക്കി അതത് പഞ്ചായത്തുകളിലും ബ്ലോക്കുകളിലും വൈദഗ്ദ്ധ്യമുള്ള വാട്ടർ ടെക്നീഷ്യൻമാരെ രൂപപ്പെടുത്തി എടുക്കേണ്ടതാണ്. ഇവരെ സമീപ പ്രദേശങ്ങളിൽ ഭാവിയിലെ കുടിവെള്ള/ ശുചിത്വ സേവനങ്ങൾ നൽകാൻ പ്രാപ്തരാക്കേണ്ടതാണ്.

അനുബന്ധം- 1

സർവ്വേ ഫോറം 1

വാർഡിന്റെ പേരും നമ്പരും :

വീട്ടുനമ്പർ :

ഗൃഹനാഥൻ/നാഥയുടെ പേര് :

മേൽ വിലാസം
(ഫോൺ നമ്പർ ഉൾപ്പെടെ) :

ശരിയായവ (√) ചെയ്യുക

വിഭാഗം		APL ☐ BPL ☐
		SC ☐ ST ☐ OTHERS ☐ (Specify)
വീട്ടുവളപ്പിൽ കിണർ ഉണ്ടോ		ഉണ്ട് ☐ ഇല്ല ☐
ഉമസ്ഥാവകാശം		സ്വന്തം ☐ പൊതു വാടക ☐
കിണർ വെള്ളത്തിന്റെ ഉപയോഗം:		കുടിവെള്ളം ☐ ഗാർഹികം ☐ ജലസേചനം ☐ വ്യവസായം ☐ മറ്റുള്ളവ ☐ (വ്യക്തമാക്കുക)
കിണറ്റിലെ ജലലഭ്യത		വറ്റുന്നവ ☐ വറ്റാത്തവ ☐
വറ്റുന്നവയാണെങ്കിൽ കാലയളവ്:		വേനൽക്കാലം ☐ വർഷം മുഴുവനും ☐
ആൾ മറകെട്ടിയിട്ടുണ്ടോ ?		ഉണ്ട് ☐ ഇല്ല ☐
പ്ലാറ്റ്ഫോം		ഉണ്ട് ☐ ഇല്ല ☐
ജലമലിനീകരണം അനുഭവപ്പെടുന്നുണ്ടോ		ഉണ്ട് ☐ ഇല്ല ☐

☐ ☐

അനുഭവപ്പെടന്നുണ്ടെങ്കിൽ ജലത്തിലുണ്ടാകുന്ന വ്യത്യാസം		നിറം ☐ രുചി ☐ ഗന്ധം ☐
മലിനീകരണത്തിനുള്ള കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ		ഉണ്ട് ഇല്ല
ജലഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ		ഉണ്ട് ☐ ഇല്ല ☐
ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മലിനീകരണ ഘടകങ്ങൾ		കോളിഫോം ബാക്ടീരിയ ☐ ഓര് ☐ ക്ലോറൈഡിന്റെ അളവ് കൂടുതൽ ☐ ഫ്ളുറൈഡിന്റെ അളവ് കൂടുതൽ ☐ pH അളവിലെ വ്യത്യാസം ☐ ഇരുമ്പിൻെറ അളവ് കൂടുതൽ ☐ മറ്റുള്ളവ (വ്യക്തമാക്കുക) ☐
റീചാർജ്ജിംഗ്/ ഫിൽറ്ററിംങ് സംവിധാനം ഏർപ്പെടുത്താൻ താല്പര്യമുണ്ടോ		ഉണ്ട് ☐ ഇല്ല ☐
പുരയിടത്തിന്റെ സർവ്വേ നമ്പരും അളവും		
മേൽക്കൂരയുടെ തരം		ഓല ☐ ഓട് ☐ ഷീറ്റ് ☐ കാൺക്രീറ്റ് ☐
മേൽക്കൂരയുടെ വിസ്തീർണ്ണം (ചതുരക്ര മീറ്ററിൽ)		ചതുരക്ര മീറ്ററിൽ
അക്ഷാംശം, രേഖാംശം		

ഗൃഹനാഥന്റെ/നാഥയുടെ പേരും ഒപ്പും

സർവ്വേ നടത്തിയ ആളുടെപേരും ഒപ്പും

സർവ്വേ ചെയ്ത തീയതി:

അനുബന്ധം-2

ഫോറം-2

വാർഡുതല വിവരങ്ങൾ

ജില്ല . ബ്ലോക്ക് .. ഗ്രാമപഞ്ചായത്ത്

വാർഡ്നമ്പർ വാർഡിൻെറ പേര്

	ആകെ കിണറുകൾ	☐ വറ്റുന്നവ ☐
	പദ്ധതി	റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം
1	തൊഴിലുറപ്പ് പദ്ധതി	
2	സംയോജിത നീർത്തട പരിപാലന പരിപാടി	
3	ജലനിധി	
4	പശ്ചിമഘട്ടവികസന പരിപാടി	
5	നബാർഡ് നീർത്തട വികസന പരിപാടി	
6	വരൾച്ച പ്രതിരോധ പരിപാടി	
7	പഞ്ചായത്ത് പ്ലാൻ	
8	സ്പോൺസർ ഷിപ്പ്	
9	സി.എസ്.ആർ	
10	മറ്റു പരിപാടികൾ	

അനുബന്ധം-3

ഫോറം-3

പഞ്ചായത്ത് തല ക്രോഡീകരണം

ജില്ല . ബ്ലോക്ക് .. ഗ്രാമപഞ്ചായത്ത്

ആകെ വാർഡുകൾ -

ആകെ കിണറുകൾ - [ ] വറ്റുന്നവ [ ]

പദ്ധതികൾ		റീചാർജ്ജ് ചെയ്യുന്ന കിണറുകളുടെ എണ്ണം
1	തൊഴിലുറപ്പ്	
2	സംയോജിത നീർത്തട പരിപാലന പരിപാടി	
3	ജലനിധി	
4	പശ്ചിമഘട്ടവികസന പരിപാടി	
5	നബാർഡ് നീർത്തട വികസന പരിപാടി	
6	വരൾച്ച പ്രതിരോധ പരിപാടി	
7	പഞ്ചായത്ത് പ്ലാൻ	
8	സ്പോൺസർഷിപ്പ്	
9	സി.എസ്.ആർ	
10	മറ്റു പരിപാടികൾ	

അനുബന്ധം-4

ഫോറം -4

പഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

ജില്ല	നിയമസഭാ നിയോജക മണ്ഡലം	ബ്ലോക്ക് പഞ്ചായത്ത്	ഗ്രാമപഞ്ചായത്ത്	വാർഡുകളുടെ എണ്ണം	ടോപ്പോ ഗ്രാഫി			വിസ്തീർണ്ണം (ച.കി.മീ)
					മലനാട്	ഇടനാട്	തീരപ്രദേശം	

അനുബന്ധം-5

സമ്മതപത്രം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിർമ്മിച്ചിരിക്കുന്ന റീചാർജ്ജിംഗ് സംവിധാനത്തിന്റെ ഭാവിപരിപാലനം ഞാൻ സ്വയം ചെയ്തുകൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

ഗുണഭോക്താവിന്റെ പേരും ഒപ്പും

അനുബന്ധം-6

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ വിവരം

ക്രമനം	ജില്ല	ഗ്രാമപഞ്ചായത്ത്
1	തിരുവനന്തപുരം	അമ്പൂരി
2		കുളത്തൂർ
3		കാട്ടാക്കട
4		പൂവച്ചൽ
5		ബാലരാമപുരം
6		പള്ളിച്ചൽ
7		കോട്ടുകാൽ
8		പോത്തൻകോട്
9		അണ്ടൂർകോണം
10		കരകുളം
11		നന്ദിയോട്
12		കിളിമാനൂർ
13		ചിറയിൻകീഴ്
14		ഇലകമൺ
15	കൊല്ലം	കുലശേഖരപുരം
16		പൻമന
17		പോരുവഴി
18		നെടുവത്തൂർ
19		മേലില
20		തെൻമല
21		ഇട്ടിവ
22		ഇളംമ്പള്ളൂർ
23		പനയം
24		മയ്യനാട്
25		ചിറക്കര
26	പത്തനംതിട്ട	മല്ലപ്പുഴശ്ശേരി
27		വള്ളിക്കോട്
28		കല്ലൂപ്പാറ
29		തുമ്പമൺ
30		വെച്ചൂച്ചിറ
31	ആലപ്പുഴ	തുറവൂർ
32		തണ്ണീർമുക്കം
33		മാരാരിക്കുളം സൗത്ത്
34		അമ്പലപ്പുഴ നോർത്ത്
35		തൃക്കുന്നപ്പുഴ
36		കൃഷ്ണപുരം
37		തഴക്കര
38		മുളക്കുഴ
39		ഇടത്വ

40	കോട്ടയം	വാഴൂർ
41		പൂഞ്ഞാർ
42		മറവൻതുരുത്ത്
43		കുറവിലങ്ങാട്
44		കരൂർ
45		അശലക്കുന്നം
46		വിജയപുരം
47		പായിപ്പാട്
48		കുമരകം
49	ഇടുക്കി	കരുണാപുരം
50		ഇടുക്കി -കഞ്ഞിക്കുഴി
51		വെള്ളത്തൂവൽ
52		ചക്കുപള്ളം
53		കരിങ്കുന്നം
54	എറണാകുളം	ആലങ്ങാട്
55		കടമ്മക്കുടി
56		അശമണ്ണൂർ
57		മൂക്കന്നൂർ
58		നെല്ലിക്കുഴി
59		ഉദയംപേരൂർ
60		ആവോലി
61		കുമ്പളങ്ങി
62		തിരുമാറാടി
63		പുത്തൻവേലിക്കര
64		വടക്കേക്കര
65		തിരുവാണിയൂർ
66		കീഴ്മാട്
67		നായരമ്പലം
68	തൃശ്ശൂർ	വരവൂർ
69		എരുമപ്പെട്ടി
70		തെക്കുംകര
71		നടത്തറ
72		ചാഴൂർ
73		മൂരിയാട്
74		നെൻമണിക്കര
75		കടപ്പുറം
76		ഏറിയാട്
77		മണലൂർ
78		പൊയ്യ
79		മേലൂർ
80		മുല്ലശ്ശേരി
81	പാലക്കാട്	തിരുമിറ്റക്കോട്
82		തിരുവേഗപ്പുറ
83		വെള്ളിനേഴി

84		പൂക്കോട്ടുകാവ്
85		കോങ്ങാട്
86		അലനല്ലൂർ
87		അശത്തേത്തറ
88		കണ്ണാടി
89		വടക്കൻചേരി
90		നല്ലേപ്പിള്ളി
91		പല്ലശ്ശന
92		എരിമയൂർ
93	മലപ്പുറം	പുളിക്കൽ
94		ഊർങ്ങാട്ടിരി
95		എടക്കര
96		കാളികാവ്
97		തൃക്കലങ്ങോട്
98		താഴേക്കോട്
99		കൂട്ടിലങ്ങാടി
100		ആനക്കയം
101		കണ്ണമംഗലം
102		മുന്നിയൂർ
103		നന്നമ്പ്ര
104		നിറമരുതൂർ
105		വെട്ടം
106		മാറാക്കര
107		പുറത്തൂർ
108		ആലങ്കോട്
109		എടപ്പാൾ
110	കോഴിക്കോട്	അഴിയൂർ
111		വേളം
112		വളയം
113		മൂടാടി
114		ചെറുവണ്ണൂർ
115		ബാലുശ്ശേരി
116		കാക്കൂർ
117		കിഴക്കോത്ത്
118		കൊടിയത്തൂർ
119		ചാത്തമംഗലം
120		കലൂണ്ടി
121		അത്തോളി
122		തുറയൂർ
123	വയനാട്	മേപ്പാടി
124		മുള്ളൻകൊല്ലി
125		തവിഞ്ഞാൽ
126	കണ്ണൂർ	ചൊക്ളി
127		ചെറുകുന്ന്

128		ധർമ്മടം
129		ചിറ്റാരിപറമ്പ്
130		പാട്യം
131		പരിയാരം
132		എരമം- കുറ്റൂർ
133		മുണ്ടേരി
134		അഴീക്കോട്
135		എരുവേശ്ശി
136		കേളകം
137	കാസറഗോഡ്	പൈവളിഗെ
138		ചെമ്മനാട്
139		ദേലംപാടി
140		മടിക്കൈ
141		തൃക്കരിപ്പൂർ
142		കുംപടാജെ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നത്-നിർദ്ദേശം നൽകി - ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ)നം-41/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 20-02-2017

==========

പരാമർശം: - 1. സ.ഉ.(എം.എസ്) നം. 167/2009/ത.സ്വ.ഭ.വ തീയതി 26/08/2009
2. സ.ഉ.(കൈ) നം. 305/2008/ത.സ്വ.ഭ.വ തീയതി 18/11/2008
3. സ.ഉ.(സാധാ) നം. 346/2012/ത.സ്വ.ഭ.വ തീയതി 03/02/2013
4. സ.ഉ.(സാധാ) നം. 439/2012/ത.സ്വ.ഭ.വ തീയതി 18/12/2013
5. സ.ഉ.(സാധാ) നം. 883/2013/ത.സ്വ.ഭ.വ തീയതി 01/04/2013
6. ബഹു. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷന്റെ 30-04-2016 തീയതിയിലെ 364/എ 1/2015/റ്റി.എസ്.ആർ/കെ.എസ്.സി.സി & എസ്.റ്റി നമ്പർ ഉത്തരവ്
7. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.10.2016-ലെ 16790/ഇ.ജി.എസ്-ബി/15/ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

ഗ്രാമീണ മേഖലയിലെ അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾക്ക് വർഷത്തിൽ 100 ദിവസം തൊഴിൽ വാഗ്ദാനം ചെയ്യുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006 ഫെബ്രുവരി 2-)o തീയതി മുതൽ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കേരളത്തിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കുന്നത് സംസ്ഥാനതലം മുതൽ ഗ്രാമ പഞ്ചായത്ത് തലംവരെ നിയമിതരായി രിക്കുന്ന കരാർ ജീവനക്കാരാണ്. തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിൽ വീതം നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. നിലവിൽ പരാമർശം (3) പ്രകാരം, മുൻ സാമ്പത്തിക വർഷം 60 ലക്ഷം രൂപവരെ പദ്ധതി തുക വിനിയോഗിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിൽ ഒരു ഓവർസിയർ/എഞ്ചിനീയർ തസ്തികയിലും അക്കൗണ്ടന്റ്-കം- ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒരു തസ്തികയിലും നിയമനം നടത്തുന്നതിനും 60 ലക്ഷത്തിന് മുകളിൽ 2 കോടി രൂപ വരെ പദ്ധതിച്ചെലവ് നിർവ്വഹിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഓവർസിയർ/എഞ്ചിനീയർ വിഭാഗത്തിലെ 2 തസ്തികകളിലും, ഡാറ്റാ എൻട്രി ഓപ്പറേറ്റർ വിഭാഗത്തിൽ ഒരു തസ്തികയിലും നിയമനം നടത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. കൂടാതെ പരാമർശം (4) പ്രകാരം 2 കോടിക്ക് മുകളിൽ പദ്ധതിച്ചെലവ് രേഖപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകളിൽ അധികമായി ഒരു എഞ്ചിനീയറേയും ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററേയും നിയോഗിക്കുന്നതിന് സർക്കാർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

2. ഇതിനു പുറമേ ജോലിഭാരം അധികമുള്ള ബ്ലോക്കു പഞ്ചായത്തുകളിൽ പരാമർശം (1) പ്രകാരം നിലവിലുള്ള ഒരു എഞ്ചിനീയർ/ഓവർസിയർ, ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾക്കു പുറമേ അധികമായി ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്ററെക്കൂടി നിയമിക്കുന്നതിന്

പരാമർശം (5) പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ഉത്തരവുകൾ പ്രകാരം സംസ്ഥാന തലത്തിൽ ഐ.റ്റി. പ്രൊഫഷണൽ. ഇ.എഫ്.എം.എസ് കൺസൾട്ടന്റ്, ഇ.എഫ്.എം.എസ് കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ ഓരോന്നു വീതവും ജില്ലകളിൽ ഐ.റ്റി. പ്രൊഫഷണൽ, അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഇ.എഫ്.എം.എസ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓംബുഡ്സ്മാന്റെ ഓഫീസിൽ ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ ഓരോന്നുവീതവും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം 01-04-2016 തീയതിയിലെ കണക്ക് അനുസരിച്ച്, സംസ്ഥാനത്ത് ഗ്രാമ/ബ്ലോക്ക്/ജില്ലാ തലത്തിൽ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ എണ്ണം 3512 ആണ്. നിലവിൽ ഈ തസ്തികകളിൽ നിയമനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയതിനാൽ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നത് ഉറപ്പാക്കിയിട്ടില്ല.

3. ബഹു. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ പുറപ്പെടുവിച്ച പരാമർശം(6) ഉത്തരവ് പ്രകാരം നിയമനങ്ങൾ കോൺട്രാക്ട് വ്യവസ്ഥയിൽ ഉള്ളവയായിരുന്നാലും സംവരണ തത്വങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണെന്നും ആയത് നടപ്പിലാക്കാൻ വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും ഗവൺമെന്റിനോട് ശക്തമായി ശുപാർശ ചെയ്തിട്ടുണ്ട്. കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കണമെന്ന് 21-10-2016-ന് ചേർന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലും ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ കരാർ ജീവനക്കാരുടെ നിയമനം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എന്നതിനാലും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംവരണതത്വം പാലിച്ചുകൊണ്ട് സംവരണം നൽകുന്നത് പ്രയോഗികമല്ലാത്തതുകൊണ്ടും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക്, സംസ്ഥാനത്ത് നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതി നിയമനങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന പ്രക്രിയയിലൂടെ തസ്തിക നിർണ്ണയം നടത്തി സംവരണ തസ്തികകൾ കണ്ടെത്തുന്നതിന് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതിയിൽ ആകെയുള്ള തസ്തികകളുടെ 8% തസ്തിക എസ്.സി.യ്ക്കും 2% തസ്തിക എസ്.റ്റി.യ്ക്കും സംവരണം ചെയ്യണം. ദശാംശം 5-ഉം അതിൽ കൂടുതലുമുള്ള സംഖ്യ അടുത്ത പൂർണ്ണ സംഖ്യയിലേയ്ക്ക് ഉയർത്തുക
2. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ തസ്തിക തിരിച്ച് നിലവിലുള്ള ജീവനക്കാരിൽ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ കണക്ക് എടുക്കുക. ക്രമ നമ്പർ 1-ൽ പറയുന്ന പ്രകാരം തസ്തികകളിൽ വേണ്ടത്ര ആളുകൾ ഇല്ലെങ്കിൽ ആ കുറവ് നികത്തുന്നതിന് ഗ്രാമ പഞ്ചായത്തുകളെയും ബ്ലോക്ക് പഞ്ചായത്തുകളെയും എസ്.സി & എസ്.റ്റി ജനസംഖ്യയുടെ (2011 സെൻസസ്) അടിസ്ഥാനത്തിൽ അവരോഹണ ക്രമത്തിൽ ലിസ്റ്റ് ചെയ്യണം തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ, അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്ന റൊട്ടേഷൻ ക്രമത്തിൽ സംവരണം ചെയ്ത് പഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകുക
3. ജില്ലകളുടെ കാര്യത്തിൽ 14 ജില്ലകളേയും എസ്.സി & എസ്.റ്റി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അവരോഹണ ക്രമത്തിൽ ലിസ്റ്റുചെയ്ത് ക്രമ നമ്പർ 2-ൽ പറയുന്ന നടപടി പാലിച്ചുകൊണ്ട് ഐ.ടി പ്രൊഫഷനലുകളുടെ സംവരണ തസ്തികകൾ നിശ്ചയിക്കുക
4. ഈ പ്രക്രിയയിലൂടെ കണ്ടെത്തിയ സംവരണ തസ്തികകൾ വിജ്ഞാപനം ചെയ്ത് പഞ്ചായത്തുകളെ അറിയിക്കുക
5. ടി പ്രക്രിയ മിഷൻ ഡയറക്ടർ എസ്.സി & എസ്.റ്റി വകുപ്പിന്റെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ

ആയിരിക്കണം നടത്തേണ്ടത്

6. എസ്.സി/എസ്.റ്റി അപേക്ഷകരില്ലെങ്കിൽ മാത്രം പൊതു വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാവുന്നതും, എസ്.സി/എസ്.റ്റി വിഭാഗത്തിൽനിന്ന് ഉദ്യോഗാർത്ഥികളെ ലഭിക്കുമ്പോൾ ടി നിയമനം റദ്ദുചെയ്യേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മിനിമോൾ ഏബ്രഹാം
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
3. രജിസ്ട്രാർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ
4. പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
5. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6. ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
7. നിയമ ഒപ്പീനിയൻ ഡി വകുപ്പ് (നം:26127/ ഡി1/ 16/ നിയമം)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

FILE NO:LSGD-DD2-95/2017/LSGD

GOVERNMENT OF KERALA

Abstract

Local Self Government Department – MGNREGS – Setting up of Social Audit Society Kerala – Guidelines- modified - Orders Issued.

==========

LOCAL SELF GOVERNMENT (DD) DEPARTMENT

GO(Rt.)No.729 /2017/LSGD **Dated, Thiruvananthapuram, 16.03.2017**

==========

Read: - 1. GO (Rt) No.3906/2015/LSGD dated 30.12.2015.

2. Office Memorandum Fno.L-11033/40/2016RE-VII dated 19.12.2016 of Government of India

ORDER

As per the order read as 1st paper above, Government have issued guidelines for setting up an independent Social Audit Society in the State for conducting social audit of Mahatma Gandhi National Rural Employment Guarantee Scheme. The Government of India as per their office memorandum read as 2nd paper above has forwarded the recommendations of Joint task Force regarding conduct of Social Audit. Government have reviewed the existing guidelines and found that certain conditions stipulated in the existing guidelines need to be modified.

In the above circumstances Government are pleased to issue the following modification in the existing guidelines under sub head 'Director'

a) The clause, "However, if a serving Government official is appointed for the position of the SAU director, he/she should he given a full time deputation for a period of at least 5 years as the Director, SAU" shall be deleted

b)The clause, "If a retired government official is appointed by the State for the position of the Director, SAU, only officials who have not served in any Government position for the past 4 years shall be eligible", shall be amended as "If a retired Government official is appointed by the State for the position of the Director, SAU, only officials who have not served in any Government position related to implementation of MGNREGS for the past 4 years shall be eligible".

c) The minimum tenure of the Director, SAU shall be defined as three years not exceeding the age of 65 years.

Any decision to terminate the service of the Director, SAU prematurely shall be taken by the Government of State only on the advice of Governing Body.

The Government Order read above stands modified to this extent.

(BY ORDER OF THE GOVERNOR)
T.K.JOSE
PRINCIPAL SECRETARY TO GOVERNMENT

To

1. The Commissioner for Rural Development
2. The Director of Panchayats
3. The Mission Director, MGNREGS
4. The Principal Accountant General (Audit), Kerala.
5. The Accountant General (A&E), Thiruvananthapuram
6. The Director, Information Kerala Mission, Thiruvananthapuram.
7. Stock File/Office Copy

Forwarded by Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന - ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യത - അനുവദിച്ച 500 കോടി രൂപയിൽ നിന്നും 2011-12-ലെ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി 75,000 രൂപാ വീതം അനുവദിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ). 156 /2016/തസ്വഭവ. തിരുവനന്തപുരം, തീയതി, 16.01.2016

പരാമർശം:
1. 16.09.2015 തീയതിയിലെ 2832/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 30.09.2015 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.5 നമ്പർ തീരുമാനം.
3. ശ്രീമതി.എൻ.പത്മാക്ഷി മുതൽ പേർ സമർപ്പിച്ച WP(C)24479/15 ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29.10.2015 ലെ ഉത്തരവ്.
4. ഗ്രാമവികസന കമ്മീഷണറുടെ 28.11.2015 തീയതിയിലെ 16161/ജെആർവൈ.4/2015/സിആർഡി നമ്പർ കത്ത്.

ഉത്തരവ്

2011-12 വർഷം മുതൽ ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധന സഹായം നൽകുന്നതിനായി 500 കോടി രൂപ പരാമർശം 1 ലെ സർക്കാർ ഉത്തരവ് മുഖേന അനുവദിക്കുകയുണ്ടായി. ടി തുക 2012-13 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്ക് സംസ്ഥാന അധിക ധനസഹായം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. 2011-12 വർഷത്തിലെ ഐ.എ.വൈ. ഗുണഭോക്താക്കളായ ശ്രീമതി.എൻ.പത്മാക്ഷി മുതൽ പേർ ചേർന്ന് തങ്ങൾക്കും അധിക ധനസഹായം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)24479/15 നമ്പർ കേസ് ഫയൽ ചെയ്യുകയും 29.10.2015 ലെ ഉത്തരവുപ്രകാരം രണ്ടുമാസത്തിനകം ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകുകയുമുണ്ടായി.

2. 2011-12 വർഷത്തേയ്ക്കുള്ള ഗുണഭോക്താക്കൾക്കും കൂടി സംസ്ഥാന അധിക ധനസഹായം ബാധകമാക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം 4 മുഖേന ശുപാർശ ചെയ്യുകയുണ്ടായി.

3. 2011-12 വർഷം മുതൽ ഐ.എ.വൈ. വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ, എസ്.സി.) 2.5 ലക്ഷം (എസ്.ടി.) ആക്കി വർദ്ധിപ്പിച്ചതു മൂലമുണ്ടായ അധിക ബാദ്ധ്യതയിൽ 2011-12 വർഷത്തേയ്ക്ക് ആവശ്യമായ അധികരിച്ച തുകയിൽ 75,000/- രൂപ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയത് മൂലമുണ്ടായ ബാദ്ധ്യതയിൽ ഗുണഭോക്താക്കൾക്ക് ഇനിയും ലഭ്യമാക്കാനുള്ള അർഹമായ ധനസഹായം പൂർണ്ണമായോ ആനുപാതികമായോ പരാമർശം ഒന്ന് മുഖേന അനുവദിച്ച 500 കോടി രൂപയിൽ നിന്നും നൽകാൻ 30.09.2015 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവു പ്രകാരം അനുവദിച്ച തുകയിൽ നിന്നും 2011-12 ലെ ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് കൂടി 75,000/- രൂപ വീതം ധനസഹായം നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

5. പരാമർശം 3 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗീസ് ഐ.എ.എസ്.,
പ്രിൻസിപ്പൽ സെക്രട്ടറി.

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം, കേരളം (ആമുഖ കത്ത് സഹിതം)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. ധനകാര്യവകുപ്പ്
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ഡയറക്ടർ, ഇൻഫർമേഷമേഷൻ, കേരള മിഷൻ
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- 'ഹൗസിംഗ് ഫോർ ഓൾ 2022' പദ്ധതി കേരള സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധാ) നം. 1222/16/തസ്വഭവ തിരുവനന്തപുരം, തീയതി.08.03.2016

പരാമർശം : 1. 28.12.2015 തീയതിയിലെ സ.ഉ (സാധാ) നം.3858/2015 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. പ്രധാനമന്ത്രി ആവാസ് യോജന സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി 19.1.2016- ൽ കൂടിയ യോഗത്തിന്റെ മിനിറ്റസ്.

3. അർബൻ ഹൗസിംഗ് മിഷൻ മെമ്പർ സെക്രട്ടറിയുടെ 12.2.2016 തീയതിയിലെ 5476/എൻ/2015/കെ.എസ്.എച്ച്.ഓ നമ്പർ കത്ത്.

ഉത്തരവ്

രണ്ടായിരത്തി ഇരുപത്തിരണ്ടാമാണ്ടോട് കൂടി 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ ഇന്ത്യ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കേരള സംസ്ഥാനത്ത് ഈ പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കുമായി നഗരകാര്യ മന്ത്രി അദ്ധ്യക്ഷനായി ഒരു സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി (എസ്.എൽ.എ.സി) പരാമർശം ഒന്ന് ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി 19.01.2016-ൽ കൂടിയ യോഗത്തിലെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധമായി താഴെപ്പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

1. പദ്ധതി പ്രകാരം പരമാവധി നൽകുന്ന ധനസഹായം

പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിന് പരമാവധി ധനസഹായം 3 ലക്ഷം രൂപയായിരിക്കുന്നതാണ്. ഭവന വിപുലീകരണത്തിനു നൽകുന്ന പരമാവധി ധനസഹായം ഓരോ ഭവനത്തിന്റെയും വിപുലീകരണ ഘടകത്തിനനുസൃതമായി മാറുന്നതാണ്. ആയതിന്റെ യൂണിറ്റ് നിരക്ക് പിന്നീട് തീരുമാനിക്കുന്നതാണ്.

2. ധനവിഹിത സ്രോതസ്സ് (Fund Sharing Pattern)

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ നാലാം ലംബഘടകമായ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ-വിപുലീകരണ മാതൃകയ്ക്കു കീഴിലുള്ള ധനവിഹിതം താഴെപ്പറയും

KSUDP
THIRUVANANTHAPURAM
28 MAR 2016

പ്രകാരമായിരിക്കുന്നതാണ്:

കേന്ദ്രവിഹിതം	സംസ്ഥാന വിഹിതം	നഗരസഭാ വിഹിതം	ഗുണഭോക്തൃ വിഹിതം
50% (1,50,000 രൂപ)	16.66% (50,000 രൂപ)	16.66% (50,000 രൂപ)	16.66% (50,000 രൂപ)

ഭവനവിപുലീകരണത്തിന് യൂണിറ്റ് നിരക്ക് മാറ്റമുണ്ടെങ്കിലും ഫണ്ട് ഷെയറിംഗ് പാറ്റേൺ ഇതേ നിരക്കിലായിരിക്കുന്നതാണ്.

3. ഗുണഭോക്തൃ വിഹിതം

ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള ഗുണഭോക്തൃ വിഹിതം ചുവടെ ചേർത്തിട്ടുള്ള രീതിയിലായിരിക്കുന്നതാണ്:

വിഭാഗം	ഗുണഭോക്തൃവിഹിതം	നഗരസഭാ വിഹിതം
ആശ്രയ	0	33.32% (1,00,000 രൂപ)
പട്ടികജാതി	10% (30,000 രൂപ)	23.32% (70,000 രൂപ)
പട്ടികവർഗ്ഗം	8% (24,000 രൂപ)	25.32% (76,000 രൂപ)

കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾക്കാനുപാതികമായി ഘട്ടംഘട്ടമായി ഗുണഭോക്തൃ വിഹിതം അടയ്ക്കാനുള്ള അനുമതി നൽകുന്നു.

4. നഗരസഭാവിഹിതത്തിൻറെ സ്രോതസ്സ്

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരമുള്ള നഗരസഭാ വിഹിതം നഗരസഭയുടെ വികസന ഫണ്ടിൻറെ സേവന മേഖലയിൽ നിന്ന് കണ്ടെത്താവുന്നതാണ് (13th 14th FC/SCP/TSP ഉൾപ്പെടെ). ഇതിനായി നഗരസഭ വികേന്ദ്രീകൃതാസൂത്രണ പദ്ധതിക്കു കീഴിൽ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി (**DPC**)യുടെ അനുമതി തേടേണ്ടാണ്. ഡി.പി.സി.യുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വികസന ഫണ്ടിൽ നിന്നും തുക പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ അക്കൗണ്ടിലേയ്ക്ക് മുൻകൂറായി മാറ്റാവുന്നതാണ്. നഗരസഭയുടെ ആനുപാതിക വിഹിതം അടയ്ക്കുന്ന മുറയ്ക്ക് മാത്രമേ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ നഗരസഭയ്ക്ക് നൽകുകയുള്ളൂ.

5. പദ്ധതിയുടെ നാലാം ലംബഘടകമായ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിന് മാതൃക പ്രകാരമുള്ള സാമ്പത്തിക സഹായം ചെയ്യുന്നതിന്റെ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു :

ഗഡു	വിതരണം ചെയ്യുന്ന ഘട്ടം	വിതരണം ചെയ്യുന്ന തുക (%)	വിലയിരുത്തൽ/ റിപ്പോർട്ട്	നിബന്ധനകൾ
ആദ്യ ഗഡു	കരാറിൽ ഏർപ്പെട്ടപ്പോൾ	10		• ഗുണഭോക്താവ് സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ടയാളാണെന്ന് (ഇ.ഡബ്ല്യു.എസ്) തെളിയിക്കുന്ന രേഖ • നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റെ നിയമപരമായ ഉടമസ്ഥത തെളിയിക്കുന്ന രേഖ (പ്രസ്തുത വസ്തുവിൽ നിയമപരമായി നിർമ്മാണത്തിന് അനുമതി നൽകുന്ന രേഖ) • അംഗീകരിക്കപ്പെട്ട പ്ലാൻ (പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി) • കൂട്ടുടമസ്ഥതയുള്ള സാഹചര്യങ്ങളിൽ മറ്റ് കുടുംബാംഗങ്ങളുടെ നോട്ടറി അറ്റസ്റ്റ് ചെയ്ത സമ്മതപത്രം • സ്ഥലത്തിന്റെ ഉടമസ്ഥൻ പുരുഷനാണെങ്കിൽ കുടുംബത്തിലെ വനിതാ അംഗത്തിന് കൂടി ഉടമസ്ഥത നൽകുന്ന സമ്മത പത്രം (നോട്ടറി അറ്റസ്റ്റ് ചെയ്തത്) • ഗുണഭോക്താവിന്റെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ • വീട് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഒരു ഫോട്ടോ

രണ്ടാം ഗഡു	അടിത്തറ പൂർത്തിയാക്കുന്ന മുറയ്ക്ക്	40	• ക്ലസ്റ്റർ വികസന സമിതി റിപ്പോർട്ട് അല്ലെങ്കിൽ കുടുംബശ്രീ എഡിഎസ്സിന്റെ ശുപാർശ • അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുള്ള പി.എം.എ.വൈ സെല്ലുകളിൽ പ്രസ്തുത സെല്ലുകളുടെ ശുപാർശ	• അംഗീകരിക്കപ്പെട്ട ഡി.പി.ആറിന് അനുസൃതമായി വിസ്തൃതി, വർക്ക് പ്ളാൻ, ഗുണനിലവാരം എന്നിവ പാലിച്ചുകൊണ്ട് അടിത്തറയുടെ നിർമ്മാണം പൂർത്തീകരിക്കൽ
മൂന്നാം ഗഡു	തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കൽ	40	• ക്ലസ്റ്റർ വികസന സമിതി റിപ്പോർട്ട് അല്ലെങ്കിൽ കുടുംബശ്രീ എഡിഎസ്സിന്റെ ശുപാർശ • അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റിനെ നിയമിച്ചിട്ടുള്ള പി.എം.എ.വൈ സെല്ലുകളിൽ പ്രസ്തുത സെല്ലുകളുടെ കൂടി ശുപാർശ (അല്ലാത്ത സ്ഥലങ്ങളിൽ നഗരസഭാ സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട്)	• അംഗീകരിക്കപ്പെട്ട ഡി.പി.ആറിന് അനുസൃതമായി വിസ്തൃതി, വർക്ക് പ്ളാൻ, ഗുണനിലവാരം, എന്നിവ പാലിച്ചുകൊണ്ട് മേൽക്കൂര വരെയുള്ള നിർമ്മാണം പൂർത്തീകരിക്കൽ
നാലാം ഗഡു	നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം	10	• ക്ലസ്റ്റർ വികസന സമിതി റിപ്പോർട്ട് അല്ലെങ്കിൽ കുടുംബശ്രീ എഡിഎസ്സിന്റെ ശുപാർശ	• നഗരസഭ വീടിന് കെട്ടിട നമ്പർ നൽകിയതിനു ശേഷം അവസാന ഗഡു വിതരണം ചെയ്യുന്നതാണ്.

			• പി.എം.എ.വൈ സാങ്കേതിക സെല്ലിന്റെ ശുപാർശ	• അംഗീകരിക്കപ്പെട്ട ഡി.പി.ആറിന് അനുസൃതമായി വിസ്തൃതി, വർക്ക് പ്ളാൻ, ഗുണനിലവാരം, എന്നിവ പാലിച്ചുകൊണ്ട് അടുക്കള, കുളിമുറി, കക്കൂസ്, വാതിലുകൾ, ജനാലകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം

6. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ നാലാം ലംബഘടകമായ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ-വിപുലീകരണ മാതൃക പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിബന്ധനകൾ:

1) വസ്തുവിന്റെ കൈവശാവകാശ രേഖയുള്ള ഗുണഭോക്താക്കൾക്ക് വേറെ ഭൂമിയില്ലാത്ത പക്ഷം പിഎംഎവൈ പദ്ധതി പ്രകാരം ആനുകൂല്യം നൽകാവുന്നതും വീടുകൾ നിർമ്മിക്കാവുന്നതുമാണ്. പ്രസ്തുത ഗുണഭോക്താവിന് വേറെ ഭൂമിയില്ലാത്ത പക്ഷം നഗരസഭകൾ കൈവശാവകാശ രേഖയുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകേണ്ടതാണ്.

2) കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും പദ്ധതിയുടെ നാലാം ലംബഘടകമായ ഗുണഭോക്തൃകേന്ദ്രീകൃത നിർമ്മാണത്തിനു കീഴിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള കൈവശ ഭൂമിയുടെ കുറഞ്ഞ സ്ഥല വിസ്തൃതി ഒരു സെൻറായി നിജപ്പെടുത്തുന്നു. ഇത്തരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വീടുകൾക്ക് നഗരസഭകൾ ബിൽഡിംഗ് പെർമിറ്റ് നൽകേണ്ടതാണ്.

3) കൂട്ടുടമസ്ഥതയിലുള്ള വസ്തുവിൽ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് മറ്റ് ഉടമസ്ഥരിൽ നിന്നുള്ള നോട്ടറി അറ്റസ്റ്റ് ചെയ്ത നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മുദ്രപ്പത്രത്തിൽ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വീടുകൾക്ക് നഗരസഭകൾ ബിൽഡിംഗ് പെർമിറ്റ് നൽകേണ്ടതാണ്.

4) പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആധാരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയുടെ പക്കൽ പദ്ധതിയുടെ അവസാനഘട്ട ആനുകൂല്യം നൽകുന്ന തീയതി മുതൽ 7 വർഷക്കാലത്തേയ്ക്ക് സൂക്ഷിക്കേണ്ടതാണ്. വീടിൻറെ നിർമ്മാണത്തിന് / വിപുലീകരണത്തിന് ബാങ്ക് ലോൺ ആവശ്യമായി വരുന്ന പക്ഷം നഗരസഭയും ഗുണഭോക്താവും ബാങ്കും തമ്മിൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടുകൊണ്ട് ആധാരം ബാങ്കിന് നൽകാവുന്നതാണ്. ലോൺ തിരിച്ചടവ് പൂർത്തിയാകുന്ന മുറയ്ക്ക് ആധാരം തിരികെ നഗരസഭയ്ക്ക് നൽകേണ്ടതാണ്.

7. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ നാലാം ലംബഘടകമായ

ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണ-വിപുലീകരണ മാതൃക പ്രകാരമുള്ള ഭവന വിപുലീകരണ പ്രവർത്തനങ്ങൾക്കുള്ള നിബന്ധനകൾ :

ഭവന വിപുലീകരണത്തിനുള്ള സാമ്പത്തിക സഹായം താഴെപ്പറയുന്ന ഘട്ടങ്ങളിൽ വിതരണം ചെയ്യേണ്ടതാണ്:

ഗഡുക്കൾ	വിതരണം ചെയ്യുന്ന തുക (%)	ഘട്ടം
ഒന്നാം ഗഡു	10	കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക്
രണ്ടാം ഗഡു	65	ലിൻറൽ ലെവൽ വരെയുള്ള നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക്
മൂന്നാം ഗഡു	25	വിപുലീകരണം പൂർത്തീകരിക്കുന്ന മുറയ്ക്ക്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
ഗവണ്മെന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, അർബൻ ഹൗസിംഗ് മിഷൻ
പ്രോജക്ട് ഡയറക്ടർ, കേരള സുസ്ഥിര നഗരവികസന പദ്ധതി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന പദ്ധതി അധിക സംസ്ഥാന വിഹിതം 2016-17 വാർഷിക പദ്ധതി ഗ്രീൻബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി നൽകിയത് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ). 1842 /16/തസ്വഭവ തിരുവനന്തപുരം, തീയതി, 04.06.16

പരാമർശം: സ.ഉ.(സാധാ)537/15/തസ്വഭവ തീയതി 09.02.2016

ഉത്തരവ്

ഇന്ദിര ആവാസ് യോജന പദ്ധതിയുടെ 2016-17 വർഷത്തെ അധിക സംസ്ഥാന വിഹിതമായ 100 ലക്ഷം രൂപയ്ക്കുള്ള പദ്ധതി പ്രവർത്തനത്തിന് പരാമർശം ഉത്തരവ് പ്രകാരം അംഗീകാരം നൽകിയത് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി ഐ ഷെഷ്ട്പതീത്
സ്പെഷ്യൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി (പ്ലാനിങ് ബോർഡ്)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ്
6. ധനകാര്യ(പ്ലാനിങ്ബി) വകുപ്പ് (പ്ലാനിങ്-ബി2/7/16/ ധന തീയതി 18.03.2016
7. ഡയറക്ടർ, ഐ.കെ.എം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന – തറ വിസ്തീർണ്ണം പരമാവധി 66 m2 ൽ നിന്നും 25% വരെ അധികരിക്കുന്നത് അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ(കൈ) നം. 2008 /2016/തസ്വഭവ തിരുവനന്തപുരം, തീയതി, 28.06.2016

പരാമർശം: 1. സ.ഉ.(സാധാ) നം. 333/2013/തസ്വഭവ. തീയതി 06-02-2013
2. സ.ഉ.(സാധാ) നം. 3186/14/തസ്വഭവ. തീയതി 03-12-2014

ഉത്തരവ്

ഇന്ദിരാ ആവാസ് യോജന പ്രകാരം നിർമ്മിക്കുന്ന ഭവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള തറ വിസ്തീർണ്ണം പരാമർശം (1) പ്രകാരം 66 ചതുരശ്ര മീറ്ററായി വർദ്ധിപ്പിച്ചിരുന്നു. തറ വിസ്തീർണ്ണം 66 ച.മീറ്ററിലും അധികരിച്ച എന്ന കാരണത്താൽ പല ഗുണഭോക്താക്കൾക്കും ബ്ലോക്ക് പഞ്ചായത്തിൽനിന്നും പണം ലഭിക്കാത്ത അവസ്ഥ സംജാതമായ അവസരത്തിൽ 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽനിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്കു വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചു നൽകുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (2)-ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിന് ശേഷം എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തിയാക്കിയവർക്ക് തറ വിസ്തീർണ്ണം കൂടി എന്ന കാരണത്താൽ തുടർ ഗഡുക്കൾ ലഭിക്കുന്നില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽനിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്കു വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചു നൽകാമെന്ന പരാമർശം (2)-ലെ ഉത്തരവ് 31.03.2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ബി.എസ്. പാവനകുമാരി
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LOCAL ADMINISTRATION (C) DEPARTMENT

No. 22034/C1/LAD
Thiruvananthapuram,dt. 6-3-95

CIRCULAR

Sub:- Acquisition of immovable property by the Panchayats Applicability of land Relinquishment Act and Rules - Clarification issued.

Ref: - Lr . No. C1- 15464/94 dt. 24.5.94 from the Director of Panchayat.

.....

A question whether the provisions in the Kerala Land Relinquishment Act are applicable to surrender of land free of cost to the Panchayat for any developmental activity, was examined by the Government and the following clarification is issued :

The Kerala Land Relinquishment Act, 1958 as applicable in the case of relinquishment of lands by registered holders in favour of Government. The Said Act is not applicable in the case of relinquishment of lands in favor of Panchayats. Section 178 of the Kerala Panchayat Raj Act, 1994 deals with the acquisition of immovable property required by Panchayats. Provisons to the above section needs as follows.

"എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ ഏതെങ്കിലും പഞ്ചായത്തിനെ സ്വകാര്യവിലയ്ക്കു വാങ്ങൽ മുഖാന്തിരമോ അഥവാ സൗജന്യമായ വിട്ടുകൊടുക്കൽ മുഖാന്തിരമോ സ്ഥാവരവസ്തു ആർജ്ജിക്കുന്നതിൽനിന്നും തടയുന്നതായി കണക്കാക്കാവുന്നതല്ല

From this it can be seen that if a Panchayat requires any property for a public purpose, that Panchayat is not prevented from acquiring it either through private purchase or by free surrender. In brief the Panchayats can acquire lands under section 178 of the Kerala Panchayat Raj Act , 1994 but not under the Kerala Land Relinquishment Act, 1958.

K. C. KAMALABAI
Addl. Secretary to Govt.

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന — തറ വിസ്തീർണ്ണം പരമാവധി 66m^2 ൽ നിന്നും 25% വരെ അധികരിക്കുന്നത് അംഗീകരിച്ച് പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം. 110/16/തസ്വഭവ തിരുവനന്തപുരം, തീയതി : 06.08.2016

പരാമർശം - 1.സ.ഉ.(കൈ)നം.2008/2016/തസ്വഭവ തീയതി 28-06-2016.

ഉത്തരവ്

ഇന്ദിരാ ആവാസ് യോജന പ്രകാരം 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തൂർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചുകൊണ്ട് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കു കൂടി ബാധകമാക്കി മേൽ പരാമർശം പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ പഞ്ചായത്ത് നടപ്പിലാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി ഉൾപ്പെടെ പല പദ്ധതികൾക്കും ഇതിന്റെ ഗുണം ലഭിക്കില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2013-14 വർഷം വരെ വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചു നൽകാമെന്ന് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾക്കും കൂടി അനുവദിച്ചു നൽകാമെന്ന മേൽ ഉത്തരവ്, ഇ.എം.എസ് ഭവന പദ്ധതി ഉൾപ്പെടെ പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി.ഡി) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

വളരെ അടിയന്തിരം

ദിജ4 -20560/2016

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 23.08.2016

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ്- പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-16) അന്ത്യോദയ അന്നയോജന (എഎഎവൈ) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) ബഹു.സർക്കാരിൽ നിന്നുള്ള 21.08.16 ലെ തസ്വഭവ/ഡിഡി3/191/2016/തസ്വഭവ നമ്പർ കത്ത്.
2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2014-16) 117-ാമത് റിപ്പോർട്ട്.

സൂചന കത്തിന്റെയും റിപ്പോർട്ടിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. അന്ത്യോദയ അന്നയോജന (എഎഎവൈ) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പും ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി പ്രവർത്തിക്കണമെന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. ബഹു. സർക്കാരിലേക്ക് മറുപടി നൽകേണ്ട വിഷയമായതിനാൽ കാലവിളംബം ഉണ്ടാകാതെ ശ്രദ്ധിക്കണം.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

CHAPTER – 1

RECOMMENDATION IN RESPECT OF WHICH ACTION TAKEN BY GOVERNMENT IS NOT SATISFACTORY AND WHICH REQUIRE REITERATION

Local Self Government Department

Recommendation

(Sl. No:7 Para No: 28)

The Committee finds that the lackadaisical attitude exhibited by the department in identifying beneficiary families under Antyodaya Anna Yojana resulted shortfall in providing 54.617 MT of food grains costing ₹ 16.38 crore to the poorest of the poor families. The Committee understands that responsibility for the preparation of AAY list is with the Local Self Government Department and therefore directs the department to finalise the list urgently and review the same considering the frequent changes in the income of families so listed.

Action Taken

Local Self Government Department on the basis of survey conducted in May-June, 2009, BPL list was prepared and published in February, 2011. Implementation of the project Antyodaya Anna Yojana rests with Food & Civil Supplies Department. Hence preparation of the list of beneficiaries of Antyodaya Anna Yojana project also rest with Food & Civil Supplies Department. The AAY Programme is implemented through Civil Supplies

Department and AAY beneficiaries were identified by Food & Civil Supplies Department themselves. Rural Development Department has no role in the identification of beneficiaries and in the implementation of AAY Scheme.

Further Recommendation

The Committee expresses its dissatisfaction over the Department's reply wherein it was stated that Rural Development Department has no role in the identification of beneficiaries and in the implementation of AAY Scheme.

The Committee opines that a joint effort of Food & Civil Supplies Department, Local Self Government Department and Rural Development Department is required for the successful implementation of AAY Scheme.

The Committee points out that the responsibility for conducting survey and identification of beneficiaries for the AAY scheme is vested with Local Self Government Department.

CHAPTER – II

RECOMMENDATIONS IN RESPECT OF WHICH THE COMMITTEE DO NOT DESIRE TO PURSUE FURTHER IN THE LIGHT OF THE REPLIES FURNISHED BY THE GOVERNMENT

Food & Civil Supplies (B) Department

Recommendation

(Sl. No: 1 Para No: 22)

The Committee notes that identification of Below Poverty Line families under Targeted Public Distribution System in the State was entrusted with

കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ - ആവശ്യമായ ക്രമീകരണങ്ങൾക്കുള്ള അനുമതി നൽകി - ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2924/2016/തസ്വഭവ തിരുവനന്തപുരം, തീയതി : 21-10-2016

പരാമർശം 1. 05/09/2016-ലെ പഞ്ചായത്ത് ഡയറക്ടറുടെ ജെ2-25053/16 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/09/2016 - ലെ 3.15 നമ്പർ തീരുമാനം.
3. സ.ഉ. (സാധാ) നം. 2904/2016/ തസ്വഭവ, തീയതി. 19/10/2016.

ഉത്തരവ്

കേരളത്തിലെ ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. 27/09/2016 -ൽ ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ വച്ച നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഇക്കാര്യം പരിഗണിക്കുകയും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ കേരളത്തിലെ ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

1. സർവ്വേ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന ഫോറം ഉപയോഗിക്കേണ്ടതാണ്.
2. സർവ്വേ നടത്തുന്ന കുടുംബശ്രീ/അംഗൻവാടി വർക്കർ എന്നിവർക്ക് വീടൊന്നിന് 20 രൂപയും വിവരങ്ങൾ ഡേറ്റാ എൻട്രി നടത്തുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് 5/- രൂപയും പ്രതിഫലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതിനല്കുന്നു.

3. ക്രമനമ്പറിട്ട ഫാറങ്ങൾ അച്ചടിക്കുന്നതിന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയ്ക്ക് വേണ്ടി വരുന്ന തുക തനത് ഫണ്ട്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനുള്ള അനുമതിനല്കുന്നു

4. പ്രാദേശികമായി സർവ്വേ സംബന്ധിച്ച് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് (മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ്, പത്രമാധ്യമങ്ങൾ) പ്ലാൻ ഫണ്ട്/തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതിനല്കുന്നു

5. തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, പൂവ്വാർ, കരകുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് സർവ്വേ നടത്തുന്നതിനുള്ള അനുമതിനല്കുന്നു

6. സർവ്വേയ്ക്ക് വേണ്ടിയുള്ള വെബ്ബ് അധിഷ്ഠിത സോഫ്റ്റ് വെയർ, ഫോട്ടോ അപ് ലോഡ് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം
കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം
മാനേജർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകിരക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ക്രമ നമ്പർ

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

ഭവനരഹിത - ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള സർവ്വേ ഫോറം- 2016

ഗ്രാമ പഞ്ചായത്ത്..... ബ്ലോക്ക്..... ജില്ല.....

വാർഡ് നമ്പർ..... വാർഡിന്റെ പേര്.....

(ബാധകമായ കോളത്തിൽ ✓ രേഖപ്പെടുത്തുക)

1. കുടുംബനാഥന്റെ/നാഥയുടെ പേര് : (സ്ത്രീ ☐ പുരുഷൻ ☐)
2. മേൽവിലാസം :
3. വീട്ടുനമ്പർ : ☐ സ്വന്തം ☐ വാടക ☐
4. റേഷൻകാർഡ് നമ്പർ :
5. ആധാർ നമ്പർ :
6. ഇലക്ഷൻ ഐ.ഡി കാർഡ് നമ്പർ :
7. കുടുംബാംഗങ്ങളുടെ വിവരം

(കുടുംബനാഥന്റെ/നാഥയുടെ പേര് ഒന്നാമതായി നൽകുക)

ക്രമ നം.	പേര്	വയസ്സ്	തൊഴിൽ		മുൻഗണന കോഡ് (ചുവടെ പറയും പ്രകാരം)	വൈകല്യത്തിന്റെ ശതമാനം(ബാധകമെങ്കിൽ)
			ഉണ്ട്/ ഇല്ല	തൊഴിൽ തരം*		
1						
2						
3						
4						
5						
6						
7						
8						
9						
10						

മുൻഗണനാ കോഡുകൾ

1. ഭിന്നലിംഗക്കാർ ☐ **2.** ഗുരുതര/ മാരക രോഗമുള്ളവർ ☐ **3.**വിധവകൾ ☐ **4.**അഗതികൾ ☐
5.വരുമാന മാർഗ്ഗത്തിന് പ്രാപ്തിയില്ലാത്ത പുരുഷൻ ☐ **6.** അംഗ വൈകല്യമുള്ളവർ ☐
7. മാനസിക വെല്ലുവിളി നേരിടുന്നവർ ☐ **8.**അവിവാഹിതരായ അമ്മമാർ ☐

8. കുടുംബം ഉൾപ്പെടുന്ന വിഭാഗം : ജനറൽ ☐ പട്ടികജാതി ☐ പട്ടികവർഗ്ഗം ☐ മത്സ്യത്തൊഴിലാളി ☐
9. കുടുംബ വാർഷിക വരുമാനം : ☐

10. എ.പി.എൽ/ബി.പി.എൽ : APL ☐ BPL ☐

11. നാല് ചക്ര വാഹനമുള്ള കുടുംബമാണോ: അതെ ☐ അല്ല ☐

12. സ്ത്രീകൾ മാത്രമുള്ള കുടുംബമാണോ : അതെ ☐ അല്ല ☐

വീട് സംബന്ധിച്ച വിവരങ്ങൾ

13. നിലവിൽ സ്വന്തമായി വീടുണ്ടോ : ഉണ്ട് ☐ ഇല്ല ☐

14. ഉണ്ടെങ്കിൽ വീടിന്റെ വിവരം : കെട്ടിട നമ്പർ .....

എ) ഉപയോഗയോഗ്യമായ ശൗചാലയം ഉണ്ടോ : ഉണ്ട് ☐ ഇല്ല ☐

ബി) വൈദ്യുതികണക്ഷൻ ഉണ്ടോ : ഉണ്ട് ☐ ഇല്ല ☐

സി) കുടിവെള്ള സ്രോതസ്സ് ഉണ്ടോ : ഉണ്ട് ☐ ഇല്ല ☐

പൈപ്പ് ☐ കിണർ ☐

ഡി) വീടിന്റെ പഴക്കം : .....വർഷം.

ഇ) മേൽക്കൂരയുടെ തരം : ഓല ☐ ഓട് ☐ ടെറസ്സ് ☐ ഷീറ്റ് ☐

എഫ്) വാസയോഗ്യമാണോ : അതെ ☐ അല്ല ☐

ഭൂമി സംബന്ധിച്ച വിവരങ്ങൾ

15. ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമിയുണ്ടോ : ഉണ്ട് ☐ ഇല്ല ☐

16. കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം :

(എ) വിസ്തീർണ്ണം .....ആർ(.....സെന്റ്) (ബി) സർവ്വേ/റീസർവ്വേ നമ്പർ.....

(സി)ബ്ലോക്ക് നമ്പർ.....(ഡി) വില്ലേജ്.....(ഇ)താലൂക്ക്.....

(എഫ്) വനഭൂമിയിലോ പട്ടയമില്ലാത്ത ഭൂമിയിലോ ഉൾപ്പെട്ടതാണോ? അതെ ☐ അല്ല ☐

(ജി) ഭൂമിയുടെ തരം

നിലം		നിലം നികത്ത്		പുരയിടം	

17. ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്ത്,സർക്കാർ വകുപ്പുകൾ എന്നിവയിൽ നിന്നും ഭൂമി/ഭവന നിർമ്മാണം/ഭവനപുന രുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ ? : ഉണ്ട്/ഇല്ല

18. ഉണ്ടെങ്കിൽ വിശദവിവരങ്ങൾ(ബാധകമായത് നൽകുക)

ക്രമ.നം:	ധനസഹായം ലഭ്യമായ പദ്ധതി	ലഭ്യമായ വർഷം	പദ്ധതിലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ	ഇല്ല എങ്കിൽ കാരണം
1	ഭൂമി			
2	ഭവന നിർമ്മാണം			
3	ഭവന പുനരുദ്ധാരണം			

സ്ഥലം.....
തീയതി...../...../.....

കുടുംബ നാഥന്റെ/നാഥയുടെ/അംഗത്തിന്റെ പേര്, ഒപ്പ്

മൊബൈൽ നമ്പർ.....

എ.ഡി.എസ്പ്രസിഡന്റ്/സെക്രട്ടറി/അംഗത്തിന്റെ പേര്, ഒപ്പ് .....

അംഗൻവാടി വർക്കറുടെ പേര്, ഒപ്പ് .....

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഇന്ദിര ആവാസ് യോജന — തറ വിസ്തീർണ്ണം - പരമാവധി 66m² ൽ നിന്നും 25% വരെ അധികരിക്കുന്നത് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഭവനപദ്ധതികൾക്കു പുറമെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(കൈ)നം.56/17/തസ്വഭവ തീയതി,തിരുവനന്തപുരം : 16/03/2017

പരാമർശം - 1. സ.ഉ(കൈ)നം.2008/2016/തസ്വഭവ തീയതി 28-06-2016.
2. സ.ഉ(കൈ)നം. 110/16/തസ്വഭവ തീയതി : 06/08/2016.
3. വീകേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മറ്റിയുടെ 14/11/2016 ലെ യോഗത്തിലെ 3.19 നമ്പർ തീരുമാനം.

ഉത്തരവ്

ഇന്ദിര ആവാസ് യോജന പ്രകാരം 2013-14 വർഷം വരെ എഗ്രിമെന്റ് വച്ച് വീടുപണി പൂർത്തീകരിച്ചതും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിലും അധികരിച്ചതുമായ ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കളായ കുടുംബങ്ങൾക്ക് പരമാവധി 66 ചതുരശ്ര മീറ്ററിൽ നിന്നും 25% അധികരിക്കാമെന്ന നിബന്ധനയ്ക്ക് വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും അനുവദിച്ചുകൊണ്ട് 31-3-2016 വരെ എഗ്രിമെന്റ് വച്ച ഇന്ദിര ആവാസ് യോജന ഗുണഭോക്താക്കൾക്കും, ഇ എം എസ് ഭവന പദ്ധതി ഉൾപ്പെടെ പഞ്ചായത്തുകൾ നടപ്പാക്കുന്ന മുഴുവൻ ഭവന പദ്ധതികൾക്കും കൂടി ബാധകമാക്കി പരാമർശം ഒന്ന്, രണ്ട് പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നില്ല എന്ന് പരാതിപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച വീകേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മറ്റിയുടെ പരാമർശം 3-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം ഒന്നും രണ്ടും ഉത്തരവുകൾ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് കൂടി ബാധകമാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച് വീട് നിർമ്മാണം ആരംഭിച്ചെങ്കിലും പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക ധന സഹായം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം. 804/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 21-03-2017

==========

പരാമർശം: - 1. 17-02-2011-ലെ ജി.ഒ.(ആർ.ടി) നം.497/11/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്
2. 10-12-2013-ലെ ജി.ഒ.(ആർ.ടി)നം. 3033/13//എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്
3. നെടുമ്പന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 10-11-2016-ലെ എ 4. 250/16 നമ്പർ നിവേദനം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മുൻകാലങ്ങളിൽ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട് വീട് നിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക ധന സഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരം ഇന്ദിര ആവാസ് യോജന ഒഴികെയുള്ള ഭവന പദ്ധതികൾക്ക് മാത്രം ടി ആനുകൂല്യം ബാധകമാക്കുകയുണ്ടായി. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ധാരാളം കുടുംബങ്ങൾ ഇന്ദിര ആവാസ് യോജന ഭവന പദ്ധതിപ്രകാരം വീട് നിർമ്മാണം ആരംഭിച്ചെങ്കിലും പണി പൂർത്തിയാക്കാത്ത സാഹചര്യം ഉണ്ടായതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക സഹായം അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം നെടുമ്പന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരാമർശ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച് വീട് നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കും ബാധകമാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പ്രസിഡന്റ്, നെടുമ്പന ഗ്രാമ പഞ്ചായത്ത്
4. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രാദേശിക ഭരണ നിർവ്വഹണം

സർക്കാർ ഉത്തരവുകൾ
സർക്കുലറുകൾ

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581

ഒരുമ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് ലിമിറ്റഡ് തൃശ്ശൂർ 9562625050